പിറന്ന നാടിന്റെ
മക്കളാവുക

ജനിച്ച മണ്ണിന്റെ
ഉപ്പാവുക

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

വരാപ്പുഴ ഗ്രാമപഞ്ചായത്തു്

വികസന റിപ്പോർട്ട് '96

ശക്തിയുടെ കലവറയായ ബദാമും മറ്റ് 13 ആയുർവ്വേദ ഔഷധങ്ങളും
ചേർന്ന് നൽകുന്ന ശക്തി

BADAM LEHYAM

ഏത് പ്രായക്കാർക്കും.....

കുടുംബാരോഗ്യത്തിന്റെ ശക്തി സ്രോതസ്സ്

അകാലനര, താരൻ, മുടികൊഴിച്ചിൽ,
ഇവയെ ശമിപ്പിച്ച് മുടിയെ കൂടുതലായി
വളർത്തുന്നു.

മാമ്പൂതൈലം

നിർമ്മാതാക്കൾ

Sindhu Pharmacy
P. B. NO.1, VARAPUZHA - 683 517 (EKM DIST.),
KERALA, S. INDIA

എല്ലാ ഇംഗ്ലീഷ് / ആയുർവ്വേദ
മരുന്നു കടകളിലും
ലഭിക്കുന്നു.

Alphonsa Vpz.

വിരാലൂർ ഗ്രാമപഞ്ചായത്ത്

N
W E
S

കൊട്ടുവളളി പഞ്ചായത്ത്

മേലടുക്കം പഞ്ചായത്ത്

മാവിൻകാട്
വാർഡ് 4

നെല്ലങ്ങാട് പഞ്ചായത്ത്

പുഞ്ചപ്പാടി
വാർഡ് 3

കൂട്ടിനകം
വാർഡ് 2

ചിറയ്ക്കൽ
വാർഡ് 6

ചെട്ടിത്തോട്
വാർഡ് 7

ദേവസ്ഥംപാടം
വാർഡ് 5

മണ്ണംതുരുത്ത്
വാർഡ് 1.

തുണ്ടുള്ളം കടവ്
വാർഡ് 9

ഇടത്തുംകടവ്
തെരുവ്
കോൾപ്പേട്ട്
വാർഡ് 8

വിരാലൂർ.
വാർഡ് 10

കുടമുക്കുടി പഞ്ചായത്ത്

ചെമ്പകശ്ശേരി പഞ്ചായത്ത്

ചെമ്പകശ്ശേരി പഞ്ചായത്ത്

വരാപ്പുഴ ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്, 1996

I. ആമുഖം

II. സാമൂഹ്യ സാംസ്കാരിക ചരിത്രം

III. ഭൂപ്രകൃതിയും വിഭവങ്ങളും

IV. വിവിധ വികസന തുറകളെക്കുറിച്ചുള്ള അവലോകനം

1. കൃഷിയും ജലസേചനവും
2. മൽസ്യബന്ധനം, മൃഗപരിപാലനം
3. വിദ്യാഭ്യാസം
4. ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം
5. വ്യവസായം
6. ഗതാഗതം, ഊർജ്ജം
7. ഭവനനിർമ്മാണം, സാമ്യൂഹ്യക്ഷേമം
8. സംസ്കാരം
9. വനിതാക്ഷേമം
10. സഹകരണ മേഖല
11. പട്ടികജാതി, പട്ടികവർഗക്ഷേമം
12. വിഭവ സമാഹരണം

Alphonsa Vpz.

ഉള്ളടക്കം

I. ആമുഖം

II. നാടോടി കലാരൂപങ്ങളുടെ ഉത്ഭവം

III. ചരിത്രപരമായ പശ്ചാത്തലം

IV. വിവിധതരം നാടോടി കലാരൂപങ്ങൾ

1. ഗ്രാമപ്രദേശങ്ങളിലെ ഉത്സവങ്ങൾ

2. നാടോടിനൃത്തം, സംഗീതോപകരണങ്ങൾ

3. പാവകളി

4. തോൽപ്പാവക്കൂത്ത്, നിഴൽപ്പാവക്കൂത്ത്

5. കുറത്തിയാട്ടം

6. പുള്ളുവൻപാട്ട്

7. കാക്കാരിശ്ശി നാടകം

8. തെരുവുകലാകാരന്മാർ

9. ഗോത്രകലകൾ

10. ഗോത്രകലകളുടെ പ്രാധാന്യം

V. നാടോടി കലാരൂപങ്ങളുടെ സംരക്ഷണം

VI. ഉപസംഹാരം

VII. ഗ്രന്ഥസൂചി

ആമുഖം

ഗ്രാമീണ ജനതയുടെ സമഗ്രവും സ്ഥായിയായുള്ളതുമായ വളർച്ചയും ഉയർച്ചയുമാണ് വികസനം കൊണ്ട് ലക്ഷ്യമാക്കുന്നത്. സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ വളർച്ചയാണ് യഥാർത്ഥ വികസനം. കാർഷിക വ്യാവസായിക മേഖലകളുടെ വളർച്ച അതു വഴിയുള്ള സാമ്പത്തിക നേട്ടങ്ങൾ, ഭൗതിക സൗകര്യങ്ങൾ, സേവന മേഖലയുടെ ഗുണഫലങ്ങൾ ഇവ എല്ലാ വിഭാഗം ജനങ്ങൾക്കും ഫലപ്രദമായി ലഭിക്കണമെങ്കിൽ ശരിയായ ആസൂത്രണം ആവശ്യമാണ്. ഒരു ഗ്രാമത്തിന്റെ കാർഷിക വ്യാവസായിക മേഖലകളിലുള്ള വളർച്ചയുടെ ഗുണഫലങ്ങൾ എല്ലാവർക്കും എത്തിക്കണമെങ്കിൽ ജനകീയ പങ്കാളിത്തം അനിവാര്യമാണ്. കേന്ദ്രീകൃത ആസൂത്രണത്തിന്റെ പോരായ്മകൾ അനുഭവത്തിലൂടെ മനസിലാക്കി, ജനങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും സാധ്യതകളും അവർ തന്നെ തൊട്ടറിഞ്ഞ് വിഭവശേഷിയുടെ വെളിച്ചത്തിൽ താഴെത്തട്ടിൽ നിന്നും ആരംഭിക്കുന്നതാണ് ജനകീയാസൂത്രണം. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെയായിരിക്കണം 9-ാം പഞ്ചവത്സര പദ്ധതി കേരളത്തിൽ നടപ്പാക്കേണ്ടതെന്ന കേരള സർക്കാരിന്റെയും സംസ്ഥാന പ്ലാനിങ് ബോർഡിന്റെയും നിർദേശങ്ങളുടെ വെളിച്ചത്തിലാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നത്.

വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ നിന്നും 8 പേർ ആലുവയിൽ 1996 സെപ്തംബർ 5 മുതൽ 7 വരെ തീയതികളിൽ നടന്ന ജില്ലാതല പരിശീലന ക്യാമ്പിൽ പങ്കെടുത്തു. സെപ്തംബർ 13-ാം തീയതി വരാപ്പുഴ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ചേർന്ന ഏകദിന പരിശീലന ക്യാമ്പിൽ പഞ്ചായത്തു തലത്തിൽ "ജനകീയാസൂത്രണവും 9-ാം പഞ്ചവത്സര പദ്ധതിയും" എന്ന വിഷയം സംബന്ധിച്ച് പരിശീലന ക്ലാസുകളെടുത്തു. സെപ്തംബർ 19-നും ഒക്ടോബർ 2-നും മദ്ധ്യേ പത്ത് ഗ്രാമസഭായോഗങ്ങളും ആവശ്യമായ പ്രചാരണങ്ങളും നടത്തി, കാര്യപരിപാടികളോടെ നോട്ടീസ് നടത്തി കൂടുകയുണ്ടായി. ഗ്രാമസഭകളിൽ നടന്ന ഗ്രൂപ്പു ചർച്ചകളുടെ വെളിച്ചത്തിൽ ക്രോഡീകരിച്ച ഗ്രാമസഭാ റിപ്പോർട്ടുകൾ തയ്യാറാക്കി. ഗ്രാമസഭകളിലെ പങ്കാളിത്തം താഴെ പറയും പ്രകാരമായിരുന്നു.

വാർഡ് നമ്പർ	യോഗം ചേർന്ന തീയതി	പങ്കെടുത്തവരുടെ എണ്ണം			പങ്കെടുത്ത ഉദ്യോഗസ്ഥരുടെ എണ്ണം	SC/ST അംഗങ്ങളുടെ എണ്ണം
		പു.	സ്ത്രീ	ആകെ		
I	29-9-96	126	26	152	4	6
II	29-9-96	117	63	180	4	29
III	21-9-96	60	42	102	5	7
IV	21-9-96	46	42	88	5	3
V	23-9-96	59	29	88	5	-
VI	2-10-96	46	15	61	9	10
VII	2-10-96	67	25	92	6	8
VIII	22-9-96	75	9	84	5	2
IX	22-9-96	58	28	86	6	-
X	19-9-96	62	54	116	4	-
	ആകെ	716	333	1049	53	75

രണ്ടാം ഘട്ട ജില്ലാതല പരിശീലനം ഏലൂരിൽ വെച്ച് നവംബർ മാസം 5, 6, 7 തീയതികളിൽ നടന്നു. ഗ്രാമസഭാ റിപ്പോർട്ടുകൾ പഞ്ചായത്തു തലത്തിൽ വിഷയാടിസ്ഥാനത്തിൽ 12 ഗ്രൂപ്പുകളായി ക്രോഡീകരിച്ചു. വികസന സെമിനാറിനു മുമ്പുള്ള ഏകദിന പരിശീലന ക്യാമ്പ് നവംബർ 16ന് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്നു. യോഗത്തിൽ ജില്ലാ പരിശീലകർ, പഞ്ചായത്തുതല പരിശീലകർ, ഗ്രൂപ്പ് ലീഡർമാർ, ഗ്രാമപഞ്ചായത്ത് മെമ്പർമാർ, വിവിധ ഗ്രൂപ്പുകളിലെ പഞ്ചായത്ത് തല ഉദ്യോഗസ്ഥന്മാർ എന്നിവർ പങ്കെടുത്തിരുന്നു. വികസന റിപ്പോർട്ടു തയ്യാറാക്കുന്നതിന് 12 വിഷയഗ്രൂപ്പുകൾ നിശ്ചയിച്ചു. പഠന പര്യടനം പഞ്ചായത്തു തല സ്ഥിതി വിവരങ്ങൾ, ദ്വിതീയ സ്ഥിതി വിവര രേഖകൾ എന്നിവ പരിഗണിച്ച് തയ്യാറാക്കിയതാണ് ഈ വികസന റിപ്പോർട്ട്.

Alphonsa Vpz.

വരാപ്പുഴ ഗ്രാമപഞ്ചായത്ത്
വരാപ്പുഴ പി.ഒ.
ഒമ്പതാം പദ്ധതി – ജനകീയ പദ്ധതി

വികസന റിപ്പോർട്ട് – '96

ഭരണവും പൊതുവായ വിവരങ്ങളും

1.	പഞ്ചായത്തിന്റെ പേര്	:	വരാപ്പുഴ ഗ്രാമപഞ്ചായത്ത്
2.	റവന്യൂ വില്ലേജിന്റെ പേര്	:	വരാപ്പുഴ
3.	ബ്ലോക്ക് പഞ്ചായത്തു ഡിവിഷൻ	:	വരാപ്പുഴ പടിഞ്ഞാറ് 4, 5, 6, 7, 8, 9, 10 വാർഡുകൾ വരാപ്പുഴ കിഴക്ക് 1, 2, 3 വാർഡുകൾ
4.	ബ്ലോക്ക് പഞ്ചായത്ത്	:	ആലങ്ങാട്
5.	താലൂക്ക്	:	പറവൂർ
6.	ജില്ലാ	:	എറണാകുളം
7.	അസംബ്ലി മണ്ഡലം	:	ആലുവ
8.	വിസ്തീർണം	:	7.74 സ്കയർ കി.മീറ്റർ
9.	ജനസംഖ്യ	:	22514. പുരുഷന്മാർ : 10953 സ്ത്രീകൾ : 11521
10.	വാർഡുകളുടെ എണ്ണം	:	10
11.	പ്രസിഡൻറിന്റെ പേര്	:	ശ്രീമതി. പ്രസീന പാപ്പച്ചൻ
12.	വൈസ് പ്രസിഡൻറിന്റെ പേര്	:	ശ്രീ. വി.എം. രാഘവൻ
13.	സ്റ്റാൻറിങ് കമ്മിറ്റി ചെയർമാൻ	:	ശ്രീ. ആർ.ബി. രാമൻ
14.	സെക്രട്ടറിയുടെ പേര്	:	ശ്രീ. കെ.വി. രവി
15.	ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ	:	1. ശ്രീ. വി.എ. സെബാസ്റ്റ്യൻ 2. ശ്രീമതി. ട്രീസ ജോസഫ്
16.	ജില്ലാ പഞ്ചായത്ത് മെമ്പർമാർ	:	1. അഡ്വ. പി.എ. അയൂബ് ഖാൻ 2. ശ്രീ. പി.എ. അബ്ദു

17. മെമ്പർമാരും അവർ പ്രതിനിധീകരിക്കുന്ന വാർഡുകളും.

ക്രമ നമ്പർ	മെമ്പറുടെ പേര്	വാർഡ്
1.	ശ്രീ. കെ. എസ്. മുഹമ്മദ്	I
2.	ശ്രീ. ടി.എൻ. സദാനന്ദൻ	II
3.	ശ്രീമതി. പ്രസീന പാപ്പച്ചൻ	III
4.	ശ്രീമതി. ഷീബ ജോസ്	IV
5.	ശ്രീമതി. ബിന്ദു മനോഹരൻ	V
6.	ശ്രീ. വി.എം. രാഘവൻ	VI
7.	ശ്രീ. ആർ.ബി. രാമൻ	VII
8.	ശ്രീ. എം.ഡി. സാബു	VIII
9.	ശ്രീമതി. മേരി. ആർ. പൈ.	IX
10.	ശ്രീമതി മാളിൽ കൊറയ	X

Alphonsa Vpz.

വരാപ്പുഴ ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിച്ചവർ

സംസ്ഥാനതല പരിശീലകർ

ശ്രീ. കെ.എം. രാജേന്ദ്രൻ (കോ- ഓർഡിനേറ്റർ)
ശ്രീ. അഡ്വ. അയൂബ് ഖാൻ (ജി.പ.മെ)

ജില്ലാതല പരിശീലകർ

ശ്രീ. കെ.ആർ. ശങ്കരൻ (കൺവീനർ)
ശ്രീ. പി.എ. ജയപ്രകാശ്
ശ്രീ. എം.ടി. ദേവസ്സി
ശ്രീ. അഡ്വ. ടി.എ. അശോകൻ
ശ്രീമതി. ടി.എസ്. പുഷ്ക്കല
ശ്രീമതി. സെലിൻ ആൻറണി

ഉദ്യോഗസ്ഥർ

ശ്രീ. കുട്ടപ്പൻ.
ശ്രീ. ജി. ചന്ദ്രശേഖരപിള്ള
ശ്രീ. മുഹമ്മദ് സലീം
ശ്രീ. സി.പി. പോൾ

പഞ്ചായത്തു സമിതിയംഗങ്ങൾ, സെക്രട്ടറി, സ്റ്റാഫ്, ഗ്രാമവാസികൾ.

Alphonsa Vpz.

ചരിത്ര സാംസ്കാരിക പശ്ചാത്തലം

പഴയ കൊച്ചി സംസ്ഥാനത്തിലുൾപ്പെട്ട പ്രദേശങ്ങളായിരുന്നു ആലങ്ങാടും, പറവൂരും. ടിപ്പുവിന്റെ ആക്രമണത്തിൽ നിന്നും കൊച്ചിയെ രക്ഷിക്കാൻ സഹായിച്ചതിന് പാരിതോഷികമായി തിരുവിതാംകൂർ മഹാരാജാവിന് സമ്മാനിച്ചതാണ് ആലങ്ങാടും പറവൂരും. അന്നത്തെ ആലങ്ങാട് ദേശത്തുൾപ്പെട്ടതാണ് വരാപ്പുഴ. തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിച്ച് 1949-ൽ തിരുകൊച്ചിയായി. സംസ്ഥാന പുനഃസംഘടനയോടു കൂടി ഭാഷാടിസ്ഥാനത്തിൽ കേരളം രൂപീകരിക്കപ്പെട്ടപ്പോൾ മലബാർ പ്രദേശവും കൂടി തിരുക്കൊച്ചിയോട് ചേർക്കപ്പെട്ടു.

വരാപ്പുഴ പഞ്ചായത്തിന്റെ പൂർവ്വ രൂപം അന്വേഷിക്കുന്ന ഒരാൾ ചെന്നെത്തുന്നത് പഴയ തിരുവിതാംകൂർ സംസ്ഥാനത്തെ വില്ലേജ് യൂണിയനിലായിരിക്കും. കരമടക്കുന്ന ജന്മികൾക്കു മാത്രം വോട്ടവകാശമുണ്ടായിരുന്ന ആ സംവിധാനത്തിൽ നിന്നും പരിണമിച്ച് വരാപ്പുഴ പഞ്ചായത്ത് രൂപം കൊള്ളുന്നത് 1953-ൽ ആണ്. 1949 വരെ കോട്ടയം റവന്യൂ ജില്ലയുടെ ഭാഗമായിരുന്നു ഈ പ്രദേശം. പിന്നീട് തിരുക്കൊച്ചി സംസ്ഥാനത്തിന്റെ ഭാഗമായ തൃശൂർ ജില്ലയുടെ ഭാഗമായി. 1956 നവംബർ ഒന്നു മുതൽ കേരള സംസ്ഥാനം രൂപം കൊണ്ടെങ്കിലും എറണാകുളം ജില്ലയുടെ ഭാഗമായി രൂപപ്പെടുന്നത് 1958-ൽ ആണ്. ഇന്നത്തെ വരാപ്പുഴ ഏലൂർ പഞ്ചായത്തുകൾ ഉൾപ്പെട്ട പ്രദേശമായിരുന്നു വരാപ്പുഴ വില്ലേജ് യൂണിയന്റെയും ആദ്യകാല പഞ്ചായത്തിന്റെയും വ്യാപകാതിർത്തി. 5-3-90ലെ G.O.(MS) No. 34/90 LAD നോട്ടിഫിക്കേഷൻ പ്രകാരമാണ് 1-4-90ൽ വരാപ്പുഴ പഞ്ചായത്ത് വിഭജിക്കപ്പെട്ട് ഇന്നത്തെ രൂപത്തിൽ ഏലൂർ-വരാപ്പുഴ പഞ്ചായത്തുകൾ രൂപീകരിക്കപ്പെട്ടത്. വരാപ്പുഴ വില്ലേജ് യൂണിയന്റെ ആദ്യത്തെ പ്രസിഡണ്ടായിരുന്നു ശ്രീ. പോൾ തളിയത്ത്. അതിനുശേഷം നിലവിൽ വന്ന വരാപ്പുഴ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡണ്ട് ശ്രീ. ടി.കെ. പോൾ ആയിരുന്നു. തുടർന്നു വന്ന പ്രസിഡണ്ടുമാരിൽ കൂടുതൽ കാലം (16 വർഷം) പ്രസിഡണ്ടായി ഭരണം നടത്തിയത് ശ്രീ. എം. വിശ്വനാഥപൈ ആയിരുന്നു. ശ്രീ. കെ.പി. രാഘവൻപിള്ള, ശ്രീ. റാഫേൽ ആൻറണി, ശ്രീ. പയ്യപ്പിള്ളി ബാലൻ എന്നിവർ അവിഭക്ത ഏലൂർ പഞ്ചായത്തിന്റെ പ്രസിഡണ്ടുമാരായിരുന്നു. 1990-ൽ വരാപ്പുഴ പഞ്ചായത്തായി വിഭജിച്ചതിനു ശേഷം ശ്രീ. ബി.ജെ. ലക്ഷ്മണൻ, ശ്രീ. ജോൺസൺ പുനത്തിൽ എന്നിവർ പഞ്ചായത്ത് ഉപദേശക സമിതി പ്രസിഡണ്ടുമാരായിരുന്നു.

വിദേശ മിഷനറിമാരുടെ പ്രധാന പ്രവർത്തന കേന്ദ്രമായിരുന്നു വരാപ്പുഴ. സത്യ ക്രിസ്ത്യാനികൾ എന്ന് അവരെ വിളിച്ചിരുന്നതുകൊണ്ട് അവരുടെ അധിവാസകേന്ദ്രത്തിന് "സത്യപട്ടണം" എന്നർത്ഥം വരുന്ന "വെരാപ്പൊളിസ്" (VERAPOLYS) എന്ന് നാമകരണം ചെയ്തിരുന്നുവെന്നും "വെരാപൊളിസ്" എന്ന പദത്തിൽ നിന്നും കാലാന്തരത്തിൽ വരാപ്പുഴ എന്ന പേരുണ്ടായി എന്നും പറയപ്പെടുന്നു.

പെരുമാക്കന്മാരുടെ വാണിജ്യധനകാര്യമന്ത്രിയുടെ ആസ്ഥാനം ഏലൂരായിരുന്നു. മന്ത്രിയുടെ ഔദ്യോഗികനാമം "ഏലേലചിങ്ങൻ" (സിംഹൻ) എന്നായിരുന്നു. "ഏലൻ" എന്ന ചെന്തമിഴ് വാക്കിന് വരൻ (അധികാരി) എന്നു കൂടി അർത്ഥമുണ്ട്. ആ വാക്കിൽ നിന്ന് വരന്റെ പുഴയായും അതിനു രൂപപരിണാമം സംഭവിച്ച് വരാപ്പുഴയായെന്നും ഐതീഹ്യമുണ്ട്.

മഹാവിഷ്ണുവിന്റെ മൂന്നാമത്തെ അവതാരമായ വരാപ്പുഴയിലെ വരാഹക്ഷേത്രവുമായി ബന്ധപ്പെടുത്തി 'വരാഹപുരം' എന്ന് വിളിച്ചിരുന്നത് ലോപിച്ച് വരാപ്പുഴ എന്ന സ്ഥലനാമം ഉണ്ടായതായും ഐതീഹ്യമുണ്ട്.

ഹ്യൂഡൽ വ്യവസ്ഥയുടെ അവസാന കണ്ണിയായിരുന്നു തേവർകാട്ടിലെ അറക്കൽ ജനാർദ്ദനനായ്ക്കന്റേത്. ചില ശിക്ഷണാധികാരങ്ങൾ അന്നത്തെ ഭരണകർത്താക്കളിൽ നിന്നും ലഭിച്ചിരുന്ന ഒരു നാട്ടു പ്രമാണി കൂടിയായിരുന്നു അദ്ദേഹം.

സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ ചലനങ്ങൾ ഈ ഗ്രാമത്തേയും സ്വാധീനിച്ചിരുന്നുവെങ്കിലും ദേശീയശ്രദ്ധ പിടിച്ചു പറ്റത്തക്ക സംഭവവികാസങ്ങൾ നടന്നതായി അറിവില്ല. എങ്കിലും ഈ പ്രസ്ഥാനവുമായി ബന്ധമുള്ള മുല്ലശ്ശേരി ശ്രീ വർഗീസ് വൈദ്യനും മാരാപറമ്പിൽ ശ്രീ നിക്കോളാസ് വൈദ്യനും ഇന്നും ജീവിച്ചിരിക്കുന്നു.

സ്വാതന്ത്ര്യസമരം ശക്തി പ്രാപിച്ച കാലത്ത് സ്വാതന്ത്ര്യ സമരസന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനും ജനങ്ങളെ ഉൽബുദ്ധരാക്കുന്നതിനും സമരസജ്ജരാക്കുന്നതിനുമുള്ള കോൺഗ്രസ് പ്രവർത്തനങ്ങളും നമ്മുടെ നാട്ടിൽ നടന്നിരുന്നു.

ക്ഷേത്രപ്രവേശനം പോലെയുള്ള സാമൂഹ്യ പരിഷ്കരണ കാര്യത്തിൽ സുപ്രധാനമായ ഒരു പങ്കു വഹിച്ച വ്യക്തിയായിരുന്നു വലിയ വീട്ടിൽ ശ്രീ കമലനാഥപൈ.

Alphonsa Vpz.

ഇന്ത്യൻ കമ്മൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അനിഷേധ്യനായ നേതാവും കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രിയും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സംസ്ഥാന തല സമിതി അധ്യക്ഷനുമായ ശ്രീ. ഇ.എം.എസ്. 1948-ൽ തന്റെ ഏതാനും നാളത്തെ ഒളിവു ജീവിതകാലം കഴിച്ചു കൂട്ടിയത് പുത്തൻപള്ളിയിലെ പാലക്കപ്പറമ്പു തറവാട്ടിലായിരുന്നു എന്നത് അദ്ദേഹത്തിന്റെ ആത്മകഥയിൽ രേഖപ്പെടുത്താത്തതാണെങ്കിലും ഒരു ചരിത്ര യാഥാർത്ഥ്യമായി അവശേഷിക്കുന്നു. ശ്രീ. എൻ.കെ. മാധവൻ, ശ്രീ. ഇ. ബാലാനന്ദൻ മുതലായ രാഷ്ട്രീയ നേതാക്കളും ഏറെ നാൾ ഈ പഞ്ചായത്തതിർത്തിയിൽ പലയിടത്തുമായി ഒളിവു ജീവിതം നയിച്ചിട്ടുണ്ട്.

സമീപ പ്രദേശമായ ചേന്ദമംഗലത്തു നടന്ന പാലിയം സമരത്തിൽ കേളുപ്പറമ്പിൽ ഗോവിന്ദൻ ബൗശ്യനും ആഞ്ഞിലിക്കൽ നാരായണനും പങ്കെടുത്തതായി കേട്ടറിവുണ്ട്.

വരാപ്പുഴ പ്രദേശത്തെ ഭൂവുടമ സ്വഭാവം പരിശോധിച്ചാൽ വ്യക്തി ഭൂവുടമകൾ വളരെ കുറവായിരുന്നതായാണ് കാണുന്നത്. ഭൂമിയിൽ ഭൂരിഭാഗവും തുറവൂർ, ആലപ്പുഴ ദേവസ്വങ്ങളുടേതായിരുന്നു. ഭൂമിയിൽ താമസിച്ചിരുന്നവരിൽ ഭൂരിഭാഗവും പാട്ടക്കുടിയാന്മാരോ കുടികിടപ്പുകാരോ ആയിരുന്നു. ഭൂപരിഷ്കരണ നിയമത്തിന്റെ പ്രാരംഭഘട്ടമായ ഭൂനയബിൽ 1957-ൽ ശ്രീ. ഇ.എം.എസിന്റെ ഭരണകാലത്ത് വന്നതോടെയാണ് കുടികിടപ്പുകാരെ തങ്ങളുടെ കുടിയിടത്തിൽ നിന്നും ഒഴിപ്പിക്കാതിരിക്കാനുള്ള സംരക്ഷണം നിലവിൽ വന്നത്. തുടർന്ന് ഭൂപരിഷ്കരണ നിയമം നടപ്പിൽ വന്നെങ്കിലും അതിനു മുമ്പേ തന്നെ 1969-ൽ വരാപ്പുഴയിലെ ഉന്നത ഭൂവുടമകളായ വലിയ വീട്ടിൽ തറവാട്ടുകാർ സ്വമേധയാ നൂറുപേർക്ക് ശ്രീ. എ.കെ.ജി.യെക്കൊണ്ട് കുടികിടപ്പവകാശം കൊടുപ്പിച്ചത്. ഭൂപരിഷ്കരണ പ്രസ്ഥാനത്തിലെ ഒരു സുപ്രധാന നാഴികക്കല്ലായിരുന്നു. ഭൂപരിഷ്കരണത്തിലൂടെ കുടികിടപ്പുകാർക്കും കർഷകർക്കും മറ്റും ഉടമാവകാശം സിദ്ധിച്ചതോടെ സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും വമ്പിച്ച നേട്ടങ്ങളാണ് ഈ പ്രദേശത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്.

അവിസ്മരണീയരായ വ്യക്തികൾ:-

1. ശ്രീ. എം.പി. പോൾ

മലയാള സാഹിത്യത്തിന്റെ നവോത്ഥാന നായകനും സാഹിത്യ പ്രവർത്തക സംഘം രൂപികരിക്കുന്നതിന് നേതൃത്വം വഹിച്ച ഒരു വ്യക്തിയുമായിരുന്ന "പോൾ സാർ" വരാപ്പുഴയ്ക്ക് നൽകിയത് അഭിമാനകരമായ ഒരു ഭൂതകാലമാണ്.

2. സാഹിത്യ നിപുണൻ ശ്രീ. ടി.എം. ചുമ്മാർ

പ്രശസ്ത സാഹിത്യകാരനും ഭാഷാ പണ്ഡിതനുമായിരുന്ന ശ്രീ. ചുമ്മൻ സാറിന്റെ സേവനങ്ങൾ മലയാളഭാഷയ്ക്കു തന്നെ ഒരു മുതൽക്കൂട്ടാണ്.

3. ശ്രീ. കുഞ്ഞുക്കുട്ടി വൈദ്യൻ

ആയുർവേദ ചികിൽസാരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ആളായിരുന്നു കുഞ്ഞുകുട്ടി വൈദ്യൻ.

4. ശ്രീ. കുഞ്ഞു വൈദ്യൻ

ആയുർവേദ ചികിൽസാരംഗത്തെ ഒരു മികച്ച ആയുർവേദ വൈദ്യനായിരുന്നു കുഞ്ഞുവൈദ്യൻ.

5. ശ്രീ. വെങ്കിടേശ്വരഭട്ട് (വാദ്യാർ)

ഹോമിയോ ചികിൽസാ രംഗത്തെ വരാപ്പുഴയുടെ യശ്ശസുയർത്തിയ ഒരു ദേഹമായിരുന്നു ശ്രീ. വെങ്കിടേശ്വരഭട്ട്.

6. ശ്രീ. സി.പി. പാപ്പച്ചൻ മാസ്റ്റർ

പേ വിഷബാധ ചികിൽസാരംഗത്ത് ഒറ്റമൂലി പ്രയോഗത്തിലൂടെ അനേകരെ രക്ഷിച്ചിട്ടുള്ള ശ്രീ. പാപ്പച്ചൻ മാസ്റ്റർ പ്രാദേശിക സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ ഉണർന്നു പ്രവർത്തിച്ചിട്ടുള്ള വ്യക്തിയും പുത്തൻപള്ളി സെൻറ് ജോർജ് സ്കൂളിന്റെ പ്രധാന അദ്ധ്യാപകനുമായിരുന്നു.

7. അറയ്ക്കൽ ശ്രീ. ജനാർദ്ദന നായ്ക്കൻ

വിഷ ചികിൽസാരംഗത്ത് വളരെ പ്രഗത്ഭനായിരുന്നു നാട്ടു പ്രമാണി കൂടിയായ അറയ്ക്കൽ ശ്രീ. ജനാർദ്ദന നായ്ക്കൻ.

8. ശ്രീ. ടി.ഡി. ജോസഫ് (പപ്പൻ)

വോളിബോൾ രംഗത്ത് അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ച ശ്രീ. ടി.ഡി. ജോസഫ് (പപ്പൻ) വരാപ്പുഴയുടെയും ഇന്ത്യയിലെ കായിക പ്രേമികളുടെയും അഭിമാനമായിരുന്നു.

Alphonsa Vpz.

പുരാതന ആരാധനാലയങ്ങൾ:–

1. തിരുമുപ്പം മഹാദേവ ക്ഷേത്രം:–

ഏ.ഡി. 1400–ന് മുമ്പേ തന്നെ പഞ്ചായത്തിന്റെ വടക്കുഭാഗത്തായി ശിവക്ഷേത്രം നിലനിന്നിരുന്നതായി രേഖകൾ ഉണ്ട്. ഏ.ഡി. 1400–ൽ എഴുതപ്പെട്ട "കോക സന്ദേശം" എന്ന കാവ്യത്തിന്റെ കർത്താവ് തിരുമുപ്പം ക്ഷേത്രം സന്ദർശിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ക്ഷേത്രത്തിന്റെ ദർശനം ഇന്നത്തെ നിലയിൽ കിഴക്കോട്ടായതിന് ഒരു ഐതീഹ്യം പറഞ്ഞു കേൾക്കുന്നുണ്ട്. ഐതീഹ്യ പ്രശസ്തനായ വില്യമംഗലം ക്ഷേത്രദർശനത്തിന് വരികയും താൻ കുളി കഴിഞ്ഞു വന്നിട്ടേ പൂജ നടത്താവൂ എന്ന് പൂജാരിയോട് നിർദേശിക്കുകയും ചെയ്ത നമ്പൂതിരി കുളി കഴിഞ്ഞു ശുദ്ധി ചെയ്തു വന്നപ്പോൾ പൂജ കഴിഞ്ഞിരുന്ന കാഴ്ചയാണ് കണ്ടത്. തന്നെയുമല്ല പൂജാരി അദ്ദേഹത്തെ ആക്ഷേപിക്കുകയും ചെയ്തു. ദുഃഖിതനായ വില്യമംഗലം ദർഭകൊണ്ട് ഗർഭഗ്രഹത്തെ ചുറ്റി വലിച്ചുവെന്നും അങ്ങിനെ പടിഞ്ഞാട്ടു തിരിഞ്ഞിരുന്ന ദേവന്റെ ദർശനം കിഴക്കോട്ടായി എന്നുമാണ് ഐതീഹ്യം. ഈ സ്ഥലത്തിന് തിരുമുപ്പം എന്നു പേരുണ്ടാകാൻ കാരണവും ഇതാണത്രെ.

2. വരാപ്പുഴ കർമ്മലമാതാ പള്ളി

ക്രിസ്തുമത പ്രചാരണത്തിനായി 16–ാം നൂറ്റാണ്ടിന്റെ 6–ാം ശതകത്തിൽ കേരളത്തിലെത്തിയ കർമ്മലീത്ത മിഷനറിമാരാണ് പെരിയാറിന്റെ തീരത്ത് തലയുയർത്തി നിൽക്കുന്ന മനോഹരമായ ക്രൈസ്തവ ദേവാലയങ്ങളുടെ മാതാവായ വരാപ്പുഴ കർമ്മലമാതാപള്ളിയുടെ സ്ഥാപകർ. മലബാർ പ്രദേശമൊഴിച്ചാൽ കേരളത്തിൽ അന്നുണ്ടായിരുന്ന മുഴുവൻ പള്ളികളുടെയും ക്രൈസ്തവ വിശ്വാസികളുടെയും മെത്രാസനമായിരുന്നു വരാപ്പുഴ. കിഴക്ക് കോയമ്പത്തൂരും തെക്ക് കന്യാകുമാരിയുമുൾപ്പെടെയുള്ള പ്രദേശങ്ങളിലെ ക്രൈസ്തവർ ഈ മെത്രാസനത്തിന്റെ കീഴിലായിരുന്നു എന്നത് വരാപ്പുഴയുടെ പഴയ പ്രതാപകാലം ഓർമ്മിപ്പിക്കുന്നു. അന്നത്തെ ഒരു മതപരിവർത്ത കേന്ദ്രവും കൂടിയായിരുന്നു വരാപ്പുഴ.

3. ശ്രീ വരാഹക്ഷേത്രം

ഗൗഡ സാരസ്വത ബ്രാഹ്മണരുടെ വരാപ്പുഴയിലെ ഒരു പുരാതന ക്ഷേത്രമാണിത്. ഈ ക്ഷേത്രത്തിലെ ആദ്യ പ്രതിഷ്ഠ ഉഗ്രമൂർത്തിയായ നരസിംഹാവതാരമായിരുന്നുവെന്നും ദേവപ്രീതിക്കായ് ചെയ്തിരുന്ന പൂജാദികർമ്മങ്ങൾ ദേവന് തൃപ്തികരമാകാതിരുന്നതിനാൽ പൂജാരിക്ക് അഗ്നിബാധ ഉണ്ടായി എന്നും പ്രശ്നത്തിൽ ഉഗ്രമൂർത്തിയായ നരസിംഹ പ്രതിഷ്ഠയ്ക്ക് യോജിച്ച സ്ഥലമല്ലെന്നും കണ്ടതിനാൽ പ്രതിഷ്ഠ കർണ്ണാടകത്തിലെ മുൽക്കി എന്ന സ്ഥലത്തേയ്ക്ക് മാറ്റി പ്രതിഷ്ഠിച്ചു എന്നും പകരമായി വരാഹ പ്രതിഷ്ഠ ഇവിടെ നടത്തിയെന്നുമാണ് ഐതിഹ്യം. ഈ സ്ഥലത്തിനു വരാഹപുരം എന്ന പേര് പണ്ടുണ്ടായിരുന്നതായി രേഖകളിൽ കാണുന്നു.

4. കുറ്റിക്കാട്ടു ശ്രീ ജയദുർഗ ദേവീക്ഷേത്രം

വരാപ്പുഴയിലെ ഒരു പുരാതന ക്ഷേത്രമാണ് കുറ്റിക്കാട്ട് ശ്രീ ജയദുർഗാദേവി ക്ഷേത്രം. ദിവ്യ ചൈതന്യമൂർത്തിയായ ഭഗവതി കുറ്റിക്കാട്ടിൽ സ്വയംഭൂവായി അവതരിച്ചു എന്നാണ് ഐതിഹ്യം. 'കർത്താക്കന്മാർ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വലിയ വീട്ടിൽ കുടുംബക്കാരാണ് ഈ ക്ഷേത്രം നിർമ്മിച്ചത്.

5. പുത്തൻപള്ളി സെൻറ് ജോർജ്ജസ് ദേവാലയം

1788–ലാണ് പുത്തൻപള്ളി സെൻറ് ജോർജ്ജസ് ദേവാലയം പണി കഴിപ്പിച്ചത്. പുതിയതായി പണി കഴിപ്പിച്ച പള്ളിയായതുകൊണ്ട് ഇതിന് പുത്തൻപള്ളി എന്നു പേരുവന്നു. ഈ "പുത്തൻപള്ളി"യുടെ പേരുമായി ബന്ധപ്പെടുത്തിയാണ് ഈ പള്ളിയിരിക്കുന്ന പ്രദേശത്തിന് പുത്തൻപള്ളി എന്നു പേരുണ്ടായതെന്ന് പറയപ്പെടുന്നു. 1866–ൽ ഇന്ന് കോൺവെൻറിരിക്കുന്ന സ്ഥലത്ത് സ്ഥാപിച്ച സെമിനാരി 66 വർഷങ്ങൾക്കുശേഷം 1932–ൽ ഈ സെമിനാരിയുടെ വികസനത്തിനു വേണ്ട സ്ഥലം ലഭിക്കായ്കയാൽ ആലുവായിൽ മംഗലപ്പുഴയിലേയ്ക്ക് മാറ്റി സ്ഥാപിച്ചു.

ഇവ കൂടാതെ പുരാതനവും അല്ലാത്തവയുമായ ആരാധനാലയങ്ങൾ നിലനിൽപ്പുണ്ട്.

ഭൂപ്രകൃതി

പെരിയാർ നദിയുടെ ഡൽറ്റാ പ്രദേശമാണ് വരാപ്പുഴ പഞ്ചായത്ത്. മൂന്നു വശവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്നു. പെരിയാർ നദിയുടെ ശാഖകളാണ് കിഴക്കും തെക്കും പടിഞ്ഞാറും ഭാഗങ്ങളിൽ ഒഴുകുന്ന പുഴകൾ. തീരസമതലമാണ് പഞ്ചായത്തിന്റെ പൊതുവായ ഭൂപ്രകൃതി. മദ്ധ്യഭാഗം

Alphonsa Vpz.

അൽപം ഉയർന്നും ഇരുഭാഗത്തേയ്ക്കും ചരിവുമാണ്. ചരിവുള്ള ഭാഗങ്ങളിലെ താഴ്ന്ന പ്രദേശങ്ങൾ ചില ഭാഗങ്ങൾ നീർവാഴ്ചയ്ക്കുള്ള തോടുകൾ അടഞ്ഞു പോയിട്ടുള്ളതുകൊണ്ട് വെള്ളക്കെട്ടുണ്ട്. പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗം പൊക്കാളിപ്പാടങ്ങളാണ്. പ്രധാനമായും തേവർകാട്, ചിറയ്ക്കകം, ദേവസ്വംപാടം തുണ്ടത്തും കടവു വാർഡുകൾ, പുത്തൻപള്ളി വാർഡും, ചെട്ടിഭാഗം വാർഡും മാത്രമാണ് കുറച്ച് ഉയർന്ന പ്രദേശങ്ങൾ.

ഭൂപ്രകൃതി	തീര സമതലം	പടിഞ്ഞാറോട്ട് ചരിവുള്ള പ്രദേശം	ഉയർന്ന ഭാഗം	കിഴക്കോട്ട് ചരിവുള്ള പ്രദേശം	സമതലപ്രദേശം	സമതലപ്രദേശം
മണ്ണിനം	ചെളികലർന്ന മണൽ	പശ്ചിമ രാശിമണൽ	മണൽ	മണൽ	മണ്ണുചെളികലർന്ന മണ്ണ്	എക്കൽമണ്ണ്
സസ്യവർഗം	പൊക്കാളി കൃഷി	തെങ്ങ്, കമുക്, വാഴ, പച്ചകറികൾ	തെങ്ങ് ,മാവ്, പ്ലാവ്,പച്ചക്കറികൾ കുരുമുളക്, ജാതി-	തെങ്ങ് വാഴ കുരുമുളക് കമുക് പച്ചകറികൾ	തെങ്ങ്, കമുക്, കുരുമുളക് വാഴ, പച്ചകറികൾ	തെങ്ങ്, കമുക്, വാഴ - ഇഞ്ചി - ചേന
പരിസ്ഥിതി	തുറന്ന കക്കൂസുകൾ ഫാക്ടറികളിലെ മലിനജലം മണ്ണാലിപ്പ് കൊതുക് ശല്യം	തോടുകൾ അടഞ്ഞതിനാൽ വെള്ളകെട്ട് കൊതുക് ശല്ല്യം	ഉയർന്ന ഭാഗത്തെ താഴ്ന്നസ്ഥലങ്ങളിൽ വെള്ളക്കെട്ട്	വെള്ളകെട്ട് അന്തരീക്ഷ മലനീകരണം	വെള്ളകെട്ട് ചെറിയതോതിൽ മണ്ണാലിപ്പ് കൊതുക് ശല്ല്യം	ജലമലിനീകരണം മണ്ണാലിപ്പ് തുറന്ന കക്കൂസുകൾ
	ഫാക്ടറികളുടെ സാന്നിധ്യം കാരണം പഞ്ചായത്തിൽ പൊതുവെ അന്തരീക്ഷ ജലമലിനീകരണം രൂക്ഷമാണ്					
ലക്ഷ്യം വീട്		വാർഡ് VII 2 എണ്ണം കോളനി				

കാലാവസ്ഥ

ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങൾ മൺസൂൺ കാലമാണ്. ഇക്കാലത്താണ് ഇവിടെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ചില വർഷങ്ങളിൽ, മഴ ശക്തമാകുമ്പോൾ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കമുണ്ടാകുന്നു– വിശേഷിച്ചു. മണ്ണംതുരുത്തുമുട്ടിനകം വാർഡുകളിൽ. ഒക്ടോബർ, നവംബർ മാസങ്ങളിലാണ് തുലാ വർഷം ലഭിക്കുന്നത്. ഇത് മിതമായ തോതിൽ മാത്രമെ ഇവിടെ കിട്ടുന്നുള്ളൂ. ഡിസംബർ, ജാനുവരി, ഫെബ്രുവരി മാസങ്ങളിലാണ് ഇവിടെ മഞ്ഞുകാലം. തുടർന്നുള്ള മാർച്ച്, ഏപ്രിൽ, മേയ് എന്നീ മാസങ്ങൾ വേനൽക്കാലമാണ്.

പ്രകൃതിവിഭവങ്ങൾ

സമൃദ്ധമായി പഞ്ചായത്തിൽ ജലം ലഭിക്കുന്നു. പെരിയാറിന്റെ ശാഖകളും അവയിൽ നിന്നുള്ള തോടുകളും വാർഡുകളിൽ വ്യാപിച്ചു കിടക്കുന്നു. എവിടെ കുഴിച്ചാലും ജലം ലഭ്യമാണ്. തീരപ്രദേശങ്ങളിൽ വിശേഷിച്ചും തേവർകാടു ദേവസ്വംപാടം, ചിറയ്ക്കകം തുണ്ടത്തും കടവു വാർഡുകളിൽ ഓരു ജലമുള്ള സ്ഥലമാണ്. കുടിവെള്ളത്തിന് ഈ പ്രദേശങ്ങളിൽ പ്രകൃതി ശ്രോതസ്സുകളെ ആശ്രയിക്കാവുന്നതല്ല.

വിവിധ തരത്തിലുള്ള മണ്ണുകളാണ് ഈ പഞ്ചായത്തിൽ കാണപ്പെടുന്നത്. പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്ത് നെൽകൃഷിക്കനുയോജ്യമായ ചെളി കലർന്ന മണ്ണാണ്. (ദേവസ്വംപാടം, ചിറയ്ക്കകം, തേവർക്കാട്–തുണ്ടത്തും കടവു വാർഡുകളുടെ പടിഞ്ഞാറുഭാഗം). പെട്ടിഭാഗം, പുത്തൻപള്ളി, തുണ്ടത്തുംകടവ്, വരാപ്പുഴ എന്നീ വാർഡുകളിൽ ഉയന്ന ഭാഗങ്ങളിൽ മണൽമണ്ണും തീരസമതലത്തോടടുത്തു കിടക്കുന്ന പ്രദേശങ്ങളിൽ പശിമരാശി മണ്ണും കാണപ്പെടുന്നു. മുട്ടിനകം മണ്ണം തുരുത്തു വാർഡുകളിൽ ഉൾപ്രദേശങ്ങളിലായി മഞ്ഞച്ചെളിയും അതിനോടു ചേർന്നുള്ള തീരപ്രദേശങ്ങളിൽ എക്കൽ മണ്ണുമാണ് കാണുന്നത്.

പ്രധാനപ്പെട്ട കാർഷിക വിളകളാണ് നെല്ല്, തെങ്ങ്, കമുക്, വാഴ, കുരുമുളക്, ജാതി, മാവ്, പ്ലാവ്, ആഞ്ഞിലി എന്നിവ. നെല്ല് പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്താണ് കൃഷി ചെയ്യുന്നത്. ഒരു പൂ മാത്രം വിളയുന്ന അപൂർവമായ പൊക്കാളിയാണ് ഇവിടത്തെ നെല്ലിനം. മറ്റു വിത്തുകൾ എല്ലാ ഭാഗങ്ങളിലും ഉൽപ്പാദിപ്പിച്ചുവരുന്നു.

ജൈവ വിഭവങ്ങളിൽ മൽസ്യം പഞ്ചായത്തിന്റെ തീരപ്രദേശത്തോടു ചേർന്നു കിടക്കുന്ന ജലാശയങ്ങളിൽ വളരുന്നു. പ്രധാന മൽസ്യങ്ങൾ ചെമ്മീൻ, കരിമീൻ, കൂരി, കണമ്പ്, പൂളാൻ, പള്ളത്തി, നങ്ക്, ഞണ്ട്, തിലോപ്പിയ, തിരുത എന്നിവയാണ്. പൊക്കാളി പാടശേഖരങ്ങളിലെ ചെമ്മീൻകൃഷി വൻതോതിൽ വിദേശനാണ്യം നേടിത്തരുന്ന ഒന്നാണ്.

പ്രധാനമായി കാണപ്പെടുന്ന മൃഗങ്ങൾ പശു, ആട്, എരുമ, പന്നി, പട്ടി, മുയൽ എന്നിവയും കോഴി, താറാവ്, കാട, കൾക്ക്, കൊക്ക് എന്നിവയും കാണപ്പെടുന്നു. കൊയ്ത്തു അടുക്കുന്ന കാലത്ത് നെല്ലോലകൾ കൊണ്ട് തെങ്ങോലകളിൽ വിവിധ അറകളോടെ മനോഹരമായ കൂട് ചമച്ച് കാറ്റിൽ ആടിക്കളിക്കുന്നതു കാണാം. കുരുവികളുടെയും വൻവൃക്ഷങ്ങളിൽ തലകീഴായി പകൽ സമയത്ത് തൂങ്ങിക്കിടന്നുറങ്ങുന്ന വവ്വാലുകളുടെയും ദൃശ്യങ്ങൾ ഇന്നും നിലവിലുണ്ട്. ചെമ്മീൻ കെട്ടു സമയത്ത് ഇര തേടി വരുന്ന കടൽക്കാക്കകളുടെയും ഞാറപ്പക്ഷികളുടെയും (പകലുണ്ണാമൻ എന്ന് പൂർവ്വികന്മാർ പറയുന്നു) വൈദ്യുത ലൈനുകളിൽ കൂട്ടത്തോടെ വരാറുള്ള ചെറുപക്ഷികളുടെയും കാലാകാലങ്ങളിലുള്ള ആഗമനം ഒരു വലിയ സവിശേഷതയായി എടുത്തു പറയാവുന്നതാണ്. കൂടാതെ വെള്ളരിക്കൊക്ക്, കരിംകൊക്ക്, എരണ്ട, പ്രാവ്, ഉപ്പൻ മുതലായ പക്ഷികളെയും കണ്ടുവരുന്നു. മരംകൊത്തിയും കൂരിരുട്ടിന്റെ കിടാത്തിയായ കാക്കയും കറുത്ത മണവാട്ടിയായ കാക്കത്തമ്പുരാട്ടിയും ഓലനാരൻകിളിയും വള്ളിപ്പടർപ്പുകളിൽ തേൻ കുടിക്കാൻ വരുന്ന പച്ചിലക്കുടുക്കകളും ഭൂമി കുലുക്കിപക്ഷിയും, അടയ്ക്കാക്കിളിയും കലപില ശബ്ദമുണ്ടാക്കി കൂട്ടത്തോടെ വരുന്ന പൂത്താങ്കിരിയും വസന്തകാലത്ത് പാട്ടുപാടി ആനന്ദിപ്പിക്കുന്ന കുയിലുകളും കണ്ണിനും കാതിനും മനസിനും ഒരു പോലെ ആനന്ദം പകരുന്നു.

പശു, ആട്, എരുമ എന്നിവയെ പാലിനു വേണ്ടിയും കോഴി, താറാവ്, കൾക്ക് എന്നിവയെ മുട്ടയ്ക്കും മാംസത്തിനും വേണ്ടിയും, പശു, പന്നി, എരുമ എന്നിവയെ മാംസാഹാരത്തിനുവേണ്ടിയും വളർത്തുന്നു. കീരി, വെരുക് എന്നിവയെ അപൂർവമായി ഇവിടത്തെ കുറ്റിക്കാടുകളിൽ കാണുന്നു.

ഭൂവിനിയോഗം

7.74 ചതുരശ്ര കി. മീറ്റർ വിസ്തൃതിയുള്ള പഞ്ചായത്തിൽ തരിശു ഭൂമികളോ ചതുപ്പു നിലങ്ങളോ ഇല്ല. തോടുകളും റോഡുകളും ഒഴികെയുള്ള സ്ഥലം പൂർണമായും കാർഷിക വിളകൾക്ക് വേണ്ടി വിനിയോഗിക്കുന്നു. മുഖ്യവിളകൾക്കു വേണ്ടി ഉപയോഗിക്കുന്ന ഭൂമിയുടെ വിസ്തീർണവും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും താഴെ ചേർക്കുന്നു.

	വിളയിനം	വിസ്തൃതി (ഹെക്ടർ)	ഉൽപ്പാദകനും (കി. ഗ്രാം / എണ്ണം)	ഉൽപ്പാദനക്ഷമത (കി./ഹെക്ടർ)
1.	നെല്ല്	339.39	5,58,000. കി.	1500 കി.
2.	പയർ	10.00	7150 കി.	715 കി.
3.	പച്ചക്കറി	15.00	7500 കി.	5000 കി.
4.	ഞണ്ട്	543.00	3,15,00,000 വർഷം	58
5.	വാഴ	10.00	1,40,000	14,000
6.	മരച്ചീനി	2.00	49,000 കി.	24,500 കി.
7.	കുരുമുളക്	5.00	1000 കി.	200 കി.
8.	പ്ലാവ്	10.00	46,137 എണ്ണം	4617 എണ്ണം
9.	കശുമാവ്	5.00	2,370 "	474 "
10.	കവുങ്ങ്	25.00	53,00,000 "	2,12,000 "
11.	പൈനാപ്പിൾ	1.00	10,000 "	1,000 കി.
12.	മാവ്	10.00	2617 "	262 കി.

പരിസ്ഥിതി

സമീപ പ്രദേശമായ ഏലൂർ വ്യവസായ മേഖലയിൽ നിന്നും ഫാക്ടറികൾ പുഴയിലേക്കൊഴുക്കുന്ന മാലിന്യങ്ങൾ ഇവിടത്തെ കൃഷിയേയും ജലവിഭവങ്ങളേയും പ്രതികൂലമായി ബാധിക്കുന്നു. വ്യവസായ ശാലകളിൽ നിന്നും പുറത്തേക്കു വിടുന്ന മലിനവായു അന്തരീക്ഷ മലിനീകരണമുണ്ടാക്കുന്നു. ഇതുമൂലം ശ്വാസകോശരോഗങ്ങളും കാർഷിക വിളകൾക്കു ദോഷവും അനുഭവപ്പെടുന്നു. തുറന്ന കക്കൂസുകൾ, പുഴയോരങ്ങളിലും തോടുകളിലും വയ്ക്കുന്നതുകൊണ്ട് ആരോഗ്യ പ്രശ്നങ്ങളുണ്ടാകുന്നു. ദേവസ്വംപാടം, തേവർകാട്, തുണ്ടത്തുംകടവ് വാർഡുകളിൽ പൊക്കാളി പാടങ്ങളോടു ചേർന്ന് കിടക്കുന്ന സ്ഥലങ്ങളിലും മുട്ടിനകം മണ്ണുംതുരുത്ത്, വരാപ്പുഴ (എടമ്പാടം) വാർഡുകളിലെ പുഴയോരങ്ങളിലും ഇടത്തോടുകളിലും തുറന്ന കക്കൂസുകൾ ധാരാളമായുണ്ട്. പഞ്ചായത്തിലെ തീരപ്രദേശങ്ങളിലും ചരിവു തലങ്ങളിലെ താഴ്ന്ന പ്രദേശങ്ങളിലും ഉള്ള വെള്ളക്കെട്ട് കൃഷിക്കും ആരോഗ്യത്തിനും ഹാനികരമാകുന്നുണ്ട്. വെള്ളക്കെട്ടു പ്രദേശങ്ങളിൽ കൊതുകു ശല്യം രൂക്ഷമാണ്. മഴക്കാലത്ത് പുഴയോരങ്ങളിലും പാടങ്ങളിലും തോടുകളിലും മണ്ണൊലിപ്പുണ്ടാകുന്നു.

മനുഷ്യവിഭവം

വികസനത്തിന്റെ മുഖ്യഘടകമാണ് മാനവവിഭവശേഷി. 1991-ലെ ജനസംഖ്യാ കണക്കുകൾ പ്രകാരം ജനസംഖ്യ 22,514 ആണ്. സ്ത്രീകൾ 11,521ഉം, പുരുഷന്മാർ 10,993ഉം. സ്ത്രീകൾ പുരുഷന്മാരേക്കാൾ 528 പേർ കൂടുതലാണ്. വിദ്യാഭ്യാസ നിലവാരം വളരെ ഉയർന്നതാണ്. പുരുഷന്മാർ 9,303 പേരും സ്ത്രീകൾ 9,305 പേരും സാക്ഷരരാണ്. വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുടെ വിവരങ്ങൾ 1991-ലെ സെൻസസ് പ്രകാരം താഴെ കാണിച്ചിരിക്കുന്ന വിധമാണ്.

ക്രമ നമ്പർ	തൊഴിൽ മേഖല	എണ്ണം പു.	സ്ത്രീ.
1.	കൃഷി	528	29
2.	കർഷക തൊഴിലാളി	973	544
3.	മൃഗസംരക്ഷണം/മൽസ്യബന്ധനം	439	25
4.	സംസ്കരണം	16	2
5.	ഗൃഹോപകരണ നിർമ്മാണം/റിപ്പെയർ	152	31
6.	നിർമ്മാണ തൊഴിലാളികൾ (കെട്ടിടം)	1451	288
7.	മറ്റു നിർമ്മാണ തൊഴിലാളികൾ	1134	48
8.	വ്യാപാരവും അനുബന്ധ പ്രവർത്തനങ്ങളും	1254	90
9.	ഗതാഗതം	559	23
10.	മറ്റു തൊഴിലാളികൾ	750	407
11.	ഭാഗിക തൊഴിൽ	687	389

(തൊഴിലില്ലായ്മയുടെ തോത് 55% ആണ്.

കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ വസ്തുനിഷ്ഠമായി ലഭ്യമാകാത്ത സാഹചര്യത്തിൽ കൂടുതലായി വിശകലനങ്ങൾ നടത്താൻ കഴിയുന്നില്ല. കൃത്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും അപഗ്രഥിക്കുന്നതിനും പഞ്ചായത്തു തലത്തിൽ ഒരു സാമൂഹ്യ സാമ്പത്തിക സർവേ നടത്തിയാലേ സാധ്യമാകുകയുള്ളൂ.)

Alphonsa Vpz.

കാർഷിക മേഖല

കാർഷിക ചരിത്രം

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയിൽ വരുന്ന 75% ഭൂമികളും ഏതാനും വലിയ ജന്മികളുടെ അധീനതയിൽ ആയിരുന്നു. ആലപ്പുഴ അനന്തനാരായണപുരം തുറവൂർ തിരുമല ദേവസ്വം, എറണാകുളം-വരാപ്പുഴ അതിരൂപതകൾ, തിരുമുപ്പത്തുപടക്കൽ വാര്യം, ഇടവഴിക്കൽ ഷേണായിമാർ, വലിയ വീട്ടിൽ കർത്താക്കന്മാർ വിതയത്തിൽ കുടുംബം, തളിയത്ത് കുടുംബം എന്നിവരായിരുന്നു വൻകിട ഭൂവുടമകൾ. ഇവരിൽ നിന്ന് പാട്ടത്തിനും വാരത്തിനും ഏറ്റെടുത്ത് മദ്ധ്യവർത്തികൾ ഭൂമിയിൽ കൃഷി നടത്തി വന്നിരുന്നു.

കേരളത്തിൽ ഉണ്ടായ ഭൂപരിഷ്കരണ നടപടികളുടെ ആരംഭദിശയിൽ തന്നെ ഏതാനും ജന്മികൾക്ക് തങ്ങളുടെ പാട്ടക്കാർക്ക് സ്വമേധയാ ഭൂമി തീറ് നൽകിയിരുന്നു. 70-കളിലുണ്ടായ ഭൂപരിഷ്കരണ നടപടികളെ തുർന്ന് ആയിരക്കണക്കിന് വരുന്ന കുടികിടപ്പുകാരും കർഷകരും ഭൂമിയുടെ ഉടമകളായി മാറി. കാർഷിക രംഗത്ത് നടത്തിയിട്ടുള്ള ഒട്ടേറെ പ്രക്ഷോഭണങ്ങളുടെ ഫലമായിട്ടാണ് ഈ മാറ്റം കേരളത്തിൽ സംജാതമായത്.

നമ്മുടെ പഞ്ചായത്തിൽ 10 സെൻറിൽ താഴെ കൈവശഭൂമിയുള്ളവർ 8361 പേരും 10നും 25നും ഇടയ്ക്കുള്ളവർ 760 പേരും 25 സെൻറിനും 50 സെൻറിനും ഇടയ്ക്കുള്ള കൈവശക്കാർ 565ഉം, 50 സെൻറിനും ഒരേക്കറിനും ഇട്ക്ക് 570 പേരും, 1 ഏക്കറിനും 2 ഏക്കറിനും ഇടയ്ക്കു 110 പേരും, ഒരേക്കറിനും 5 ഏക്കറിനും ഇടയ്ക്കുള്ളവർ 185 പേരും 5 ഏക്കറിനും മുകളിലുള്ളവർ 30 പേരും ആണ്. പഞ്ചായത്തിൽ മൊത്തം 2473 ഏക്കർ ഭൂമി ഉള്ളതിൽ 10,581 കൈവശക്കാർ നിലവിലുണ്ട്.

ഭൂമിയിൽ പണിയെടുത്തു പോന്നവർക്ക് ഭൂപരിഷ്കരണം മൂലം ഉടമസ്ഥാവകാശം സ്ഥാപിച്ചു കിട്ടിയതുമൂലം ആത്മാർത്ഥമായ അദ്ധ്വാനം കാഴ്ച വെക്കാൻ ഇടയായി. ഇത് കാർഷികരംഗത്ത് വലിയ മാറ്റം വരുത്തി. ഉദ്പാദനക്ഷമത 20% കൂടി വർദ്ധിച്ചു. നാളികേരള ഉദ്പാദനവും നെല്ലുത്പാദനവും ഗണ്യമായി പുരോഗമിച്ചു.

ഗ്രാമപഞ്ചായത്തിന്റെ മൂന്ന് വശവും പെരിയാറിന്റെ കൈവഴിയാൽ ചുറ്റപ്പെട്ടു കിടക്കുന്നു. പ്രകൃതിയെ മാത്രം ആശ്രയിച്ചാണ് നമ്മുടെ പഞ്ചായത്തിൽ കാർഷിക ജോലികൾ ഇപ്പോഴും നടത്തി വരുന്നത്.

80-കളോടെ ജനസംഖ്യയിൽ ക്രമാതീതമായ ഉയർച്ച ഉണ്ടാവുകയും അതനുസരിച്ച് ഭൂമികൾ തുണ്ടു തുണ്ടാവുകയും ചെയ്തു. തുണ്ടുതുണ്ടായി കിട്ടിയ ഭൂമികളിൽ കാർഷിക ജോലിയെടുത്ത് ഉപജീവനം നടത്താൻ കഴിയാതെ വരുന്നതുകൊണ്ട് ചെറുകിട കർഷകർ മറ്റ് ജോലികൾ അന്വേഷിച്ച് പോകേണ്ടി വരുന്നു. തന്മൂലം കാർഷികവൃത്തിയോട് ആഭിമുഖ്യം കുറഞ്ഞു വന്നതായി കാണുന്നു. കൃഷിപ്പണിക്ക് ആവശ്യമായ തൊഴിലാളികളെ യഥാസമയം കിട്ടാത്ത അവസ്ഥയിലേയ്ക്ക് എത്തിച്ചേർന്നു. ഭൂമിയിൽ സ്വന്തമായി അധ്വാനിക്കാൻ തയ്യാറുള്ളവർ മാത്രം ഈ രംഗത്ത് പിടിച്ചു നിൽക്കുന്നു. തൊഴിലാളികൾക്കുള്ള വേതന വർദ്ധനവ്, കാർഷിക ഉൽപ്പന്നങ്ങളുടെ വില ഇടിവ്, രാസവളങ്ങളുടെയും, കീടനാശിനികളുടെയും ക്രമാതീതമായ വില വർദ്ധന, കാർഷിക വിളകൾക്ക് നേരിടുന്ന രോഗങ്ങൾ, സർക്കാരിന്റെ ഭാഗത്തു നിന്ന് കർഷകരെ സഹായിക്കുന്ന സമീപനം ഇല്ലായ്മ ഇവയൊക്കെ ഈ രംഗത്ത് നിന്ന് കർഷകരെ മാറ്റി നിർത്താൻ പ്രേരിപ്പിച്ച ഘടകങ്ങളാണ്.

കാർഷിക രംഗത്ത് വിപ്ലവകരമായ മാറ്റം വരുത്തുന്നതിൽ സർക്കാർ ബഹുദൂരം മുന്നോട്ട് പോയെങ്കിലും കർഷകർക്ക് വേണ്ട ബോധവൽക്കരണവും സഹായവും യഥാസമയം നടത്തിയിരുന്നെങ്കിൽ നമ്മുടെ പഞ്ചായത്തിലും വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുമായിരുന്നു.

ഇന്നത്തെ വിള ചേരുവ

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും തെങ്ങുകൃഷിയും രണ്ടാമതായി നെൽകൃഷിയും ആണ് നടത്തി വരുന്നത്. കമുക്, പയർ, പച്ചക്കറി, വാഴ, മരച്ചീനി, കുരുമുളക്, പ്ലാവ്, കശുമാവ്, മാവ്, പൈനാപ്പിൾ എന്നിവയും കൃഷി ചെയ്തുവരുന്നുണ്ട്.

തെങ്ങ്

നമ്മുടെ പഞ്ചായത്തിന്റെ സമ്പദ്ഘടനയിൽ തെങ്ങുകൃഷി പ്രഥമസ്ഥാനത്താണ്. സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ് ഉൽപ്പാദനക്ഷമത. ഒരു ഹെക്ടർ തെങ്ങിൻ പുരയിടത്തിൽ നിന്ന് ഒരു വർഷം 6000 നാളികേരം കിട്ടിയിരുന്നു. ഇപ്പോൾ ഒരു ഹെക്ടറിന് 1700 നാളികേരമാണ് കിട്ടുന്നത്. നാളികേരളത്തിന് അർഹമായ വിലയില്ലായ്മ, കാറ്റ് വീഴ്ച രോഗം, വ്യവസായശാലകളിൽ നിന്നുള്ള വായു മലിനീകരണം, മണ്ണൊലിപ്പ്, സമയാസമയങ്ങളിൽ തെങ്ങിൻ തോപ്പിൽ പണിയെടുപ്പിക്കാതിരിക്കൽ എന്നീ കാരണങ്ങൾ കൊണ്ട് ഉൽപ്പാദനക്ഷമത കുറഞ്ഞു വരുന്നതും ഈ രംഗത്ത് കേരകർഷകരെ പിന്നിലേക്ക് മാറ്റി നിർത്തുന്നു. നാളികേരള സംഭരണ സൊസൈറ്റികൾ സ്ഥാപിച്ച് വിപണനം നടത്തുകയും സർക്കാരിൽ നിന്ന് കേര കർഷകരെ പ്രോൽസാഹിപ്പിക്കുകയും ബോധവൽക്കരണവും നടത്തിയാൽ ഗണ്യമായ ഉൽപ്പാദനം ലഭിക്കുന്നതായിരിക്കും.

നെല്ല്

840 ഏക്കറോളം പൊക്കാളി നിലങ്ങൾ നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. രാസവളം ഉപയോഗിക്കാതെ തന്നെയാണ് ഈ നിലങ്ങളിലെ കൃഷി നടക്കുന്നത്. എറണാകുളം ജില്ലയിലെ തീരപ്രദേശങ്ങളിൽ മാത്രമാണ് ഈ കൃഷി പൊതുവെ കണ്ടുവരുന്നത്. ജൈവവളങ്ങൾ മാത്രം ഉപയോഗിച്ച് കൃഷി നടത്തുന്നതിനാൽ നല്ല ഗുണമേന്മയുള്ളതും സ്വാദിഷ്ടവുമുള്ള അരിയാണ് പൊക്കാളി കൃഷിയിൽ നിന്ന് ലഭിക്കുന്നത്. വളരെ പുരാതനകാലം മുതൽ ഈ കൃഷി രീതി തുടർന്നു വരുന്നു. ഒരു ഹെക്ടർ നിലത്തിൽ നിന്ന് 20 ക്വിൻറൽ നെല്ല് കിട്ടിയിരുന്ന സ്ഥാനത്ത് ഇപ്പോൾ 15 ക്വിൻറൽ നെല്ല് മാത്രമേ ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്നുള്ളൂ.

പാടശേഖരങ്ങളിലെ ബണ്ടുകളും വരമ്പുകളും ബലപ്പെടുത്തുന്നതിലും കിളച്ച് മറിക്കുന്നതിലും കർഷകർ കൂട്ടായി പ്രവർത്തിച്ചു വരുന്നു. ഈ സമ്പ്രദായം വളരെ കാലങ്ങൾക്ക് മുമ്പ് തന്നെ ചെയ്തു പോന്നിരുന്നു. എന്നാൽ വിളവെടുക്കുന്നതിൽ യാതൊരു കൂട്ടായ്മയും കണ്ടു വരുന്നില്ല. മെയ്-ഒക്ടോബർ കാലയളവിലാണ് പൊക്കാളികൃഷി നടത്തുന്നത്. കാലവർഷം മൂലം വിളനാശം സംഭവിക്കാറുണ്ട്. മഴ കുറവായാലും കൃഷിക്ക് ദോഷം സംഭവിക്കുന്നു.

നെല്ലുൽപ്പാദക സമിതികൾ നിലവിലുണ്ടെങ്കിലും കൂട്ടായ പ്രവർത്തനം കാഴ്ച വെക്കുന്നില്ല. നെല്ല് സംഭരിച്ച് വിപണനം നടത്തുന്നതിന് നിലവിൽ സംവിധാനമില്ല. സ്വകാര്യവ്യക്തികൾ പണം കടം കൊടുക്കുകയും അവർ തന്നെ നെല്ല് വാങ്ങുകയും അരിയാക്കി വിൽക്കുകയും ചെയ്യുന്നു. ഇതുമൂലം ഇടത്തട്ടുകാരന് ലാഭം ഉണ്ടാകുന്നു. നെല്ല് സംഭരണം നടത്തുകയും സംസ്കരിക്കുകയും ചെയ്താൽ 25% ചോർച്ച തടയാവുന്നതും കർഷകർക്ക് വളരെ ലാഭത്തിൽ നെൽകൃഷി ചെയ്യാവുന്നതുമാണ്.

ഈ രംഗത്ത് നിലവിൽ പണിയെടുക്കുന്നത് കർഷക തൊഴിലാളികളിൽ 75%ഉം സ്ത്രീ തൊഴിലാളികളാണ്. ഒരു പുരുഷ തൊഴിലാളിക്ക് 100 രൂപയും സ്ത്രീ തൊഴിലാളിക്ക് 60 രൂപയുമാണ് ഇപ്പോഴത്തെ കൂലി നിരക്ക്.

നടീൽ വരെ കൂലിക്ക് കർഷകത്തൊഴിലാളികളെ കിട്ടും. കൊയ്ത്ത്കാലത്ത് കൊയ്യുന്നതിന് ആളെ കിട്ടാനില്ലാതെ കർഷകർ വലയുന്നു. 1/7 പദം ആണ് കൊയ്ത്തിന് നിലവിൽ ഉള്ളത്. 14 പദത്തേക്കാൾ തൊഴിലാളികൾക്ക് ദിവസക്കൂലിയാണ് കൂടുതൽ ഇഷ്ടം. തുല്യജോലിക്ക് തുല്യവേതനം എന്ന നിലവിൽ നോക്കുമ്പോൾ 1/7 പദം തൊഴിലാളികൾക്ക് നഷ്ടമാണെന്നു വേണം കരുതാൻ. ഈ രംഗത്ത് കൊയ്ത്തു നടത്തുന്നതിനും മെതിക്കുന്നതിനും യന്ത്രസംവിധാനം കൂടിയേ പറ്റൂ. എങ്കിൽ മാത്രമേ നഷ്ടമില്ലാത്ത രീതിയിൽ കർഷകന് ഈ സംരംഭം നിലനിർത്താൻ കഴിയുകയുള്ളൂ. സർക്കാരിൻെറ സഹായത്തോടെ ബണ്ടുകളും വരമ്പുകളും സ്ഥിരമായി നിലനിർത്തണം വരമ്പുകളിലും ബണ്ടുകളിലും കൃഷികാലയളവിൽ പച്ചക്കറിക്കൃഷി നടത്താവുന്നതാണ്.

ചെമ്മീൻകൃഷി

നവംബർ 15 മുതൽ ഏപ്രിൽ 14 വരെ നെൽകൃഷി നടത്തി വന്നിരുന്ന നെൽപ്പാടങ്ങളിൽ ചെമ്മീൻ കൃഷി നടത്തുന്നു. വളരെ മുമ്പ് മുതലെ ഈ പ്രക്രിയ ഉണ്ടായിരുന്നെങ്കിലും സാധ്യതകൾ വളരെ കുറവായിരുന്നു. വേലിയേറ്റ സമയത്ത് പാടശേഖരങ്ങളിൽ കയറുന്ന ചെമ്മീൻ മറ്റു ചെറു മൽസ്യങ്ങൾ ഇവയെ കർഷകർ ചുഷണം ചെയ്തിരിക്കുന്നു. കാൽ നൂറ്റാണ്ടു മുമ്പുവരെ ചെമ്മീൻ പുഴുങ്ങി ഉണക്കി അതിൻെറ പരിപ്പ് മാത്രം എടുത്തിരുന്നു. എന്നാൽ കാൽനൂറ്റാണ്ടുകളായി ചെമ്മീന് വിദേശത്ത് പ്രിയം വർദ്ധിക്കുകയും ചെമ്മീൻ സംസ്കരിക്കുവാനുള്ള സംവിധാനം മെച്ചപ്പെടുകയും ചെയ്തതിനാൽ വ്യാവസായികാടിസ്ഥാനത്തിൽ ഇപ്പോൾ ചെമ്മീൻ കൃഷി ചെയ്തുവരുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തിന് ഇത് വിദേശനാണ്യം നേടിത്തരുന്നു.

എന്നാൽ ഈ കൃഷിയും ഇന്ന് ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ കൃഷിക്ക് ഉപ്പുവെള്ളം അനിവാര്യമാണ്. ചെമ്മീൻ വളരെ ആദായകരമായ കൃഷിയായതിനാൽ പുഴയോട് ചേർന്നുള്ള കൈവശക്കാർ പുഴയിലേക്ക് ബണ്ട് ഇറക്കിക്കെട്ടുന്നു. തന്മൂലം പുഴയുടെ വീതി കുറഞ്ഞു വരുന്നു. എല്ലാ പാടയോരങ്ങളിലും ഉപ്പുവെള്ളം കയറിയിറങ്ങുന്നതിന് തടസം നേരിടുന്നു. അനധികൃതമായ ഈ കയ്യേറ്റത്തെ ചെറുക്കേണ്ടതാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ കിഴക്കുഭാഗത്തുള്ള ഏലൂർ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തുകൾ വ്യാവസായിക മേഖലയാണ്. ഇവിടെ നിന്നും പുറത്തേക്കു വിടുന്ന മലിനജലം മൂലം ചെമ്മീൻ നശിച്ചു പോകുന്നു. മലിനജലം തടഞ്ഞ് നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ ജലസമ്പത്ത് കാത്തു സൂക്ഷിക്കേണ്ടതാണ്.

ഞണ്ടുകൃഷി

ചെമ്മീൻ കെട്ടുന്ന പാടശേഖരങ്ങളിൽ കഴിഞ്ഞ 4 വർഷമായി ഞണ്ടുകൃഷിയും നടത്തിവരുന്നു. 4 ഹെക്ടറോളം സ്ഥലത്ത് ഞണ്ടു കൃഷി മാത്രമായി നടത്തുന്നു. കായലുകളിൽ നിന്ന് റിങ് വലകൾ ഉപയോഗിച്ച് നല്ലയിനം ഞണ്ടുകളെ പിടിച്ച് പാടശേഖരങ്ങളിൽ വളർത്തുന്നു. ഇതിന് ഉപ്പുവെള്ളം അത്യാന്താപേക്ഷിതമാണ്. ചത്ത ചെറുമൽസ്യങ്ങൾ, ചീഞ്ഞഴുകിയ സസ്യങ്ങൾ എന്നിവയാണ് ഇവയുടെ പ്രധാനാഹാരം. ഒരു ഞണ്ടിന് ശരാശരി 1 മുതൽ 2.5 കിലോഗ്രാം വരെ തൂക്കം വരുന്നു. ഞണ്ടുകൾക്ക് 300 മുതൽ 500 വരെ വില കർഷകന് ലഭിക്കുന്നു.

ചെമ്മീൻ, ഞണ്ട് ഇവ കൃഷി ചെയ്യുന്നതിന്റെ ഇടയ്ക്ക് കരിമീൻ, പിലോപ്യ, പൂളാൻ തുടങ്ങിയ മൽസ്യങ്ങളും ലഭിക്കുന്നു.

ഏതാനും വ്യക്തികൾ പല കൃഷിക്കാരുടെയും പാടശേഖരങ്ങൾ ഒന്നായി ചേർത്ത് ലേലം ചെയ്താണ് ചെമ്മീൻ കൃഷിയുടെ ആദായം എടുത്തുവരുന്നത്. ചെമ്മീൻ കൃഷിയുടെ അവസാനകാലത്ത് (ഏപ്രിൽ 1 മുതൽ 15 വരെ) ലേലം കൊണ്ടവർ ബി.എച്ച്.സി. മണ്ണെണ്ണ കലർത്തിയ ഇഷ്ടികനുറുങ്ങുകൾ ഇവ പാടത്ത് വിതറുമ്പോൾ മൽസ്യങ്ങൾ ആത്മരക്ഷാർത്ഥം തൂമ്പുവഴി പുറത്തേക്ക് ഓടി രക്ഷപ്പെടുവാൻ ശ്രമിക്കുമ്പോൾ തൂമ്പിൽ വല വെച്ച് ഒരു മൽസ്യം പോലും രക്ഷപ്പെടാതെ വലയിൽ കുടുങ്ങുന്നു. ഈ പ്രവണത മൂലം അടുത്ത വിളയായ നെൽകൃഷിക്കു നാശം സംഭവിക്കുന്നു. ഇത് നിയമം മൂലം തടയേണ്ടത് നാടിന്റെ ആവശ്യമാണ്.

കവുങ്ങ്

തെങ്ങു കൃഷി ചെയ്തുവരുന്ന പുരയിടങ്ങളിൽ ഇടവിട്ട് കമുക് വച്ച് പിടിപ്പിച്ച് അടക്ക കൃഷി 25 ഹെക്ടർ സ്ഥലത്ത് ചെയ്തുവരുന്നു. ഉയർന്ന പ്രദേശത്ത് വെള്ളം ലഭിക്കുമായിരുന്നെങ്കിൽ ഏറ്റവും ആദായകരമായ ഈ സംരംഭം കൂടുതൽ വിജയിക്കുമായിരുന്നു. കുളം, കിണർ എന്നിവിടങ്ങളിൽ പമ്പ്, മോട്ടോർ എന്നിവ ഉപയോഗിച്ച് ജലസേചനം നടത്തി ഈ കൃഷിയെ പ്രോൽസാഹിപ്പിക്കാവുന്നതാണ്.

പയർ

ഉദ്ദേശം 10 ഹെക്ടറോളം സ്ഥലത്ത് പയർ കൃഷി ചെയ്തുവരുന്നു. വ്യവസായ മേഖലയിലെ മലിനവായു കൂടുതൽ പ്രവർത്തിക്കുന്നതിനാൽ നാശം സംഭവിക്കാറുണ്ട്.

വാഴ, പൈനാപ്പിൾ, കുരുമുളക്, കശുമാവ്, മരച്ചീനി, പച്ചക്കറികൾ എന്നിവ പഞ്ചായത്തിന്റെ പല വാർഡുകളിലും ചെയ്തുവരുന്നുണ്ട്.

മേൽപറഞ്ഞ കാർഷിക ഉൽപ്പന്നങ്ങൾ എല്ലാം ഉൽപ്പാദനക്ഷമതയിൽ സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ്.

വിള വിസ്തീർണവും ഉൽപ്പാദനവും

വിള	വിസ്തീർണം (ഹെക്ടർ)	മൊത്തം ഉൽപ്പാദനം	ഉൽപ്പാദനക്ഷമത (ഹെക്ടറിൽ)
നെല്ല്	339.39	508500 കി.ഗ്രാം	1500 കി.ഗ്രാം
പയർ	10.00	7.15 ടൺ	0.715 ടൺ
പച്ചക്കറികൾ	15.00	75.00 ടൺ	5.00 ടൺ
തെങ്ങ്	543.00	3.15 കോടി/വർഷം	0.0058 കോടി/വർഷം
വാഴ	10.00	140.00 ടൺ	14.00 ടൺ
മരച്ചീനി	2.00	49.00 ടൺ	24.5 ടൺ
കുരുമുളക്	5.00	1000.00 കി.ഗ്രാം	200.00 കി.ഗ്രാം
പ്ലാവ്	10.00	46137/വർഷം	4613.7 ചക്ക/വർഷം
കശുമാവ്	5.00	2.37 ടൺ	0.474 ടൺ/വർഷം
പൈനാപ്പിൾ	1.00	10.00 ടൺ	10.00 ടൺ
മാവ്	10.00	2.617 ടൺ	0.2617 ടൺ
കവുങ്ങ്	25.00	53.00 ലക്ഷം	2.12 ലക്ഷം

ജലസേചന സൗകര്യങ്ങൾ

മഴയെ മാത്രം ആശ്രയിച്ചാണ് ഭൂരിഭാഗവും കർഷകർ കാർഷികവൃത്തി ചെയ്യുന്നത്. സ്വകാര്യ വ്യക്തികൾ തങ്ങളുടെ വേലിക്കെട്ടിനുള്ളിൽ തോടുകളിൽ നിന്നും കുളങ്ങളിൽ നിന്നും മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് കൃഷി നടത്തിവരുന്നു. പൊതുജലസേചന കുളങ്ങൾ 12 എണ്ണവും കുഴൽ കിണറുകൾ 3 എണ്ണവുമാണ് ഈ പഞ്ചായത്തിൽ നിലവിലുള്ളത്. ചെട്ടിഭാഗത്തു നിന്നും മൂട്ടിനകത്തേക്കുള്ള പൊതുതോട്, പുത്തൻപള്ളി, മണ്ണംതുരുത്ത് തോട് ഇവകളെല്ലാം ചെളിയും മറ്റും ചേർന്ന് നികന്നു പോയിട്ടുണ്ട്. മീനോട്, പുട്ടുകുറ്റിക്കൽ തോട് ഇവയെല്ലാം നികന്നു പോയിട്ടുണ്ട്. തന്മൂലം വെള്ളം കയറിയിറങ്ങുകയില്ല.

പുത്തൻപള്ളിയിലുള്ള അലക്കുകുളം ജലസേചനത്തിൽ പറ്റിയതാണ്. ടി. കുളം ഇന്ന് ഉപയോഗശൂന്യമായി കിടക്കുന്നു. ടി. കുളത്തിന് 45 സെൻറ് വിസ്തീർണം ഉണ്ട്. രണ്ടര ഏക്കർ വിസ്തീർണം വരുന്ന തിരുമുപ്പംകുളവും ജലസേചനത്തിന് ഉപയുക്തമാണ്.

പണി പൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികൾ നിലവിൽ ഇല്ല.

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചൻ പദ്ധതികൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ആയ കെട്ട് വിസ്തീർണം	എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ	ലക്ഷ്യം
1.	തിരുമുപ്പം	100 ഏക്കർ	–	കാർഷിക ഉൽപ്പാദനം 35% വർദ്ധിപ്പിക്കാവുന്നതാണ്.
2.	അലക്കുകുളം	40 ഏക്കർ	–	

ഉൽപ്പന്നങ്ങളുടെ വിലയും വിപണിയും

കാർഷിക ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് യാതൊരു സംവിധാനവും ഇപ്പോൾ ഈ പഞ്ചായത്തിൽ ഇല്ല. കാർഷിക വികസന ബാങ്കിൻെറ ഒരു ശാഖ ഈ ഗ്രാമപഞ്ചായത്തിൽ ആവശ്യമാണ്. തേങ്ങ സംഭരിക്കുവാനും മാർക്കറ്റിങ് നടത്താനും ഇതു മൂലം കർഷകന് ന്യായമായ വില കിട്ടുവാനും സഹായിക്കും. ഇപ്പോഴുള്ള സംവിധാനം വളരെ അപര്യാപ്തമാണ്. സ്വകാര്യ വ്യക്തിൾ ലാഭം മാത്രം പ്രതീക്ഷിച്ചുകൊണ്ട് നാളികേരം സംഭരിച്ച് പുറം വിപണികൾ നടത്തുകയാണ്. അടക്കാ സംഭരണവും സ്വകാര്യവ്യക്തികൾ നടത്തുന്നു. ഇതുമൂലം ഇടത്തട്ടുകാർ ലാഭം കൊയ്യുന്നു. നെല്ലിൻെറയും അവസ്ഥ ഇതുതന്നെയാണ്.

കാർഷിക ബന്ധങ്ങൾ

വില്ലേജിൻെറ പേര്	പുരയിടം	വിസ്തീർണം (ഏക്കറിൽ) നിലം	പുറമ്പോക്ക്	തരിശ്	ആകെ	ഉടമസ്ഥരുടെ എണ്ണം 1-10 സെൻറ്	10-25 സെൻറ്	25-50 സെൻറ്	50-100 സെൻറ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കറിനുമേൽ
1	2	3	4	5	6	7	8	9	10	11	12	13
വരാപ്പുഴ	134259	838.64	291.31	0.53	2473.1	8361	760	565	570	110	185	30

സ്വയം പണിയെടുക്കുന്നതിൽ കൃഷിക്കാരുടെ എണ്ണം കുറഞ്ഞു വരികയാണ്. ഈ ഇനത്തിൽ ഇപ്പോൾ 51 കർഷകർ ഉണ്ട്. ------ ജനസംഖ്യയുള്ളതിൽ 1800 പേർ കർഷകത്തൊഴിലാളികളാണ്.

കൂലി വേതന വ്യവസ്ഥകൾ

നെൽകൃഷിക്ക് പാടത്ത് പണിയെടുക്കുന്ന പുരുഷത്തൊഴിലാളിക്ക് 85 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 50 രൂപയും കൂലിയായി നൽകുന്നുണ്ട്. കിളക്കൽ, ഞാറുനടീൽ എന്നീ ജോലികൾക്കാണ് മേൽ വിവരിച്ച തുക കൂലിയായി തീരുമാനിച്ചിട്ടുള്ളത്.

കൊയ്ത്ത്, മെതി ഇവയ്ക്ക് 1/7 ഭാഗം നെല്ല് നൽകി വരുന്നു. തെങ്ങ് കയറ്റത്തിന് ഒരു തെങ്ങിന് 1.60 രൂപ കൂലിയായി കൊടുക്കുന്നു. പുറമെ 100 തെങ്ങിന് 12 തേങ്ങയും കൊടുക്കുന്നു.

വളം ഉപഭോഗം

നെൽകൃഷിക്ക് രാസവളങ്ങൾ ഉപയോഗിക്കാറില്ല. ജൈവവളങ്ങൾ മാത്രമാണ് ഉപയോഗിക്കുന്നത്. എന്നാൽ തെങ്ങ്, കമുക്, മരച്ചീനി, പൈനാപ്പിൾ തുടങ്ങിയ കൃഷിക്ക് രാസവളം ഉപയോഗിച്ചു വരുന്നു.

സഹകരണമേഖല വഴി 93-94 വർഷത്തിൽ 25,600 കി.ഗ്രാം രാസവളവും, 94-95ൽ 550 കി.ഗ്രാം രാസവളവും, 95-96ൽ 100 കി.ഗ്രാം രാസവളവും ഈ ഗ്രാമപഞ്ചായത്തിൽ വിതരണം നടത്തിയിട്ടുണ്ട്. കീടനാശിനി വിതരണം ചെയ്തിട്ടില്ല. (കൃഷിഭവൻ ഡേറ്റാ).

വരാപ്പുഴ സർവീസ് സഹകരണസംഘം വഴി മാത്രമേ വളം കീടനാശിനി വിൽപ്പന നടത്തുന്നുള്ളൂ.

സി.ഡി.ബി.

സാമ്പത്തിക വർഷം	ഗുണഭോക്താക്കളുടെ എണ്ണം	വെട്ടിയ തെങ്ങുകളുടെ എണ്ണം	അനുവദിച്ച ധനസഹായം
92-93	67	500	39,500.00
93-94	--	--	--
94-95	241	1000	2,05,000.00
95-96	140	520	1,06,600.00
ആകെ	448	2020	3,51,100.00

ഡ്രിപ്പ് ഇറിഗേഷൻ

സാമ്പത്തിക വർഷം	യൂണിറ്റിന്റെ എണ്ണം	അനുവദിച്ച ധനസഹായം
94-95	1	14,000.00
95-96	3	22,500.00
ആകെ	4	36,500.00

പ്രത്യേക ഘടകപദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗക്കാർക്ക് നൽകിയ ധനസഹായം

സാമ്പത്തിക വർഷം	94-95	95-96
ബയോഗ്യാസ് യൂണിറ്റ്	45,000.00	--
കിണർ	--	5000.00
തെങ്ങിൻതൈ	--	1500.00
രാസവളം	6000.00	--
ആകെ	51,000.00	6,500.00

എൻ.ബി. ബി.ഡി.പി.

94-95, 95-96 വരെയുള്ള വർഷങ്ങളിൽ ജനറൽ വിഭാഗത്തിലേയ്ക്ക് ബയോഗ്യാസ് പ്ലാൻറിന് 9 യൂണിറ്റുകൾക്ക് 21,600.00 രൂപ ധനസഹായം നൽകി.

Alphonsa Vpz.

സമഗ്ര നാളികേര വികസന പദ്ധതി

ഇനം	അനുവദിച്ച സഹായം	
	95-96	96-97
1. കിണർ	34,500.00	37,500.00
2. കുഴൽകിണർ	1200.00	1,600.00
3. പമ്പ്സെറ്റ്	25,000.00	37,500.00
4. റോക്കർ സ്പ്രേയർ	2,000.00	1,000.00
5. രാസവളം		57,500.00
6. തെങ്ങുകയറ്റ യന്ത്രം	2000.00	1,000.00
7. ബയോഗ്യാസ്	12,200.00	7,200.00
ആകെ	76,900.00	2,16,800.00

നെല്ല് ഉൽപ്പാദന ബോണസ് ഇനത്തിൽ 33,400/-രൂപ നെൽ കർഷകർക്ക് നൽകിയിട്ടുണ്ട്.

സ്പെഷ്യൽ കമ്പോണൻറ് ആക്ട് പ്രോഗ്രാം അനുസരിച്ച് പട്ടികജാതി പട്ടികവർഗക്കാർക്ക് 96-97ൽ തെങ്ങിൻ തൈകളും അടക്കാമരതൈകൾ നൽകുന്നതിനുമായി വകയിരുത്തിയിട്ടുണ്ട്. സി. സി.ഡി.പി. സ്കീമിൽ പട്ടികജാതി പട്ടികവർഗക്കാർക്ക് 10,000 രൂപ വകയിരുത്തിയിട്ടുണ്ട്.

നടപ്പ് പദ്ധതികളുടെ അവലോകനം

കഴിഞ്ഞ 5 വർഷമായി കൃഷി മേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ പ്രകാരം ധാരാളം കർഷകർക്ക് ധനസഹായം ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ജീവിതനിലവാരവും കാർഷിക വരുമാനവുമായി പൊരുത്തപ്പെട്ടുപോകാൻ സാധിച്ചിട്ടില്ല. നെല്ലുൽപ്പാദക ബോണസായി 255 കർഷകർക്ക് 71,000 രൂപ നൽകിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1. മണ്ണിന് ഫലപുഷ്ടി കുറഞ്ഞു വരുന്നു.
2. വെള്ളക്കെട്ട്, കാറ്റുവീഴ്ച എന്നിവ മൂലം കേരകൃഷി നശിക്കുന്നു.
3. ശാസ്ത്രീയമായി കൃഷി നടത്തുന്നതിലുള്ള അജ്ഞത.
4. വ്യവസായ മേഖലകളിൽ നിന്നുള്ള അന്തരീക്ഷ മലിനീകരണം
5. നല്ല നടീൽ വസ്തുക്കളുടെ അഭാവം
6. ഉൽപ്പാദനക്ഷമത കുറഞ്ഞുവരുന്നു
7. കർഷകത്തൊഴിലാളികളെ കിട്ടാനില്ല.
8. കാർഷിക ഉൽപ്പന്നങ്ങൾക്ക് മതിയായ വിള ലഭിക്കുന്നില്ല.
9. കൃഷി ഭവനുകളിൽ നിന്ന് ആവശ്യമായ നിർദേശങ്ങളും സഹായങ്ങളും യഥാസമയം ലഭിക്കുന്നില്ല.
10. നിലവിലുള്ള ജലസേചന സൗകര്യങ്ങൾ അപര്യാപ്തമാണ്.
11. കാർഷികോൽപന്ന സംസ്കരണത്തിന് സൗകര്യങ്ങൾ ഇല്ല.
12. നെൽപ്പാടങ്ങളുടെ ബണ്ടുകൾ ബലവത്തല്ല. നീർചാലുകൾ നികന്നു പോയിട്ടുണ്ട്.
13. കാർഷിക വികസന ബാങ്കുകളിൽ നിന്ന് യഥാസമയം വായ്പകൾ ലഭിക്കുന്നില്ല.
14. നെൽകൃഷിക്കാർക്ക് പാടത്തുനിന്നും കൃഷി സമയത്ത് വെള്ളം പുറത്തേയ്ക്ക് കളയുവാൻ സംവിധാനമില്ല.
15. കേരകർഷകർക്ക് തെങ്ങുകയറ്റം നടത്തുന്നതിന് തെങ്ങകയറ്റിന് ആളെ കിട്ടാനില്ല.
16. പൊക്കാളികൃഷി ലാഭകരമല്ല.

Alphonsa Vpz.

സാധ്യതകൾ

1. തെങ്ങുകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് അത്യുൽപ്പാദനശേഷിയുള്ള തൈകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.
2. രോഗം ബാധിച്ച തെങ്ങുകൾ പൂർണമായും വെട്ടിമാറ്റുകയും നഷ്ടപരിഹാരമായി ഒരു തെങ്ങിന് 500 രൂപ പ്രകാരം കേരകർഷകർക്ക് നൽകണം.
3. കേര കർഷകർക്ക് വളം, കീടനാശിനി എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.
4. എലി നശീകരണത്തിന് കാമ്പയിൻ വർക്ക് നടത്തണം.
5. കേര ഉൽപ്പാദകർക്ക് ഉൽപ്പാദക ബോണസ് നൽകണം.
6. മണ്ണൊലിപ്പ് മൂലം ഭൂമിയിലെ ജൈവാംശം നഷ്ടപ്പെടുന്നത് തടയുന്നതിനായി പുഞ്ചിടങ്ങളിലെ ഇടത്തോടുകൾ വർഷം തോറും വെട്ടി ഉപയുക്തമാക്കുന്നതിന് കർഷകർക്ക് സാമ്പത്തിക സഹായം നൽകണം.
7. പൊതുജന പങ്കാളിത്തത്തോടെ നാട്ടു തോടുകളിലുള്ള തടസങ്ങൾ ഒഴിവാക്കി വേലിയേറ്റം, വേലിയിറക്കം എന്നിവയ്ക്കുള്ള സാധ്യത വർദ്ധിപ്പിക്കുകയും തോടുകളുടെ ഇരുകരകളും കരിങ്കൽ കെട്ടി സംരക്ഷിക്കണം.

1. ചെട്ടിഭാഗം പുത്തൻപള്ളിത്തോട്
2. പുത്തൻപള്ളി – മുട്ടിനകം
3. മുട്ടിനകം മണ്ണന്തുരുത്ത്
4. എടമ്പാടം കോൺവെൻറ് പാവനത്തറതോട്
5. പള്ളിത്തറ തോട്
6. പുട്ടുകുറ്റിക്കൽ തോട്
7. ദേവസ്വം പാടത്തുള്ള നിർചാലുകൾ.
8. മണ്ണംതുരുത്ത് – പള്ളിനിലംതോട്
9. മണ്ണംതുരുത്ത് – മിനി സ്റ്റേഡിയംതോട്
10. ദേവസ്വംപാടം – കർഷകസേവ സമിതി തോട്
11. ചിറയ്ക്കകം – മാർക്കറ്റ് തോട്
12. കപ്പിത്താൻ തോട്, നസ്റത്ത് തോട്
13. ദേവസ്വംപാടം – ശിശുവിഹാർ തോട്
14. തെക്കേക്കാട് അപ്പിച്ചിമല്ലൻ പറമ്പ് തോട്
15. മിച്ചഭൂമി – കട്ടത്താടം
16. ചിറയ്ക്കകം ശ്മശാനം – തട്ടാരശ്ശേരിത്തോട്
17. ബാവേലി കൊളക്കാണ്ടം മീൻതോട് തോട് – പാടിത്തോട്
18. ചിറയ്ക്കകം മിച്ചഭൂമി തോട്
19. വടക്കേ ലക്ഷംവീട് – മീൻതോട് തോട്
20. കാനപ്പിള്ളി – മാട്ടുമ്മൽ വിൽതോട്
21. സിന്ധു ഫാർമസി – കോട്ടുവള്ളി തോട്
22. മണ്ണംതുരുത്ത് – കാലാക്കശ്ശേരി തോട്
23. തലോളിച്ചിറ ചിറയ്ക്കകം പാടിത്തോട്
24. മീൻതോട് – തിരുമുപ്പം കുളംതോട്
25. തേവർകാട് – മണ്ടാംപറമ്പ് തോട്

8. പ്രത്യേക തൊഴിൽദാന പദ്ധതി വഴി 10 സെൻറിൽ താഴെയുള്ളവർക്കും കിണർകുഴിക്കുന്നതിന് ധനസഹായം നൽകണം.
9. കേരകർഷകർക്ക് ജലസേചനം നടത്തുന്നതിന് കുഴൽകിണറുകളും പമ്പുകളും അനുവദിക്കണം.
10. പുത്തൻപള്ളിയിലുള്ള അലക്കുകുളം, തിരുമുപ്പംകുളം ഇവ ആഴം കൂട്ടുകയും ബലപ്പെടുത്തുകയും ചെയ്ത് ഉദ്ദേശം 200 ഏക്കർ കേരകൃഷിക്ക് ജലസേചനം നടത്തണം.
11. നെല്ല്–തെങ്ങ് പച്ചക്കറി കൃഷിക്കാർക്ക് ബോധവൽക്കരണവും പ്രോൽസാഹനവും നടത്തണം.
12. ചെമ്മീൻകൃഷിക്ക് അസാക്, എം.പി.ഇ.ഡി.എ. എന്നീ സ്ഥാപനങ്ങൾ വഴി ശാസ്ത്രീയമായ പരിശീലനവും വായ്പയും അനുവദിക്കണം.
13. പാടശേഖരങ്ങളിലെ ബണ്ടുകൾ ബലപ്പെടുത്തുന്നതിന് Social Conservation വകുപ്പിൽനിന്ന് ധനസഹായം നൽകണം.
14. നെൽകൃഷിക്കാർക്ക് മെതിയന്ത്രങ്ങൾ, സ്പീഡ് പിൻ എന്നിവ സബ്സിഡി നിരക്കിൽ അനുവദിക്കണം.

15. വ്യവസായ ശാലകളിലെ മലിനജലം മൂലം കൃഷി നശിക്കാതിരിക്കാൻ സംവിധാനം ഏർപ്പെടുത്തണം.
16. നെല്ലുൽപ്പാദകർക്ക് നെല്ലുൽപ്പാദക ബോണസ് ഇപ്പോൾ സെൻറിനു ഒരു രൂപയെന്നത് അഞ്ചു രൂപയെങ്കിലുമായി വർദ്ധിപ്പിക്കണം.
17. കാർഷിക വിളകൾക്കും, ചെമ്മീൻകൃഷിക്കും ശാസ്ത്രീയമായി ഇൻഷ്യുറൻസിൽ ഉൾപ്പെടുത്തണം.
18. കർഷകർക്ക് കാർഷിക വികസന ബാങ്ക്, പ്രാഥമിക കാർഷിക സഹകരണസംഘം എന്നിവിടങ്ങളിൽ നിന്ന് യഥാസമയം വായ്പകൾ ലഭ്യമാക്കണം.
19. സഹകരണാടിസ്ഥാനത്തിൽ കൊപ്ര സംഭരണം, അടക്കാ സംഭരണം, നെല്ല് സംഭരണം എന്നിവ നടപ്പിലാക്കണം.
20. ഗ്രൂപ്പ് ഫാമിങ് സംവിധാനം നടപ്പിലാക്കണം.
21. വാഴ കൃഷിയെ പ്രോൽസാഹിപ്പിക്കണം.
22. ജാതി, കവുങ്ങ് ഇവയുടെ അത്യുൽപ്പാദന ശേഷിയുള്ള വിത്തുകൾ കർഷകർക്ക് നൽകണം.
23. പുരയിടങ്ങളിൽ അത്യുൽപ്പാദനശേഷിയുള്ള കശുമാവിൻ തൈകൾ വിതരണം ചെയ്യണം.
24. പച്ചക്കറി കൃഷിക്ക് കൃഷി ഭവൻ വഴി വിത്തുകൾ വിതരണം ചെയ്യണം. വളം കീടനാശിനി ഇവ യഥാസമയം പച്ചക്കറി കർഷകർക്ക് നൽകണം.
25. ഉദ്യാനകൃഷിയായി കുറ്റിമുല്ല, ഓർക്കിഡ്, ആന്തോറിയം മുതലായ ചെടികൾ സഹകരണാടിസ്ഥാനത്തിൽ ഏർപ്പെടുത്തണം.
26. പാടശേഖരങ്ങളിലെ ബണ്ടുകൾ, വരമ്പുകൾ ഇവിടങ്ങളിൽ പയർ, പുല്ല് (റാഗി) എന്നിവ നട്ട് പിടിപ്പിക്കാൻ പ്രോൽസാഹിപ്പിക്കണം.
27. നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് താഴ്ന്ന പാടശേഖരങ്ങളിൽ ഡീവാട്ടറിങ്ങിനുള്ള സംവിധാനം ഏർപ്പെടുത്തണം.
28. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളെ കൊണ്ട് അടുക്കള കൃഷി നടത്താൻ പരിശീലിപ്പിക്കുകയും ഇതിലേയ്ക്ക് പ്രോൽസാഹന സമ്മാനങ്ങളും നൽകുവാൻ ഏർപ്പാടു ചെയ്യണം.
29. നെൽകൃഷിക്കും ചെമ്മീൻ കൃഷിക്കും പ്രധാന ഭീഷണിയായി തീർന്നിരിക്കുന്ന ആഫ്രിക്കൻ പായൽ, കൂവളം എന്നിവ നശിപ്പിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.
30. തെങ്ങു കയറ്റത്തിന് പരിശീലനം നൽകുകയും തെങ്ങുകയറ്റ മന്ത്രങ്ങൾ വ്യാപകമാക്കുകയും ഈ തൊഴിലിൽ പിന്നോക്കം പോയവരെ പ്രോൽസാഹിപ്പിക്കുകയും ആനുകൂല്യങ്ങൾ നൽകുകയും വേണം.
31. നെല്ലുൽപ്പാദക സമിതിയും കേര വികസന സമിതിയും ശക്തിപ്പെടുത്തണം.
32. സി.സി.ഡി.പി. പ്രോഗ്രാം നടപ്പിലാക്കണം.

Alphonsa Vpz.

മൃഗസംരക്ഷണം മൽസ്യബന്ധനം

മൃഗസംരക്ഷണം

കാർഷിക മേഖലയായ വരാപ്പുഴ ഗ്രാമ പഞ്ചായത്തിൽ അതുമായി ബന്ധപ്പെട്ട മൃഗസമ്പത്തുകൊണ്ട് സമ്പന്നമാണ്. പാൽ ഉത്പാദനത്തിൽ ഊന്നിക്കൊണ്ടുള്ള മൃഗപരിപോഷണവും ഈ പഞ്ചായത്തിൽ നടന്നുവരുന്നുണ്ട്. പശു, ആട്, എരുമ മുതലായ പാൽ തരുന്ന വളർത്തുമൃഗങ്ങളെ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പാൽ ഉത്പാദനത്തിനായി വളർത്തിവരുന്നു. എരുമയും പോത്തും വളരെ വിരളമായിട്ടേ കണ്ടുവരുന്നുള്ളു. പശു, ആട് മുതലായവയെ 'കാപ്പട്ടയ്ക്ക്' വാങ്ങി വളർത്തുന്ന സമ്പ്രദായവും പണ്ടുമുതൽക്കേ കണ്ടുവരുന്നു. ഈ ഏർപ്പാടനുസരിച്ച് വളർത്താൻ ഏറ്റെടുക്കുന്നവർക്ക് ആദ്യ പ്രസവത്തിലെ കുട്ടി വളർത്തുകാരന്റേതാകും. ഇഴജന്തുക്കളും ഈ പഞ്ചായത്തതൃത്തിയിൽ ഒട്ടും കുറവല്ല. മുയൽ, പന്നി മുതലായവയേയും ചില സ്വകാര്യവ്യക്തികൾ കൂട്ടമായി വളർത്തുന്ന രീതിയും ഇപ്പോൾ നിലവിലുണ്ട്.

പക്ഷികളുടെ കാര്യത്തിൽ വീട്ടുമുറ്റക്കോഴികളും ഇറച്ചിക്കുവേണ്ടി വളർത്തുന്ന മേൽത്തരം ഇനത്തിൽപ്പെട്ട ബ്രോയിലർ, ഗിരിരാജ ഇനം കോഴികളും കണ്ടുവരുന്നു. കൂട്ടത്തോടെയുള്ള താറാവു വളർത്തലും ഒരു ഉപജീവനമാർഗമായി സ്വീകരിച്ചുവരുന്ന കുടുംബങ്ങളും ഉണ്ട്. കൾക്ക്, ചൈനാക്കോഴി, കാട തുടങ്ങിയ ഇനം കോഴികളേയും വീടുകളിൽ വളർത്തുന്നു. വിനോദത്തിനു വേണ്ടി വളർത്തുന്ന തത്ത, മാടത്ത, മൈന, വിവിധയിനം അലങ്കാര പക്ഷികൾ, മയിലുകൾ എന്നിവയെ വളർത്തുന്നവരും ദുർലഭമല്ല. കൂടാതെ പുരാതന കാലത്ത് ഈ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് ഇടതിങ്ങി വളർന്നിരുന്ന കാടുകളിൽ ഒരു പക്ഷിസങ്കേതവും നിലവിലുണ്ടായിരുന്നതായി ചരിത്രപശ്ചാത്തലമുണ്ട്.

ഗ്രാമീണ സമ്പദ്ഘടനയുടെ അഭിവൃദ്ധിയും പൊതുജനാരോഗ്യ സംരക്ഷത്തിനും മൃഗസംരക്ഷണം കൂടിയേ തീരു. കേരളീയരുടെ പാലിന്റെ ഉപഭോഗം വർധിപ്പിക്കുക വഴി ആരോഗ്യരംഗത്ത് മികച്ച നേട്ടം കൈവരിക്കാൻ കഴിയും. മനുഷ്യാഹാരത്തിന് പാൽ, മുട്ട, ഇറച്ചി എന്നിവയുടെ അളവ് വർധിപ്പിക്കേണ്ടിയിരിക്കുന്നു. നെയ്യ് ഔഷധമൂല്യമുള്ള ഒരു പദാർത്ഥമാണ്. കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്ന നിലയിലല്ലാതെ പാൽ ഉത്പാദനത്തിൽ ഊന്നിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ചിലരൊക്കെ ഗാർഹികവൃത്തിയുടെ ഭാഗമായും കന്നുകാലികളെ വളർത്തുന്നു.

മൃഗസംരക്ഷണരംഗത്ത് ഒരു സർക്കാർ ആശുപത്രി പഞ്ചായത്തിന്റെ മധ്യഭാഗത്ത് പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന ഈ ആശുപത്രിക്ക് പരാധീനതകളേറെയാണ്. അറവുശാലകൾ, പഞ്ചായത്തതൃത്തിയിൽ ഇല്ലെങ്കിലും നാടൻരീതിയിൽ മാടുകളെ അറുത്തുവിൽപ്പന നടത്തുന്ന മാംസവിൽപനശാലകൾ അങ്ങിങ്ങായുണ്ട്. അവയുടെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ പരിസര മലിനീകരണം മൂലം ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്.

ക്ഷീരസംഭരണ വിപണന രംഗത്ത് സംഘടിതമായ പ്രവർത്തനം ആരംഭിച്ചത് 1979 ൽ ആണ്. ഇപ്പോഴത്തെ പഞ്ചായത്താഫീസിന്റെ ഒരു മുറിയിൽ ആരംഭിച്ച ക്ഷീരസഹകരണസംഘം സ്വന്തമായ കെട്ടിടമില്ലാത്തതിനാൽ മാറിമാറി വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. തുടർന്ന് തേവർകാട് കരയിലും വനിതകളുടെ നേതൃത്വത്തിൽ മുട്ടിനകത്തും ക്ഷീരസഹകരണ സംഘങ്ങൾ ആരംഭിക്കുകയുണ്ടായി. തേവർക്കാട്ടിലും ദേവസ്വംപാടത്തും ചിറയ്ക്കകത്തും പുത്തൻപള്ളിയിലുമൊക്കെ സ്വകാര്യവ്യക്തികൾ പാൽ സംഭരിച്ച് വീടുകളിൽ ബന്ധപ്പെട്ടും പാൽ വിപണനം നടക്കുന്നുണ്ട്. തേവർകാടും മുട്ടിനകത്തും തുണ്ടത്തുംകടവിലും ആരംഭിച്ച ക്ഷീര സഹകരണ സംഘങ്ങൾ APCOS ന്റെ സഹായത്തോടെ ആരംഭിച്ചിട്ടുള്ളവയാണ്.

വീട്ടമ്മമാർക്കുള്ള സാമ്പത്തികമായ ഏക ആശ്വാസം വീട്ടുമുറ്റക്കോഴികളാണ് ഒരു കോഴിയെങ്കിലും ഇല്ലാത്ത വീടുകൾ കാണാനേ കഴിയില്ല. സ്വകാര്യ വ്യക്തികൾ മുട്ടയ്ക്കും ഇറച്ചിക്കും വേണ്ടി കൂട്ടത്തോടെ മേൽത്തരം കോഴികളെ വളർത്തുന്ന കേന്ദ്രങ്ങളും ഈ പഞ്ചായത്തിൽ പലയിടത്തുമുണ്ട്. കാട മുട്ടയും ആവശ്യത്തിന് ഇവിടെ ലഭിക്കുന്നുണ്ട്. ഇറച്ചിക്കും മുട്ടയ്ക്കും വേണ്ടി താറാവുകളെ കൂട്ടത്തോടെ വളർത്തുന്ന വ്യക്തികളും അങ്ങിങ്ങായുണ്ട്. കൊയ്ത്ത് കഴിഞ്ഞ് നെൽപ്പാടങ്ങളിൽ കൂട്ടത്തോടെ താറാവിനെ തീറ്റിക്കുന്നതിന് തീറ്റക്കൂലി നിലമുടമകൾ ഈടാക്കുന്ന സമ്പ്രദായവും നിലവിലുണ്ട്. പാടങ്ങളിൽ താറാവിനെ തീറ്റിക്കുന്നതിനെ സംബന്ധിച്ച് ഒരു 'താറാവു സമരം' നടത്തിയ ചരിത്രവും ഈ വരാപ്പുഴയെ സംബന്ധിച്ചുണ്ട്. കോഴികൾക്കും താറാവുകൾക്കും ഉണ്ടാകുന്ന രോഗങ്ങൾ ഇവയുടെ നിലനിൽപ്പിന് ഒരു വലിയ ഭീഷണിയാണ്.

പ്രശ്നങ്ങൾ:-

1. അമിതനിരക്കിലുള്ള കാലിത്തീറ്റയുടെ ലഭ്യത.
2. മാടുകളിൽ കണ്ടുവരുന്ന അകിട്വീക്കവും കുളമ്പുരോഗവും.
3. മൃഗചികിൽസാ സംവിധാനങ്ങളുടെ അപര്യാപ്തത.
4. വാസയോഗ്യമായ തൊഴുത്തുകളുടെ അഭാവം.
5. സംപുഷ്ടീകരിച്ച വൈക്കോലിന്റേറയും തീറ്റപ്പുല്ലിന്റേറയും ദൗർലഭ്യം.
6. മേൽത്തരം ഇനങ്ങളുടേയും കൃത്രിമബീജസങ്കലന രീതിയുടേയും അപര്യാപ്തത.
7. മേത്തരം ആടുകളുടേയും മുയലുകളുടേയും പന്നികളുടേയും ദൗർലഭ്യം.
8. അശാസ്ത്രീയമായ കറവരീതി.
9. ആവശ്യത്തിന് കറവക്കാരെ കിട്ടായ്ക.
10. കോഴി, താറാവ് എന്നിവയ്ക്കുള്ള രോഗപ്രതിരോധ ചികിൽസയുടെ പോരായ്ക.
11. മുട്ടക്കോഴികളെ സൗജന്യ നിരക്കിൽ ലഭിക്കുന്നതിനുള്ള തടസങ്ങൾ.
12. കോഴിത്തീറ്റയുടെ വർദ്ധിച്ച വിലയും പോഷകക്കുറവും.
13. നാടൻ ക്ഷീര സംസ്ക്കരണ യൂണിറ്റിന്റെ അഭാവം.
14. മിനി കാലിത്തീറ്റ യൂണിറ്റിന്റെ അഭാവം.
15. കാലി സെൻററുകൾ ഇല്ല.
16. ആധുനിക രീതിയിലുള്ള അറവുശാലകളുടെ അഭാവം.
17. കന്നുകുട്ടി പരിപാലന രീതിയുടെ അപര്യാപ്തത.
18. മൃഗ സംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണത്തിന്റെ അപര്യാപ്തത.

സാദ്ധ്യതകൾ:-

1. കാലിത്തീറ്റയ്ക്ക് സബ്സിഡി അംഗീകൃത സംഘങ്ങൾ വഴി ലഭ്യമാക്കണം.
2. മൃഗപരിപാലനത്തിന് ബാങ്കുകളിൽ നിന്ന് ലഭിക്കുന്ന വായ്പകൾക്കുള്ള വാർഷിക വരുമാനപരിധി കുറയ്ക്കണം.
3. വൈക്കോലിൽ യൂറോ മൊളാമ്പസ് ട്രീറ്റുമെൻറ് വ്യാപകമായി നടപ്പിലാക്കുകയും അവ കുറഞ്ഞ ചെലവിൽ ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.
4. മൃഗങ്ങളിൽ രോഗപ്രതിരോധ ചികിൽസ വ്യാപകമാക്കണം.
5. തീറ്റപ്പുൽകൃഷി വ്യാപനത്തിനു വേണ്ട ഊർജിത പ്രവർത്തനം നടപ്പിലാക്കണം.
6. മിനി കാലിത്തീറ്റ യൂണിറ്റുകൾ സ്ഥാപിക്കണം.
7. നാടൻ ക്ഷീരസംസ്ക്കരണ കേന്ദ്രം ആരംഭിക്കണം.
8. കൃത്രിമ ബീജസങ്കലനം വഴി പുതിയ ജനുസുകളെ വാർത്തെടുക്കുന്നത് വ്യാപകമാക്കണം.
9. കൂടുതൽ പാലും ഇറച്ചിയും നൽകുന്ന മേൽത്തരം ആടുകളെ വീട്ടമ്മമാർക്ക് 'ആടിനു പകരം പാല്' എന്ന വ്യവസ്ഥയിൽ ലഭ്യമാക്കണം.
10. കറവയിൽ ശാസ്ത്രീയമായ പരിശീലനവും ബോധവൽക്കരണവും നടത്തണം.
11. കന്നുകുട്ടികളുടെ പരിപാലനത്തിനായി സബ്സിഡിയായി പോഷകവസ്തുക്കൾ ലഭ്യമാക്കണം.
12. ഇറച്ചിക്കോഴി വളർത്തൽ ആദായകരമാക്കാൻ പ്രാദേശികമായി ലഭ്യമാകുന്ന കൈത്തീറ്റകൾ കൊടുത്ത് ചെലവ് ചുരുക്കണം.
13. വീട്ടുമുറ്റക്കോഴികളെ വളർത്തുന്നതിന് നിലവിലുള്ള സംവിധാനം വ്യാപകവും വർധിതവുമാക്കുക.
14. കാലി സെൻററുകൾ സ്ഥാപിക്കുക.
15. കോഴി, മുയൽ എന്നിവയെ കുട്ടികൾക്ക് വളർത്താൽ കൊടുക്കുക.
16. കോഴി, താറാവ് എന്നിവയുടെ രോഗപ്രതിരോധ സംവിധാനം മെച്ചപ്പെടുത്തുകയും ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും ചെയ്യുക.
17. അത്യുൽപ്പാദന ശേഷിയുള്ള താറാവ് ഇനങ്ങളുടെ കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.
18. നല്ലയിനം പന്നി, മുയൽ എന്നിവയുടെ കുഞ്ഞുങ്ങളുടെ സൗജന്യ നിരക്കിലുള്ള വിതരണം വ്യാപകമാക്കുക.
19. എരുമ വളർത്തൽ പ്രോൽസാഹിപ്പിക്കുക.
20. ബയോഗ്യാസ് പ്ലാൻറുകളുടെ വ്യാപനത്തിലൂടെ കന്നുകാലി വളർത്തൽ ലാഭകരമാക്കാം.
21. 'ഒരു വീട്ടിൽ ഒരു പശു' എന്ന ആശയം യാഥാർത്ഥ്യമാക്കുക.

മൽസ്യബന്ധനം

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ വെച്ചുനോക്കുമ്പോൾ വരാപ്പുഴ പഞ്ചായത്ത് മൽസ്യബന്ധനത്തിന് ഏറ്റവും അനുയോജ്യമായ പ്രദേശമാണ്. പെരിയാറിന്റെ ഭാഗമായ വരാപ്പുഴ കായലിൽ നിന്നും തെക്കോട്ട് എടമ്പാടം വാർഡിനെ ഏകദേശം 3 കിലോമീറ്ററും പടിഞ്ഞാറോട്ട് തിരിഞ്ഞൊഴുകുന്ന മറ്റൊരു ശാഖ മണ്ണാത്തുരുത്ത്, എടമ്പാടം, തുണ്ടത്തുംകടവ് എന്നീ വാർഡുകളെ ഏകദേശം 10 കി. മീറ്ററും തീരങ്ങളെ തഴുകി കൊച്ചിക്കായലിൽ പതിക്കുന്നു. കൂടാതെ മുട്ടിനകം മണ്ണുംത്തുരുത്തു വാർഡുകളും പെരിയാറിന്റെ തീരത്താണ്. പെരിയാറിന്റെ മറ്റൊരു വടക്കൻ കൈവഴിയായ കോട്ടുവള്ളിപ്പുഴ ഏകദേശം 12 കി. മീറ്ററോളം നീളത്തിൽ തേവർക്കാട്, ദേവസ്വംപാടം കരകളെ തലോടിക്കൊണ്ട് പടിഞ്ഞാറോട്ടൊഴുകുന്നു. തുണ്ടത്തുംകടവ് പാവനക്കടവിൽ നിന്നാരംഭിച്ച് ചിറയ്ക്കകം, പുത്തൻപള്ളി, മുട്ടിനകം, മണ്ണുംത്തുരുത്ത് വാർഡുകളെ വേർതിരിച്ചുകൊണ്ട് വടക്കോട്ടൊഴുകുന്ന ഒരു ചെറു പുഴയും ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തതൃത്തിയിലെ 18 കിണറുകളും 3 വലിയ കുളങ്ങളും ആയിരം ഏക്കറോളം വരുന്ന പൊക്കാളി പാടങ്ങളും തോടുകളും കൊണ്ട് സമ്പുഷ്ടമായ ഒരു വലിയ ജലസ്ത്രോസ്സാണ് വരാപ്പുഴ പഞ്ചായത്തിനുള്ളത്.

മേൽപ്പറഞ്ഞ ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ടാണ് മൽസ്യബന്ധന മേഖല നിലകൊള്ളുന്നത്. പൊതുവെ വറ്റാത്ത ഈ ജലസ്രോതസ്സുകളുടെ സ്വഭാവം കാലത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു. ജൂൺമാസം മുതൽ നവംമ്പർ വരെ ശുദ്ധജലവും ഡിസംബർ മുതൽ മെയ് അവസാനം വരെ ഓരുജലവുമായിരിക്കും. അതുകൊണ്ടുതന്നെ കൃഷിയും മൽസ്യബന്ധനവും കാലോചിതമായി നടത്താൻ കഴിയുന്നു.

പരമ്പരാഗത മൽസ്യബന്ധനരീതികളാണ് പ്രധാനമായും അവലംബിക്കുന്നത്. ഊന്നിവല, ഒഴുക്കുവല, അടക്കൻകൊല്ലി, ചീനവല, വീശുവല, വട്ടമല, കുത്തുവല, കോരുവല, തെറ്റാൽ, ഒറ്റാൽ, കണ്ടാളി, മുപ്പല്ലി, വടിവല, ആയിരംചൂണ്ട, ഞണ്ടുവല, തിരുതവല മുതലായവ മൽസ്യബന്ധന ഉപകരണങ്ങളാണ്. ചരടിൽ കുരുത്തോല കെട്ടി മൂന്നുപേരുടെ സഹായത്തോടെ വെള്ളത്തിനടിയിൽ മുങ്ങി ചെളിയിൽ നിന്നും കരിമീൻ പിടിക്കുന്ന രീതി വളരെ രസകരമാണ്. ചൂണ്ടയിൽ ഇരകൊളുത്തി പുഴയോരത്തിരുന്നും ചെറുവഞ്ചിയിൽ സഞ്ചരിച്ചും മൽസ്യം പിടിക്കുന്ന സമ്പ്രദായവും നിലവിലുണ്ട്. തൂമ്പുകളിൽ കൂടി പാടത്തേക്ക് വെള്ളം കയറ്റുമ്പോൾ വെയ്ക്കുന്ന ഏറ്റവല ഒഴുക്കിന്റെ ശക്തി കുറയുമ്പോൾ മൽസ്യസമ്പത്ത് പുറത്തേക്കു കടന്നുപോകാതിരിക്കാൻ സഹായിക്കുന്നു. ചെമ്മീൻ വാറ്റുന്നതിനായി ഉപയോഗിക്കുന്നത് വാലുവലകളാണ്. പുഴയോരങ്ങളിൽ തൂപ്പുകൾ കൂട്ടിയിട്ട് കുത്തുവല ഉപയോഗിച്ച് മൽസ്യബന്ധനം നടത്താറുണ്ട്. ഓല മെടഞ്ഞ് കൊലഞ്ഞീൻ ഇട്ടു നിറച്ച് പടലുകൾ ഉപയോഗിച്ചും മൽസ്യ പിടിക്കുന്ന രീതിയുണ്ട്. രാത്രി കാലങ്ങളിൽ ചൂട്ടുകെട്ടുപയോഗിച്ച് മൽസ്യം പിടിക്കുന്ന രീതി നിലവിലുണ്ടായിരുന്നു. കൈകൊണ്ട് വെള്ളം തട്ടിത്തെറിപ്പിച്ച് മൽസ്യത്തെ ഭയപ്പെടുത്തി ചെളിയിൽ തറപ്പിച്ച് തപ്പിയെടുക്കുന്ന സമ്പ്രദായവും പരക്കെയുണ്ട്. കൂടുപയോഗിച്ചും തോട്ട പൊട്ടിച്ചും മൽസ്യം പിടിക്കുന്ന സമ്പ്രദായം ഉപ്പോൾ നിലവിലില്ല.

ചെമ്മീൻ, കരിമീൻ, പൂമീൻ, കണമ്പ്, തിരുത, വരാൽ, പാലാങ്കണ്ണി, മാലാൻ, കോലാൻ, കതിരാൻ, കൂരി, പള്ളത്തി, പരൽ, നന്തൻ, കൊഞ്ച്, ചെമ്പല്ലി, കാളാഞ്ചി, കൊഴുവ, നങ്ക്, തിലോപ്പിയ മുതലായവ ഈ മേഖലകയിൽ കണ്ടുവരുന്ന മൽസ്യ ഇനങ്ങളാണ്. പൊക്കാളി പാടശേഖരങ്ങളിൽ വ്യാപകമായിട്ടുള്ള പ്രധാന മൽസ്യക്കൃഷി ചെമ്മീനാണ്. കാരയും, നാരനും, തെള്ളിയും, മുട്ടച്ചെമ്മീനും കൊഞ്ചും ഇതിൽപ്പെടും. നമ്മുടെ സംസ്ഥാനത്ത് വിദേശനാണ്യം നേടിത്തരുന്നതും ഈ കൃഷിതന്നെ. എന്നാൽ ശാസ്ത്രീമായ രീതിയിൽ ചെമ്മീൻകൃഷി നടത്തുന്നതിനുള്ള വൈദഗ്ദ്ധ്യം ഇവിടുത്തെ കർഷകർക്കില്ല. സ്വകാര്യ വ്യക്തികളിൽ നിന്നും ചെമ്മീൻ കുഞ്ഞുങ്ങളെ വിലയ്ക്കുവാങ്ങി ഈ നിലങ്ങളിൽ ചെമ്മീൻ വിളയിക്കാറുണ്ട്. ഉത്പാദനം വർധിപ്പിക്കാനുതകുന്ന പോഷമൂല്യമുള്ള ചെമ്മീൻ തീറ്റകൾ ഇവിടെ ലഭ്യമല്ല. എന്നിരുന്നാലും ചാണകപ്പൊടി, കപ്പലണ്ടി, പിണ്ണാക്ക്, നന്തൻ പുഴുങ്ങിയത്, കക്കയിറച്ചി പുഴുങ്ങിയത് എന്നിവ ചെമ്മീൻ കുഞ്ഞുങ്ങൾക്ക് തീറ്റയായി ഇട്ടുകൊടുക്കുനു. ചെമ്മീൻനിനേക്കാൾ വിലയുള്ളതും വിദേശനാണ്യം നേടിത്തരാൻ ഉതകുന്നതുമായ മറ്റൊരു പ്രധാന കൃഷിയാണ് 'മഡ് കൃഷി'. വലുപ്പം കൂടിയ ഞണ്ടുകളെയാണ് 'മഡ്' എന്നു പറയുന്നത്. ചെമ്മീൻകൃഷിപോലെതന്നെ മഡ്ഡ് കൃഷിയും വ്യാപകമാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. കക്കയും സുലഭമായി ഈ പ്രദേശങ്ങളിൽ നിന്നും ലഭിക്കുന്നു.

വിപണന രംഗത്ത് ഒരു പൊതുമാർക്കറ്റ് ഈ പഞ്ചായത്തിലുണ്ട്. എന്നാൽ ഇടത്തട്ടുക്കാരുടെ കടന്നാക്രമണം മൂലം തങ്ങൾ ശേഖരിച്ച മൽസ്യങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യമോ യഥാർത്ഥ വിലയോ മൽസ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. നിത്യവൃത്തിക്കുവേണ്ടി മൽസ്യ വിപണനം തൊഴിലാക്കിയിട്ടുള്ള സ്ത്രീ തൊഴിലാളികൾ അനുവേിക്കുന്ന കഷ്ടതകൾ ഏറെയാണ്. ഒരു മൽസ്യ ശേഖരണ വിപണന സഹകരണസംഘം ഈ പ്രദേശത്ത് കൂടിയേ തീരു. മൽസ്യഫെഡിന്റെ വക ഒരു വനിതാ ബസ് നിത്യവും ഈ മാർക്കറ്റിൽ നിന്നും മൽസ്യം ശേഖരിച്ചു പോകുന്നുണ്ട്. കൂടാതെ ചെമ്മീൻ വിളക്കാലത്ത് വിവിധ ഭാഗങ്ങളിൽ സ്വകാര്യ വ്യക്തികളുടെ വകയായി പീലിങ് ഷെഡുകളുടെ പ്രവർത്തനം ആരംഭിക്കാറുണ്ട്. അഞ്ചോ പത്തോ കിലോഗ്രാം ചെമ്മീൻ വീതം വീടുകളിൽ കൊണ്ടുപോയി തോടുകളഞ്ഞ് മീറ്റ് തിരിയെ ഏൽപ്പിക്കുന്ന ഏർപ്പാടും ഇവിടെയുണ്ട്.

ദേവസ്വംപാടം വാർഡിലെ ഏകദേശം 90 ശതമാനം ആളുകളും ചിറയ്ക്കകം കരയിലെ ഏകദേശം 45 ശതമാനം ആളുകളും തുണ്ടത്തുംകടവ് തേവർക്കാട് പ്രദേശങ്ങളിലെ ഏകദേശം 15 ശതമാനം ആളുകളും മൽസ്യബന്ധനം മുഖ്യതൊഴിലാക്കി മാറ്റിയവരാണ്. ഏന്നാൽ മൽസ്യബന്ധനം നടത്തി നിത്യവൃത്തി കഴിച്ചുകൂട്ടാൻ വിഷമിക്കുന്നവർ വളരെയേറെയുണ്ട്. അവർക്ക് മൽസ്യബന്ധനോപകരണങ്ങൾ ആവശ്യത്തിന് ഇല്ല എന്നതാണ് പ്രധാന കാരണം. ഉപകരണങ്ങളുടെ അമിതമായ വില മൽസ്യത്തൊഴിലാളികളുടെ നട്ടെല്ലൊടിക്കുന്നു. മൽസ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും കാര്യമായ സഹായങ്ങളൊന്നുംതന്നെ ഇവർക്ക് ലഭിക്കുന്നില്ല. മൽസ്യത്തൊഴിലാളി ക്ഷേമനിധിയിൽ പേരു റജിസ്റ്റർ ചെയ്തിട്ടുള്ളവർ വളരെ വിരളമാണ്. കായലുകളിൽ ചീന വലകൾ നാട്ടി മൽസ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്കും വിദഗ്ധ ഉപദേശങ്ങളോ സാമ്പത്തിക സഹായങ്ങളോ ലഭിക്കുന്നില്ല. മൽസ്യത്തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതിയും അവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളും നാമമാത്രമായേ പ്രാവർത്തികമാക്കുന്നുള്ളു.

ഈ മേഖലയിൽ മൽസ്യസമ്പത്ത് കുറഞ്ഞുവരുന്നതാണ് ഇന്നത്തെ ശോചനീയാവാസ്ഥ. ഏലൂർ, എടയാർ, വ്യവസായ ശാലകളിൽ നിന്നും പുറംതള്ളുന്ന മലിനജലവും മടൽ മൂടുന്ന ഭാഗങ്ങളിൽ നിന്നുള്ള അഴുക്കുജലവും തുകൽ സംസ്ക്കരണ ശാലകളിൽ നിന്നും പുറത്തുവിടുന്ന മാരകമായ രാസവസ്തുക്കൾ കലർന്ന വെള്ളത്തിന്റെ ഒഴുക്കിവിടലും ചെമ്മീൻവാറ്റ് അവസാനിക്കുന്ന ഘട്ടത്തിൽ പരമാവധി ഉൽപ്പന്നം ശേഖരിക്കാൻവേണ്ടി നടത്തുന്ന മണ്ണെണ്ണ പ്രയോഗവും മൽസ്യസമ്പത്തു കുറയ്ക്കുന്നതിനും മൈക്രോപ്ലാൻറിന്റെ വംശനാശത്തിനും ഇടവരുന്നു. മൽസ്യക്കൃഷി രംഗത്ത് ശാസ്ത്രീയമായ കാഴ്ചപ്പാട് അത്യന്താപേക്ഷിതമാണ്.

പ്രശ്നങ്ങൾ:-

1. ഏലൂർ, എടയാർ വ്യവസായശാലകളിൽ നിന്നും ഒഴുക്കിവിടുന്ന മലിനജലത്തിന്റെ സാന്നിദ്ധ്യം.
2. ചകിരിച്ചോർ, മടൽമൂടുന്ന ഭാഗത്തുനിന്നുള്ള അഴുക്കുജലം എന്നിവ മൂലമുള്ള മലിനീകരണം.
3. തുകൽ സംസ്ക്കാരണശാലകളിൽ നിന്നും പുറത്തേക്കു വിടുന്ന മലിനജലം.
4. അറവുശാലകളിലെ പാഴ്വസ്തുക്കളുടെ പുഴയിലേക്കുള്ള നിക്ഷേപം.
5. ചെമ്മീൻ വാറ്റിന്റെ അവസാന ഘട്ടത്തിലെ മണ്ണെണ്ണ മുതലായവരുടെ പ്രയോഗം.
6. ഓരുജല ചെമ്മീൻകൃഷിക്ക് ആവശ്യമായ കുഞ്ഞുങ്ങളുടെ പ്രാദേശികമായ ലഭ്യതക്കുറവ്.
7. ബന്ധപ്പെട്ട സർക്കാർ ഏജൻസികളുടെ സാങ്കേതിക സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത.
8. മൽസ്യ സംസ്ക്കരണശാലയുടെ അപര്യാപ്തത.
9. വിദഗ്ധ പരിശീലനത്തിന് ഒരു ട്രെയിനിങ് സെൻററിന്റെ അഭാവം.
10. ശാസ്ത്രീയ കൃഷി രീതിയുടെ അഭാവം.
11. മൽസ്യഗ്രാമത്തിന്റെ അഭാവം.
12. ഉൾനാടൻ ജലാശയങ്ങളുടെ പൂർണമായ ഉപയോഗമില്ലായ്മ.
13. വിപണനരംഗത്തെ പോരായ്മ.
14. മൽസ്യക്കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കാവശ്യമായ പോഷകാഹാരത്തിന്റെ ലഭ്യത.
15. അകാ സർവീസ് ക്ലബിന്റെ അഭാവം.
16. ഫിഷ്മീൽ യൂണിറ്റിന്റെ അഭാവം.
17. അകാ സ്റ്റോഴ്സിന്റെ അഭാവം.
18. Pissy Club ന്റെ അഭാവം.
19. മൽസ്യ ബന്ധനോപകരണങ്ങളുടെ അപര്യാപ്തത.

സാദ്ധ്യതകൾ

1. ഏലൂർ, എടയാർ വ്യവസായ ശാലകളിൽ നിന്നും ഒഴുകി വരുന്ന മലിനജലം തടഞ്ഞു നിറത്തുന്നതിന് തുണ്ടത്തുംകടവിലെ നിലവിലുള്ള സ്ലൂയിസ് കം ബ്രിഡ്ജ് ശക്തിപ്പെടുത്തുകയും കാര്യക്ഷമമാക്കുകയും, പ്രത്യേകം ജോലിക്കാരനെ നിയമിക്കുകയും ചെയ്യുക.
2. ഉൾനാടൻ ജലകൃഷി സഹകരണ സംഘം രൂപീകരിക്കുക.
3. മെച്ചപ്പെട്ട മൽസ്യക്കൃഷി രീതിക്ക് ഒരു ട്രെയിനിങ് സെൻറർ രൂപീകരിക്കുക.
4. ADAK, FFDA, BFFDA, MPEDA, CMFRI എന്നിവയുടെ നേതൃത്വത്തിൽ മൽസ്യവിഭവ സംരക്ഷണം, പരിശീലനം, വിപണനം എന്നിവ സംബന്ധിച്ച സാങ്കേതിക വിദ്യയും സഹായവും ലഭ്യമാക്കുക.
5. മൽസ്യ ഗ്രാമ പദ്ധതി നടപ്പിലാക്കുക.
6. പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ചുള്ള ഫിഷ് ഫീഡ് യൂണിറ്റ് ആരംഭിക്കുക.
7. ശാസ്ത്രീയാടിസ്ഥാനത്തിൽ മഡ്ഡ് കൃഷി വ്യാപകമാക്കുക.

8. മൽസ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് ആവശ്യമായ വായ്പയും സബ്സിഡിയും നൽകുക.
9. മൽസ്യ വിപണനത്തിന് മൽസ്യഫെഡിന്റെ വാഹനം ഉപയുക്തമാക്കുകയും വിപണനത്തിന് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുകയും ചെയ്യുക.
10. മൽസ്യ കൂടുകളും മൽസ്യ പൊയ്കകളും വ്യാപകമാക്കുക.
11. ശാസ്ത്രീയാടിസ്ഥാനത്തിലുള്ള മൽസ്യ വിത്തുൽപ്പാദനകേന്ദ്രം സ്ഥാപിക്കുക.
12. അക്വാ സർവീസ് ക്ലബുകളും, പിസ്സി ക്ലബ്ബുകളും, അക്വാ സ്റ്റോറുകളും സ്ഥാപിക്കുക.
13. ഫിഷ്മീൽ യൂണിറ്റുകൾ സ്ഥാപിക്കുക.
14. അലങ്കാര മൽസ്യങ്ങളെ വളർത്തുന്നതിനുള്ള അക്വാ പെറ്റ് ഷോപ്പുകൾ സ്ഥാപിക്കുക.
15. ചെമ്മീൻ, കൊഞ്ച്, മൽസ്യം എന്നീ ശുദ്ധജല മൽസ്യങ്ങളെ വളർത്തുന്നതിന് നാട്ടിൻ കുളങ്ങൾ പ്രയോജനപ്പെടുത്തുക.
16. വീട്ടുകുളങ്ങളിൽ മൽസ്യം വളർത്തൽ പ്രോൽസാഹിപ്പിക്കുക.
17. മൽസ്യ സംസ്ക്കരണശാല സ്ഥാപിക്കുക.
18. മൽസ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
19. മൽസ്യവിള ഇൻഷ്വറൻസ് നടപ്പിലാക്കുക.
20. മൽസ്യസമ്പത്തിന് നേരിടുന്ന രോഗങ്ങൾ ഫലപ്രദമായി തടയുക.
21. മൽസ്യത്തൊഴിലാളി കുടുംങ്ങൾക്കുള്ള പാർപ്പിട സൗകര്യം വ്യാപകമാക്കുക.
22. ചെമ്മീൻ തോടുകളും മറ്റും ഉപയോഗിച്ചുള്ള വളം നിർമാണം നടപ്പിലാക്കുക.
23. ട്രോളിങ് നിരോധിക്കുക.
24. അടക്കംകൊല്ലി വല ഉപയോഗിക്കാതിരിക്കുക.
25. സ്ത്രി തൊഴിലാളികൾക്ക് മാർക്കറ്റിങ് സംവിധാനവും യാത്രാ സൗകര്യങ്ങളും ഏർപ്പെടുത്തുക.
26. ചാത്തനാട്, കോങ്ങനാട്, കോട്ടുവള്ളിപ്പുഴ, തുണ്ടത്തും കടവുപുഴ മുതലായ ഭാഗങ്ങളിലെ മണ്ണ് കെട്ടിക്കിടക്കുന്ന ഭാഗം ഡ്രജ് ചെയ്യിക്കുക.
27. ചെമ്മീൻ കെട്ടുകളുടെ പുറം ചിറകൾ കരിങ്കൽ കെട്ടി സംരക്ഷിക്കുക.

വിദ്യാഭ്യാസം

ആമുഖം.

വിദ്യാഭ്യാസപരമായി പൊതുവെ ഉയർന്ന നിലവാരം പുലർത്തുന്ന പഞ്ചായത്തുകളിലൊന്നാണ് വരാപ്പുഴ പഞ്ചായത്ത്. എങ്കിലും പഞ്ചായത്തിലെ ചില വാർഡുകൾ വിദ്യാഭ്യാസപരമായി പിന്നിലാണെന്നുള്ള യാഥാർത്ഥ്യം മറന്നുകൂടാ.

ക്രിസ്തുമതത്തിനു അൽപം സ്വാധീനമുള്ള ഈ പഞ്ചായത്തിൽ ആധുനിക രീതിയിലുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് ക്രൈസ്തവ മിഷനറിമാരാണ്. 1892 - ൽ വരാപ്പുഴ ദ്വീപിൽ ഒരു എൽ പി സ്കൂൾ ആരംഭിച്ചതോടെയാണ് നമ്മുടെ പഞ്ചായത്തിൽ ആധുനിക രീതിയിലുള്ള വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കേരളത്തിൽ പ്രബലമായിരുന്ന സാമൂഹ്യ അസമത്വത്തിന്റെ അലയടികൾ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയേയും പ്രതികൂലമായി ബാധിക്കുകയുണ്ടായി. പട്ടികജാതി, പട്ടികവർഗം, മറ്റ് പിന്നോക്ക വിഭാഗം എന്നിവർക്ക് അറിവിന്റെ കവാടങ്ങൾ അടയ്ക്കപ്പെട്ടു എന്നത് ആ കാലഘട്ടത്തിന്റെ ഏറ്റവും വലിയ സാമൂഹ്യ ദുരവസ്ഥയായിരുന്നു. ഇതിൽ നിന്നെല്ലാം നമ്മുടെ പഞ്ചായത്തും വിമുക്തമായിരുന്നില്ല. കൊല്ലവർഷം 1090 -ൽ ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ വിദ്യാഭ്യാസ ഉത്തരവുപ്രകാമാണ് കേരളത്തിൽ എല്ലാ ജാതിമത വിഭാഗത്തിനും വിദ്യാലയ പ്രവേശനം ലഭിച്ചത്. അന്നുവരെ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന ഒരു വിഭാഗത്തിന് വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിച്ചത് വരാപ്പുഴ പഞ്ചായത്തിന്റേയും വിദ്യാഭ്യാസ മേഖലയിൽ ഗുണകരമായ വലിയ മാറ്റങ്ങൾക്കു വഴിയൊരുക്കിയിട്ടുണ്ട്.

ആശാൻ പള്ളിക്കൂടങ്ങളും ആശാട്ടിമാരുമാണ് ആദ്യകാലങ്ങളിൽ ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് അടിസ്ഥാന വിദ്യാഭ്യാസം നൽകിയിരുന്നത്. പിന്നീട് പ്രൈമറി പള്ളിക്കൂടങ്ങൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും പ്രവർത്തനം തുടങ്ങിയെങ്കിലും ഹൈസ്കൂളുകൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യം അടുത്തകാലം വരെ ഈ പഞ്ചായത്തിലില്ലായിരുന്നു. വരാപ്പുഴ ദ്വീപിൽ 1928-ൽ ഒരു ഗേൾസ് ഹൈസ്കൂൾ തുടങ്ങിയെങ്കിലും 1979 വരെ ആൺകുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് മറ്റു പഞ്ചായത്തുകളിലെ വിദ്യാലയങ്ങളെയാണ് ആശ്രയിച്ചിരുന്നത്. 1979 ൽ പുത്തൻപള്ളിയിൽ ഒരു ഹൈസ്കൂൾ ആരംഭിച്ചതോടെയാണ് ഈ പഞ്ചായത്തിൽ ആദ്യമായി ആൺകുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള അവസരം കിട്ടിയത്. ഇപ്പോൾ പഞ്ചായത്തിൽ ആകെ 8 വിദ്യാലയങ്ങളുണ്ട്.

പ്രശ്നങ്ങൾ

ഇപ്പോൾ പഞ്ചായത്തിൽ ആവശ്യത്തിനു പ്രൈമറി വിദ്യാലയങ്ങളുണ്ടെങ്കിലും വളരെയധികം കുട്ടികൾ സമീപ പട്ടണങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്നത് പഞ്ചായത്തിലെ പല വിദ്യാലയങ്ങളെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. പട്ടിക 3 പരിശോധിച്ചാൽ ഇത് മനസിലാകുന്നതാണ്. ഈ നില തുടർന്നാൽ ദീർഘഭാവിയിൽ പഞ്ചായത്തിലെ പല വിദ്യാലയങ്ങളും വലിയ പ്രതിസന്ധിയെ നേരിടേണ്ടതായി വരും. ഇതിനാവശ്യമായ പരിഹാര മാർഗങ്ങൾ ആദ്യം തുടങ്ങേണ്ടത് ബന്ധപ്പെട്ട വിദ്യാലയങ്ങളിൽ നിന്നുമാണ്. ഓരോ വർഷവും ഏകദേശം 100 സ്കൂൾ വിദ്യാർഥികൾ വീതം നമ്മുടെ പഞ്ചായത്തിൽ പഠനം നിർത്തുന്നതായി പട്ടിക 3 കാണിക്കുന്നു. വീട്ടിലെ സാമ്പത്തിക ബുദ്ധിമുട്ട്, രക്ഷാകർത്താക്കളുടെ അറിവില്ലായ്മ, കുട്ടികളുടെ താൽപര്യക്കുറവ്, വിദ്യാലയവുമായുള്ള അകലം ഇതെല്ലാം കൊഴിഞ്ഞുപോക്കിന് കാരണങ്ങളായാലും, ഈ പ്രവണത അവസാനിപ്പിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാണ്.

അധ്യാപകരിൽ സ്ത്രീകൾ സിംഹഭാഗം കൈയ്യടക്കിയിരിക്കുന്നത് വിദ്യാഭ്യാസത്തിന്റെ തകർച്ചക്ക് ഒരു കാരണമായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ടവർ ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയാൽ ഒരു പരിധിവരെ ഈ കുറവ് പരിഹരിക്കാവുന്നതാണ്. എല്ലാ വിദ്യാലയങ്ങളിലും PTA ഉണ്ടെങ്കിലും മിക്ക വിദ്യാലയങ്ങളിലും ഇതിന്റെ പ്രവർത്തനം നാമമാത്രമാണ്. ഈ രംഗത്ത് ഗവ. യു പി സ്കൂളിലെ PTA പ്രവർത്തനം ഒരു മാതൃകയാക്കാവുന്നതാണ്.

ധാരാളം പണം ചെലവാക്കി വാങ്ങിയിട്ടുള്ള ലബോറട്ടറി ഉപകരണങ്ങളും ചാർട്ടുകളും, മറ്റ് പഠനോപകരണങ്ങളും ലൈബ്രറി പുസ്കതങ്ങളും പലപ്പോഴും ഫലപ്രദമായ രീതിയിൽ കുട്ടികൾക്ക് പ്രയോജനപ്പെടാറില്ല. ഇത് വിദ്യാഭ്യാസത്തിന്റെ പിന്നോട്ടടിക്ക് ഒരു പ്രധാന കാരണമാണ്. ഇവിടെയെല്ലാം PTA സജീവമായി പ്രവർത്തിച്ചെങ്കിൽ മാത്രമേ ഈ രംഗത്ത് കാതലായ മാറ്റങ്ങൾ വരുത്താൻ കഴിയൂ. ഇതിനാവശ്യമായ നടപടികൾ വിദ്യാലയങ്ങളിൽ ആരംഭിക്കേണ്ടതാണ്.

പഞ്ചായത്തിലെ വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട
പട്ടികകൾ താഴെ കൊടുക്കുന്നു

പട്ടിക - 1



പഞ്ചായത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസനിലവാരം

A നിരക്ഷരർ
B LPവിദ്യാഭ്യാസം
C UP വിദ്യാഭ്യാസം
D SSLC വിദ്യാഭ്യാസം
E PDC & ITC വിദ്യാഭ്യാസം
F മറ്റ് ഉന്നത വിദ്യാഭ്യാസം

പട്ടിക - 2

വർഷം	പരീക്ഷ എഴുതിയവർ	വിജയിച്ചവർ	ശതമാനം	ഉയർന്ന മാർക്ക്
1991-92	370	325	88%	555
1992-93	399	336	84%	545
1993-94	414	331	80%	529
1994-95	400	314	79%	518
1995-96	415	335	81%	519

പഞ്ചായത്തുതല SSLC
വിജയശതമാനം

Alphonsa Vpz.

പട്ടിക - 3

ഓരോ സ്റ്റാൻഡേഡിൽ പഠിക്കുന്ന കുട്ടികളുടെ സ്ഥിതി വിവരകണക്ക്

	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						
സ്റ്റാൻഡേർഡ്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	SC/ST കുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			പഠനം നിർത്തിയവരുടെ മൊത്തം എണ്ണം
							ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	190	174	364	6	9	15	—	—	—	—	—	—	—	—	—	—	—	—	—
II	227	203	430	8	6	14	—	—	—	14	8	22	—	—	—	5	2	7	7
III	201	213	414	13	9	22	1	—	1	12	8	20	—	—	—	2	2	4	4
IV	187	194	381	8	12	20	1	—	1	18	6	24	—	—	—	3	1	4	4
V	247	260	507	15	27	42	14	12	26	18	4	22	—	—	—	2	1	3	3
VI	255	240	495	33	20	53	5	12	17	24	3	27	—	1	1	6	2	8	9
VII	264	264	528	16	35	51	29	3	32	45	7	52	—	—	—	4	1	5	5
VIII	225	314	539	14	36	50	9	36	45	33	13	46	—	—	—	7	8	15	15
IX	228	259	487	9	42	51	5	31	36	30	5	35	2	0	2	9	15	24	26
X	181	237	418	11	25	36	—	—	—	—	—	—	—	—	—	—	—	—	—
ആകെ	2205	2358	4563	133	221	354	64	94	158	194	54	248	2	1	3	38	32	70	73

Alphonsa Vpz.

പട്ടിക - 4

ക്രമനമ്പർ	വിദ്യാലയത്തിന്റെ പേര്	വാർഡ്	സർക്കാർ എയ്ഡഡ്	LP-UP-HS	ആൺ	പെൺ	ആകെ	ഡിവിഷനുകളുടെ എണ്ണം	അദ്ധ്യാപകരുടെ എണ്ണം	മൊത്തം വിസ്തീർണ്ണം	ലൈബ്രറി പുസ്തകം-എണ്ണം	വിതരണം	ഉച്ചക്കഞ്ഞി-കുട്ടികളുടെ എണ്ണം	ശുദ്ധജലം കിണർ/പൈപ്പ്	ശൗചാലയം	മേടയിരോ	ടെലിഫോൺ	പാചകപ്പുര	മുള്ളുവേലി-എണ്ണം	കക്കൂസ് - എണ്ണം	PTA പ്രവർത്തനം	മാതൃസംഗമം	NCC സ്കൗട്ട്	ആരംഭിച്ച വർഷം
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
1	സെൻറ് മേരീസ് L.P സ്ക്കൂൾ മുട്ടിനകം	2	എയ്ഡഡ്	LP	66	77	143	4	4	1.07 ഏക്കർ	ഇല്ല	125	125	പൈപ്പ്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	2	1	ഉണ്ട്	ഉണ്ട്	ഇല്ല	1966
2	സെൻറ് ജോസഫ് L.P സ്ക്കൂൾ മണ്ണംതുരുത്ത്	1	എയ്ഡഡ്	LP	74	70	144	5	5	50 സെൻറ്	ഉണ്ട്	100	85	പൈപ്പ്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	1	1	ഉണ്ട്	ഉണ്ട്	ഇല്ല	1919
3	ഇൻഫെൻറ് ജീസസ് L.P സ്ക്കൂൾ തുണ്ടത്തുംകടവ്	9	എയ്ഡഡ്	LP	111	136	247	8	8	42 സെൻറ്	ഉണ്ട്	100	150	പൈപ്പ്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	3	2	ഉണ്ട്	ഉണ്ട്	ഇല്ല	1919
4	സെൻറ് ജോസഫ് L.P സ്ക്കൂൾ വരാപ്പുഴ	10	എയ്ഡഡ്	LP	94	228	322	8	8	1/2 സെൻറ്	ഉണ്ട്	88	150	പൈപ്പ്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	4	2	ഉണ്ട്	ഉണ്ട്	ഉണ്ട്	1892
5	ഗവ.യൂ.പി.സ്ക്കുൾ ചിറയ്ക്കകം	7	സർക്കാർ	UP	242	187	429	14	17	1ഏക്കർ 520 sq. ലിക്സ്	ഇല്ല	ഇല്ല	234	കിണർ പൈപ്പ്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	2	2	ഉണ്ട്	ഉണ്ട്	സ്കൗട്ട്	1947
6	സെൻറ് ജോർജ്ജ് ഹൈസ്ക്കൂൾ പുത്തൻപള്ളി	3	എയ്ഡഡ്	HS	823	773	1596	42	61	3 ഏക്കർ	ഉണ്ട്	2100	126	കിണർ	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	2	6	ഉണ്ട്	ഉണ്ട്	ഇല്ല	1917
7	HIBHS-വരാപ്പുഴ	10	എയ്ഡഡ്	HS	750		750	17	23	3 ഏക്കർ	ഉണ്ട്	618	101	പൈപ്പ്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	3	3	ഉണ്ട്	ഇല്ല	സ്കൗട്ട്	1909
8	സെൻറ് ജോസഫ് GHS വരാപ്പുഴ	10	എയ്ഡഡ്	HS	53	889	942	22	37	2 ഏക്കർ	ഉണ്ട്	4000	130	പൈപ്പ്	ഉണ്ട്	ഉണ്ട്		ഉണ്ട്	6	4	ഉണ്ട്	ഇല്ല	സ്കൗട്ട്	1909

വിദ്യാലയങ്ങളെ സംബന്ധിച്ച പൊതുവിവരങ്ങൾ

Alphonsa Vpz.

നിർദ്ദേശങ്ങളും ആവശ്യങ്ങളും

1. പഞ്ചായത്തിലെ ജനസംഖ്യയിൽ ഏതാണ്ട് 10 ശതമാനം നിരക്ഷരരാണ്. 2500 –ഓളം വരുന്ന ഇവരിൽ അധികപേരും 35 വയസ് കഴിഞ്ഞവരാണ്. ഇവരെ സാക്ഷരരാക്കുവാനുള്ള പദ്ധതികൾ സമീപഭാവിയിൽ തന്നെ നടപ്പിലാക്കേണ്ടതാണ്. വാർഡ് തലത്തിൽ ആവശ്യാനുസരണം സാക്ഷരതാ ക്ലാസുകൾ തുടങ്ങിക്കൊണ്ട് ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്.
2. വിദ്യാലയങ്ങളിൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിക്ക് പഞ്ചായത്തു തലത്തിൽ രൂപം നൽകേണ്ടതുണ്ട്. പഞ്ചായത്തു കമ്മിറ്റി, വിദ്യാലയങ്ങളിലെ പ്രഥമാദ്ധ്യാപകർ, PTA പ്രസിഡണ്ടുമാർ എന്നിവർ ഉൾപ്പെട്ട പഞ്ചായത്തുതല വിദ്യാഭ്യാസ വികസന സമിതി ഇതിനായി രൂപീകരിക്കണം. ഈ സമതിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ വിദ്യാലയങ്ങളിൽ നടപ്പിലാക്കണം.
3. പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമായ ചിറയ്ക്കകം ഗവൺമെൻറ് യു പി സ്കൂളിനെ ഒരു ഹൈസ്കൂളാക്കി ഉയർത്തുന്നതിനുവേണ്ടി രക്ഷാകർത്തൃ സമിതിയും ജനപ്രതിനിധികളും വളരെക്കാലം ശ്രമിച്ചെങ്കിലും ഇതുവരെ അതിനുള്ള അനുവാദം കിട്ടിയിട്ടില്ല. ഇവിടെ പഠിക്കുന്നവരിലധികവും വളരെ പിന്നോക്കം നിൽക്കുന്ന കുടുംബി സമുദായത്തിലെ കുട്ടികളാണ്. ഏഴാം ക്ലാസ് വിദ്യാഭ്യാസം കഴിയുമ്പോൾ പഠനം നിർത്തുന്ന ഒരു പ്രവണത ഇവരിൽ വ്യാപകമാണ്. ഇത് ഒഴിവാക്കുന്നതിനായി ഈ വിദ്യാലയത്തെ ഒരു ഹൈസ്കൂളാക്കി ഉയർത്തേണ്ടത് അത്യാവശ്യമാണ്. അഞ്ച്, ആറ്, ഏഴ്, എട്ട് , ഒൻപത് എന്നീ വാർഡുകളിലെ ഗ്രാമസഭകളും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.
4. വരാപ്പുഴ പഞ്ചായത്തിലുള്ള വിദ്യാർത്ഥികൾ കോളേജ് വിദ്യാഭ്യാസത്തിനായി ഏകദേശം 15 കിലോമീറ്ററോളം യാത്ര ചെയ്യേണ്ട അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. പെൺകുട്ടികളെ സംബന്ധിച്ചിടത്തോളം ഇത് വലിയ ബുദ്ധിമുട്ടു തന്നെയാണ്. അതിനാൽ ഇതിന് ഏറ്റവും അനുയോജ്യമായ സ്ഥലത്ത് ഒരു ഹൈയർ സെക്കൻററി സ്കൂൾ പഞ്ചായത്തതൃത്തിയിൽ സ്ഥാപിക്കുക.
5. വിദ്യാലയങ്ങളിലെ പഠനോപകരണങ്ങൾ വിദ്യാർഥികൾക്ക് പരമാവധി പ്രയോജനപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. അതുപോലെ കുട്ടികളുടെ ചിന്താശക്തിയെ വളർത്താൻ വിദ്യാലയങ്ങളിലെ ലൈബ്രറി പുസ്തകങ്ങൾ ഫലപ്രദമായ രീതിയിൽ കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
6. ചിറയ്ക്കകം ഗവ. യു പി സ്കൂൾ ഉൾപ്പെടെ ആവശ്യമുള്ള സ്ഥലങ്ങളിൽ എൽ പി വിദ്യാലയങ്ങളോട് ചേർന്ന് പ്രീ പ്രൈമറി ക്ലാസുകൾ തുടങ്ങുക.
7. വിദ്യാലയങ്ങളിലെ പി ടി ഐ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.
8. വിദ്യാലയങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
9. തുണ്ടത്തുംകടവിലെ ഐ ജെ എൽ പി സ്കൂൾ (എയ്ഡഡ്) ഒരു യു പി സ്കൂളായി ഉയർത്തുക.
10. പഞ്ചായത്തടിസ്ഥാനത്തിൽ കലാ–കായിക മൽസരങ്ങൾ സംഘടിപ്പിക്കുക.
11. പഞ്ചാതത്തതൃത്തിയിൽ ഒരു ടെക്നിക്കൽ സ്കൂൾ സ്ഥാപിക്കുക.

പഞ്ചായത്തിലെ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

എട്ട് ബാലവാടികളും ഒരു ശിശു വിഹാറും ഉൾപ്പെടെ പഞ്ചായത്തിലാകെ 9 ഔദ്യോഗിക ശിശു വിദ്യാലയങ്ങളാണുള്ളത്. കൂടാതെ പഞ്ചായത്തിലെ പല ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സ്വകാര്യ നേഴ്സറി വിദ്യാലയങ്ങളും കുട്ടികളുടെ പ്രീ പ്രൈമറി വിദ്യാഭ്യാസത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. ആവശ്യത്തിന് കളിക്കോപ്പുകളോ പഠനോപകരണങ്ങളോ തൃപ്തികരമായ കെട്ടിടങ്ങളോ ഇല്ലായെന്നത് പല ബാലവാടികളുടേയും പോരായ്മകളാണ്. ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ചിറയ്ക്കകത്തെ IGM പബ്ലിക് ഇംഗ്ലീഷ് മീഡിയം സ്കൂളും സെൻറ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളും, സേവ്യഴ്സ് കോളേജും പഞ്ചായത്തിലെ പ്രധാനപ്പെട്ട മൂന്ന് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. കൂടാതെ രണ്ട് ടൈപ്പ്റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ടും ഏതാനും ട്യൂഷൻ സെൻററുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സാക്ഷരതാ ക്ലാസുകൾ

പുത്തൻപള്ളി, മണ്ണംതുരുത്ത് എന്നീ വാർഡുകളിലായി പഞ്ചായത്തിൽ രണ്ട് സാക്ഷരതാ ക്ലാസുകളാണ് പ്രവർത്തിക്കുന്നത്. മൂന്നുപേർ വീതം ആകെ ആറുപേരാണ് ഈ രണ്ട് ക്ലാസുകളിലായി പഠനം നടത്തിവരുന്നത്. എന്നാൽ പഠിതാക്കളുടെ താൽപര്യക്കുറവു കാരണം ഈ രണ്ടു ക്ലാസുകളും ഇപ്പോൾ വേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിൽ രണ്ട് ജനവിദ്യ കേന്ദ്രങ്ങളുണ്ടെങ്കിലും ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ ഇവയൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. അതിനാൽ ഈ ജനവിദ്യ കേന്ദ്രങ്ങൾ ഫലപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്തിൻെറ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട്.

കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളത്തിന് പൈപ്പ് ലൈൻ വരുന്നതിനു മുമ്പ് പ്രധാനമായും നമ്മൾ ഉപയോഗിച്ചുകൊണ്ടിരുന്നത് വീടിനോടനുബന്ധിച്ച് നിർമ്മിച്ച കുളങ്ങളേയും കിണറുകളേയും ആണ്. അവ ശുചിയായി സൂക്ഷിച്ച് ഉപയോഗിക്കുന്നതിന് അന്നു ശ്രദ്ധിച്ചിരുന്നു. പ്രകൃതിദത്തമായി ലഭിക്കുന്ന ശുദ്ധജല സ്രോതസുകൾ നാം സംരക്ഷിച്ചു പോന്നിരുന്നു. എന്നാൽ ഇന്ന് ജല അതോറിറ്റി വഴിയും പഞ്ചായത്ത് തലത്തിൽ കുടിവെള്ളം ശുദ്ധിചെയ്തു വിതരണം ചെയ്യുന്നതു മൂലവും, പൊതു ടാപ്പുകൾ വഴിയും ഹൗസ് കണക്ഷൻ വഴിയും ലഭ്യമാക്കിയതോടുകൂടി ശുദ്ധജലം ലഭ്യമായിരുന്ന പൊതു കുളവും കിണറുകളും ശ്രദ്ധിക്കപ്പെടാതായി. സ്വകാര്യ കുളങ്ങളും കിണറുകളും ഉപയോഗിക്കാതെയും അശ്രദ്ധയോടെ കൈകാര്യം ചെയ്തതോടെ അവയുടെ പ്രയോജനവും നഷ്ടമായി. കുടിവെള്ളത്തിന് പൈപ്പുവഴി ലഭിക്കുന്ന ജലത്തെ മാത്രം ആശ്രയിക്കുന്ന സ്ഥിതി ഒരു ശീലമായി. കുടിവെള്ളം തന്നെ മറ്റാവശ്യങ്ങൾക്കുകൂടി ഉപയോഗിക്കുന്ന ശീലം, കുടിവെള്ള ദൗർലഭ്യം വർധിപ്പിക്കുന്നു. ശുദ്ധജലം, കുടിക്കുന്നതിന് ഒഴികെയുള്ള ആവശ്യങ്ങൾക്ക് സ്വന്തം കിണറുകളും കുളങ്ങളും ശുചിയായി സൂക്ഷിച്ച് ഉപയോഗിക്കുമെങ്കിൽ കുടിവെള്ള ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയും. പഞ്ചായത്തിലെ 5 –ാം വാർഡ് (ദേവസ്വം പാടം) പൂർണമായും, വരാപ്പുഴയിൽ തുണ്ടത്തും കടവ്, ചിറക്കകം, തേവർക്കാട് വാർഡുകളിൽ പൊക്കാളിപാട ശേഖരങ്ങളോടു തൊട്ടുകിടക്കുന്ന ഭാഗങ്ങളിൽ ഓരുവെള്ളമുള്ളതിനാലും കുടിവെള്ളത്തിന് പൈപ്പുവെള്ളം മാത്രം ആശ്രയിക്കേണ്ടി വരുന്നു. പഞ്ചായത്തിൽ ശുദ്ധജലം ലഭ്യമാകുന്ന പ്രദേശങ്ങളിൽ നിലവിലുള്ള സ്വകാര്യ കുളങ്ങളും കിണറുകളും സൂക്ഷിക്കുകയോ സംരക്ഷിക്കുകയോ ചെയ്യുന്നില്ല. കുടിക്കുന്ന ആവശ്യത്തിനു മാത്രം പൈപ്പുവെള്ളം ഉപയോഗിക്കുകയും, മറ്റാവശ്യങ്ങൾ അവരവരുടെ ശുദ്ധജല സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്താൽ പൈപ്പുവഴി ലഭിക്കുന്ന കുടിവെള്ളത്തിന്റെ അളവു കുറക്കാം. പഞ്ചായത്തിൽ എല്ലാ വാർഡിലും കുടിവെള്ളത്തിനു പൈപ്പുകൾ ഉണ്ട്. പൊതു ടാപ്പുകൾ വഴിയും ഹൗസ് കണക്ഷൻ വഴിയും ജലത്തിന്റെ ആവശ്യം നിറവേറ്റുന്നു. 40 കി. മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ ഉണ്ട്. പഞ്ചായത്തിൽ 232 പൊതു ടാപ്പുകളും 18 പൊതു കിണറുകളും 3 പൊതു കുളങ്ങളും ഉണ്ട്. കിണറുകളും പൊതു കുളങ്ങളും ശരിയാംവിധം ശുചീകരിച്ച് സംരക്ഷിച്ചാൽ ജലദൗർലഭ്യം പരിഹരിക്കാം.

പെരിയാർ നദി മൂന്നു വശങ്ങളിലും പഞ്ചായത്തിനെ ചുറ്റി ഒഴുകുന്നതുകൊണ്ട് മണ്ണിൽ എവിടെ കുഴിച്ചാലും ജലം ലഭ്യമാകും. വേനൽക്കാലത്തു മാത്രം പൊക്കാളി പാടശേഖരങ്ങളോടു തൊട്ടുകിടക്കുന്ന വാർഡുകളിൽ ഓരുവെള്ള പ്രശ്നമുണ്ട്.

പ്രശ്നങ്ങൾ

1. പൈപ്പു സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങളിൽ ശുദ്ധജലം ആവശ്യമായ അളവിൽ കിട്ടുന്നില്ല.
2. പൊതു കിണറുകളും കുളങ്ങളും ശരിയായ വിധം ശുചീകരിക്കുന്നതിനോ സംരക്ഷിക്കുന്നതിനോ ശ്രദ്ധിക്കുന്നില്ല.
3. ആവശ്യമായത്ര പൊതു ടാപ്പുകളില്ല.
4. ദിവസത്തിൽ എല്ലാ സമയവും ജലം പൈപ്പുകളിൽ ലഭ്യമല്ല.
5. കുടിവെള്ളം ടാപ്പുകൾ പൊട്ടിയൊലിച്ചും അശ്രദ്ധമൂലവും നഷ്ടമാകുന്നു.
6. ഓരുജലം മൂലം കിണറും കുളങ്ങളും നിർമ്മിച്ച് ഉപയോഗിക്കാൻ പൊക്കാളിപ്പാടങ്ങളോടു ചേർന്നു കിടക്കുന്നവർക്ക് സാധിക്കുന്നില്ല.
7. വേനൽക്കാലങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നു.
8. സ്വകാര്യ കിണറുകളും കുളങ്ങളും സംരക്ഷിച്ച് ശുചീകരിച്ച് സൂക്ഷിക്കുന്നില്ല.

സാദ്ധ്യതകൾ

1. ശുദ്ധജലം പൊതു ടാപ്പുകളിലും വീടുകളിലുള്ള ടാപ്പുകളിലും സുഗമമായി ലഭിക്കുന്നതിന് 500,000 ലിറ്റർ കപ്പാസിറ്റിയുള്ള ഒരു വാട്ടർ ടാങ്ക് പഞ്ചായത്തിൽ സ്ഥാപിക്കുക.
2. പഞ്ചായത്തിലെ ശുദ്ധജലം ലഭിക്കുന്ന കിണറുകൾ സമയാസമയങ്ങളിൽ വൃത്തിയാക്കുകയും ശുചീകരിച്ച് ഉപയോഗയോഗ്യമാക്കുക. തിരുമുപ്പം കുളം, വലിയകുളം (അലക്കുകുളം) ഇവ സംരക്ഷിക്കുക. ശുദ്ധജലത്തിനു ക്ഷാമമുള്ള കാലങ്ങളിൽ ഇവിടെനിന്നും ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കുക.

3. ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ആവശ്യമായ വിധം ടാപ്പുകൾ സ്ഥാപിക്കണം. ഇതിനും സന്നദ്ധപ്രവർത്തനം ലഭ്യമാക്കാവുന്നതാണ്. പൈപ്പ്, ടാപ്പ് എന്നിവ ഗുണഭോക്താക്കൾ സ്വമേധയാ സംഘടിപ്പിക്കുക.
4. ദിവസത്തിൽ എല്ലാ സമയവും വെള്ളം കിട്ടുന്നതിന് നടപടി സ്വീകരിക്കണം.
5. പൊട്ടിയ പൈപ്പുകളും ടാപ്പുകളും യഥാസമയം റിപ്പയർ ചെയ്യുകയോ മാറ്റിയിടുകയോ ചെയ്യാൻ നടപടി വേണം. ജലം ദുർവിനിയോഗം ചെയ്യാതിരിക്കാനും, പൊതുടാപ്പുകളുടെ പരിസരത്ത് അലക്കും കുളിയും നടത്താതിരിക്കാനും ബോർഡു വയ്ക്കുകയും ബോധവൽക്കരണം നടത്തുകയും വേണം.
6. ഓരു പ്രദേശത്ത് താമസിക്കുന്നവർക്ക് ശുദ്ധജലം കിട്ടുന്നതിന് പൈപ്പില്ലാത്തിടത്ത് ലോറിയിൽ എത്തിച്ചുകൊടുക്കുന്നതിനു നടപടി വേണം.
7. സ്വകാര്യ വ്യക്തികളുടെ കിണറുകൾ സംരക്ഷിച്ച് നിറുത്താൻ ബോധവൽക്കരണം നടത്തണം. ശുചീകരണം ക്ലോറിനേഷൻ ഇവ പഞ്ചായത്തു തലത്തിൽ നടത്തുന്നതിനും സംവിധാനമുണ്ടാകണം.

പൊതുജനാരോഗ്യം

വരാപ്പുഴ ഗ്രാമ പഞ്ചായത്തിലെ സർക്കാർ തലത്തിലുള്ള ഏക ആരോഗ്യ സ്ഥാപനമാണ് വരാപ്പുഴ (എടമ്പാടം) വാർഡിൽ സ്ഥിതിചെയ്യുന്ന പ്രൈമറി ഹെൽത്ത് സെൻറർ. 23,000 ന് മേൽ വരുന്ന ജനങ്ങൾക്ക് ആശ്രയമായ സ്ഥാപനത്തിൻെറ പ്രവർത്തനം അപര്യാപ്തമാണ്. സ്റ്റാഫ് നേഴ്സുമാരുടെ കുറവ്, മരുന്നിൻെറ ദൗർലഭ്യം, കിടത്തി ചികിൽസിക്കാവുന്ന രോഗികൾക്കുള്ള കിടക്കകളുടെ കുറവ്, സേവനങ്ങൾ നൽകേണ്ട ജീവനക്കാർക്ക് താമസിക്കുന്നതിന് നിർമ്മിച്ചിട്ടുള്ള ക്വാർട്ടേഴ്സിൻെറ അറ്റകുറ്റ പണികൾ നടത്തായ്ക, ശുദ്ധജലം കിട്ടുന്നതിനുള്ള പൈപ്പുലൈനുകളും, ഇലക്ട്രിക് കണക്ഷനും ക്വാർടേഴ്സുകളിൽ ലഭ്യമാകാത്തതും ഈ രംഗത്തുള്ള പ്രധാന പോരായ്മകളാണ്. രോഗികളെ കിടത്തി ചികിൽസിക്കുവാനുള്ള വാർഡുകളുടെ അറ്റകുറ്റപണികൾ നടത്താത്തതിനാൽ ഈ പ്രദേശത്തെ രോഗികൾ സ്വകാര്യ ആശുപത്രികളേയും ഡിസ്പെൻസറികളേയും ആശ്രയിക്കേണ്ടിവരുന്നു. പഞ്ചായത്തിൽ നാല് അലോപ്പതി ഡിസ്പെൻസറികളും, നാലു ഹോമിയോ ഡിസ്പെൻസറികളും, നാല് ആയൂർവേദ ഡിസ്പെൻസറികളും സ്വകാര്യമേഖലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സമീപപ്രദേശമായ ഏലൂർ വ്യവസായശാലകളിൽ നിന്നും മാലിന്യങ്ങൾ പുഴയിലൂടെ ഒഴുക്കിവിടുന്നതുകൊണ്ട് ജലമലിനീകരണം ഉണ്ടാകുന്നു. ഫാക്ടറികളിൽ നിന്നുമുള്ള മലിനവായു മൂലം പഞ്ചായത്ത് പ്രദേശത്തെ ജനങ്ങളിൽ കൂടുതൽ പേർക്കും ശ്വാസകോശ രോഗങ്ങൾ കൂടിവരുന്നു. തുറന്ന കക്കൂസുകൾ പഞ്ചായത്തിൻെറ എല്ലാ വാർഡിലും വിശേഷിച്ചു 4, 5, 6, 9 വാർഡുകളിൽ പ്രത്യേകിച്ചും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. പുഴയിലെ ജലവും കുടിവെള്ളവും മലിനമാക്കാനും രോഗബാധകൾക്കും ഇത് കാരണമാക്കുന്നു. തീരപ്രദേശങ്ങളോട് ചേർന്നു കിടക്കുന്ന സ്ഥലങ്ങളിലാണ് പകർച്ച വ്യാധികൾ കൂടുതലായി കണ്ടുവരുന്നത്. 1995-96 വർഷത്തിൽ പകർച്ചവ്യാധികൾ പിടിപെട്ടവരുടെ എണ്ണം 286 ആണ്. കഴിഞ്ഞ നാലു വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ പകർച്ചവ്യാധികൾ പിടിപെടുന്നവരുടെ എണ്ണം കൂടിവരുന്നു. ത്വക്ക്രോഗം ബാധിച്ചവരുടെ എണ്ണം 194 ഉം, വാത സംബന്ധമായ രോഗം ബാധിച്ചവരുടെ എണ്ണം 42 ഉം, മറ്റു രോഗങ്ങൾ ബാധിച്ചവർ 21560 ഉം ആണ്. 95.96 ൽ 377 ജനനവും 84 മരണവും രേഖപ്പെടുത്തിയിട്ടുണ്ട്. (ജനന നിരക്ക് കൃത്യമല്ല. പഞ്ചായത്തിന് പുറത്ത് ജനനം നടക്കുന്നതിൻെറ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല.) അംഗവൈകല്യമുള്ളവർ ആകെ 96 എണ്ണമുണ്ട്. (അന്ധർ-9, ബധിരർ 8, മൂകർ 23, ബധിരമൂകർ 5, ചലന വൈകല്യമുള്ളവർ 51). സ്ഥായിയായി രോഗമുള്ളവർ ആകെ 560. (രക്തസമ്മർദ്ദം 150, പ്രദേശം 125, ക്യാൻസർ 10, കുഷ്ടം 10, ക്ഷയം 250, ഹൃദ്രോഗം 15).

ഒരു വയസിനു താഴെയുള്ള കുട്ടികൾ 377, അതിൽ പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയവർ 365. ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ ഒരു കുട്ടിയുള്ളവർ 657. രണ്ടു കുട്ടിയുള്ളവർ 1397, രണ്ടിൽ കൂടുതൽ കുട്ടികൾ ഉള്ളവർ 651 എണ്ണവും ഉണ്ട്. കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ ഒരു കുട്ടിയുള്ളവർ 178 ഉം, രണ്ടു കുട്ടിയുള്ളവർ 1166 ഉം, രണ്ടിൽ കൂടുതൽ കുട്ടിയുള്ളവർ 478 എണ്ണവും ഉണ്ട്.

മാർക്കറ്റ് പ്രദേശത്തെ മാലിന്യങ്ങളും ചപ്പു ചവറുകളും സമയാസമയങ്ങളിൽ നീക്കം ചെയ്യാത്തതിനാലും അഴുക്കുചാലുകൾ വൃത്തിയാക്കാത്തതിനാലും എലി, ഈച്ച, കൊതുക്, മുതലായ രോഗം പരത്തുന്ന ക്ഷുദ്രജീവികൾ പെരുകുന്നു. അറവുശാലകളുടെ അഭാവത്തിൽ മൃഗങ്ങളെ കശാപ്പുചെയ്യുകയും റോഡരുകിൽ വിൽപന നടത്തുന്നതു മൂലവും ആരോഗ്യ പ്രശ്നങ്ങളുണ്ടാകുന്നു. പഞ്ചായത്തുവകയായി ഒരു പൊതു ശ്മശാനം ഇല്ലാത്തതിനാൽ ശവദാഹം വീടുകളുടെ പരിസരത്ത് നടത്തുന്നതുമൂലം പരിസ്ഥിതി പ്രശ്നം ഉണ്ടാകുന്നു. സ്വകാര്യ സമുദായങ്ങൾക്ക് ശ്മശാനങ്ങൾ നിലവിലുണ്ട്. ആളുകൾ വന്നെത്തുന്ന മാർക്കറ്റ്, ബസ് സ്റ്റേഷൻ ഇവയുടെ പരിസരത്ത് മലമൂത്ര വിസർജന സൗകര്യങ്ങൾ ഇല്ലാത്തത് ആരോഗ്യ പ്രശ്നങ്ങളും അസൗകര്യങ്ങളും ഉണ്ടാക്കുന്നു. അനുദിനം വളർന്നുവ

രുന്ന ഗ്രാമ പഞ്ചായത്തിലെ ഹോട്ടലുകൾ ബന്ധപ്പെട്ട ഹെൽത്ത് അധികൃതരുടെ അനുമതി കൂടാതെ പ്രവർത്തനം നടത്തിവരുന്നു. ഇതു പൊതജനാരോഗ്യത്തിന് ഹാനികരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു.

പ്രശ്നങ്ങൾ

1. തുറന്ന കക്കൂസുകൾ പുഴയുടേയും തോടുകളുടേയും, പൊക്കാളി പാടങ്ങളുടേയും അരുകിൽ കെട്ടുന്നതു മൂലമുള്ള പൊതു മലിനീകരണം.
2. അറവുശാലകളില്ലാതെ കശാപ്പു നടത്തുന്നതും പൊതു വഴിയോരങ്ങളിൽ വിൽപന നടത്തുന്നതും ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നു.
3. പൊതുസ്ഥലങ്ങളിൽ വിശേഷിച്ചും മാർക്കറ്റു പ്രദേശത്ത് കൂട്ടിയിട്ടിട്ടുള്ള ചപ്പുചവറുകളും, ഒഴുകാതെ കെട്ടിക്കിടക്കുന്ന അഴുക്കുചാലും പരിസര മലിനീകരണമുണ്ടാക്കുന്നു.
4. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ കൊതുകു വർധിച്ച് രോഗബാധയുണ്ടാക്കുന്നു.
5. പൊതുസ്ഥലങ്ങളിൽ മലമൂത്ര വിസർജനത്തിന് സൗകര്യമില്ലായ്മ.
6. പൊതു ശ്മശാനം ഇല്ലായ്മ.
7. അലഞ്ഞു തിരിയുന്ന നായ്ക്കൾ.
8. കക്കൂസുകളുടെ അപര്യാപ്തത മൂലം രോഗങ്ങൾ.
9. പൊതുജനാരോഗ്യ രംഗത്ത് അലോപ്പതി, ഹോമിയോപ്പതി, ആയൂർവേദ ആശുപത്രികൾ എന്നിവ കുറവാണ്.
10. നിലവിലുള്ള സർക്കാർ ആരോഗ്യ കേന്ദ്രത്തിൽ ആവശ്യത്തിനുള്ള സ്റ്റാഫും, മരുന്നും മറ്റു സൗകര്യങ്ങളും ഇല്ല.
11. ആശുപത്രിയിൽ രോഗികളെ കിടത്തി ചികിൽസിക്കുന്ന വാർഡുകളുടേയും ജീവനക്കാർക്ക് താമസിക്കുവാനുള്ള ക്വാർട്ടേഴ്സിന്റേയും അറ്റകുറ്റപണികൾ തീർന്നിട്ടില്ല.
12. ഭക്ഷണശാലകളിലെ ശുചിത്വ കുറവുമൂലം രോഗങ്ങൾ വർദ്ധിക്കുന്നു.

സാദ്ധ്യതകൾ

1. കുറഞ്ഞ വരുമാനക്കാർക്ക് സാനിറ്ററി കക്കൂസുകൾ കെട്ടുന്നതിനുള്ള സാമ്പത്തിക സഹായം നൽകണം.
2. പഞ്ചായത്ത് അടിസ്ഥാനത്തിൽ അറവുശാല നിർമ്മിക്കുക. വഴിയോരങ്ങളിൽ ഉള്ള മാംസംവിൽപന നിരോധിക്കുക.
3. ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് ചവറു കുട്ടകൾ സ്ഥാപിച്ച് അത് സമയാസമയങ്ങളിൽ നീക്കം ചെയ്ത് ജൈവവള നിർമാണത്തിന് ഉപയോഗിക്കുക. കൂടാതെ കാന ശുദ്ധീകരിക്കുകയും (നിത്യേന) കച്ചവട സ്ഥാപനങ്ങളുടെ മുന്നിൽ ക്കൂടി പോകുന്ന കാനയുടെ മുകളിൽ സ്ലാബുകൾ സ്ഥാപിക്കുകയും ചെയ്യുക.
4. വെള്ളം കെട്ടിയിട്ടുള്ള സ്ഥലങ്ങളിൽ കൊതുകിന്റെ ലാർവ നശിപ്പിക്കുന്ന മരുന്നു തളിക്കുകയും കൊതുകു നിവാരണ മാർഗങ്ങളെപ്പറ്റി ജനങ്ങളിൽ ബോധവൽക്കരണവും നടത്തുക. വാർഡു തലത്തിൽ 'ആരോഗ്യ സഭകൾ' രൂപീകരിച്ചു പ്രവർത്തിക്കുക.
5. പൊതുകക്കൂസും മൂത്രപ്പുരയും ബസ് സ്റ്റേഷന് സമീപം സ്ഥാപിക്കുക. ആവശ്യമെങ്കിൽ ടോൾ പിരിവ് നടത്താവുന്നതും ആണ്.
6. പൊതു ശ്മശാനം സ്ഥാപിക്കുക.
7. അലഞ്ഞുതിരിയുന്ന നായ്ക്കളെ പിടിച്ച് നശിപ്പിക്കുകയും, വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നൽകി ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യുക.
8. മാതൃകാ കക്കൂസു നിർമിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുക.
9. ഈ പഞ്ചായത്തിൽ സർക്കാർ ഹോമിയോപ്പതി ആസ്പത്രിയും ആയൂർവേദ ആസ്പത്രിയും സ്ഥാപിക്കുക.
10. നിലവിലുള്ള സർക്കാർ ആരോഗ്യകേന്ദ്രത്തിൽ ആവശ്യത്തിന് സ്റ്റാഫും മരുന്നും മറ്റു സൗകര്യങ്ങളും ലഭ്യമാക്കുക.
11. എത്രയും പെട്ടെന്ന് ആസ്പത്രിയിൽ രോഗികളെ കിടത്തി ചികൽസിക്കുന്ന വാർഡുകളുടേയും ജീവനക്കാർക്ക് താമസിക്കുവാനുള്ള ക്വാർട്ടേഴ്സിന്റേയും അറ്റകുറ്റപണികൾ നടത്തുക.
12. ഭക്ഷണശാലകളിൽ ഭക്ഷണ സാധനങ്ങൾ വിൽക്കുന്നതിനുള്ള ലൈസൻസ് ആരോഗ്യ അധികൃതരുടെ സർട്ടിഫിക്കറ്റോടു കൂടി നൽകുക.
13. വ്യവസായ ശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ പുഴയിലൊഴുക്കുന്നതും, അന്തരീക്ഷവായു മലിനീകരണവും തടയുവാൻ നടപടി സ്വീകരിക്കുക.

1. ജനന മരണ വിവരങ്ങൾ

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1	2	3	4
93-94	396	103	5
94-95	365	90	3
95-96	377	84	4

2. പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1	2	3	4	
93-94	200	-	-	-
94-95	225	3	-	-
95-96	270	6	10	-

Alphonsa Vpz.

വ്യവസായം

കേരളത്തിലെ വ്യവസായ മേഖലയുടെ നട്ടെല്ലായ പല വ്യവസായങ്ങളും സ്ഥതിചെയ്യുന്നത് വരാപ്പുഴ പഞ്ചായത്തിന്റെ സമീപ പഞ്ചായത്തായ ഏലൂർ, കടുങ്ങല്ലൂർ പഞ്ചായത്തുകളിലും കളമശേരി മുനിസിപ്പാലിറ്റിയിലുമായിട്ടാണ്. 1990 ഏപ്രിൽ 1 വരെ ഏലൂർ പഞ്ചായത്തിന്റെ ഭാഗമായിരുന്നു വരാപ്പുഴ പ്രദേശവും. എങ്കിലും ഏലൂർ പ്രദേശത്താണ് വൻകിട വ്യവസായശാലകളെല്ലാം തന്നെ സ്ഥാപിച്ചിട്ടുള്ളത്. FACT, TCC, HIL, IAC എന്നീ വ്യവസായ സ്ഥാപനങ്ങളുടെ അനുബന്ധ വ്യവസായങ്ങൾ പോലും വരാപ്പുഴയിലില്ല. ഏലൂർ പഞ്ചായത്ത് വിഭജിച്ച് ഏലൂർ വരാപ്പുഴ പഞ്ചായത്തുകൾ രൂപീകരിച്ചതോടു കൂടി വിഭവ സമാഹരണത്തിൽ വൻതോതിൽ ശോഷണം സംഭവിച്ചു. മാത്രമല്ല, ഏലൂർ വ്യവസായ മേഖലയിൽ നിന്നുള്ള മാലിന്യങ്ങൾ മൂലമുള്ള ദുരിതം അനുഭവിക്കുന്ന ഒരു മേഖലയായി വരാപ്പുഴ മാറി.

പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയോടു കൂടി ചെറുകിട വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം പുരോഗമിച്ചു വരികയാണ്. ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള തടസങ്ങൾ നിരവധിയാണെങ്കിൽ പോലും ഈ രംഗത്തേക്ക് വ്യവസായ സംരംഭകർ കടന്നുവരുന്നുണ്ട്. പ്ലാസ്റ്റിക് വ്യവസായം, ഫർണീച്ചർ വ്യവസായം, വർക്ക്ഷോപ്പുകൾ, അച്ചടിശാലകൾ, അരിപ്പൊടി-കറിപ്പൊടി നിർമാണ യൂണിറ്റുകൾ, സിമൻറ് ഇഷ്ടിക- കട്ടില- ജനൽ നിർമാണം, പലഹാരങ്ങൾ പാക്കറ്റുകളിലാക്കി വിതരണം നടത്തൽ, റൈസ് മില്ലുകൾ, ഫ്ളവർ മില്ലുകൾ, അടയ്ക്ക വ്യവസായം, പപ്പട നിർമാണം, സോഡാ ഫാക്ടറികൾ, തടിമില്ലുകൾ, എഞ്ചിനീയറിങ് വർക്ക്ഷോപ്പുകൾ, വാഷിങ് പൗഡർ നിർമാണം എന്നിങ്ങനെ വിസ്തൃതമായ ചെറുകിട വ്യവസായമേഖല വരാപ്പുഴയിൽ പ്രവർത്തിക്കുന്നു.

വരാപ്പുഴയിൽ അതിവേഗം വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസായ മേഖലയാണ് ഫർണീച്ചർ നിർമാണം.

മരംകൊണ്ടും സ്റ്റീൽ ഉപയോഗിച്ചും ഫർണീച്ചറുകൾ നിർമിക്കുന്ന ചെറുകിട യൂണിറ്റുകളുടെ എണ്ണം ഇന്ന് വരാപ്പുഴ പഞ്ചായത്തിൽ വർധിച്ചുവരുന്നുണ്ട്. മരം ഉപയോഗിച്ച് നിർമിക്കുന്ന ഫർണീച്ചറുകൾക്ക് പ്രധാനമായും ഉപയോഗിച്ചുവരുന്നത് പൂപ്പരുത്തിയാണ്. പൂപ്പരുത്തിയുടെ ദൗർലഭ്യം ഫർണീച്ചറുകളുടെ വിലക്കയറ്റത്തിന് കാരണമാകുന്നുണ്ട്. ആലുവ ശിവരാത്രി, പള്ളിപ്പുറം – വരാപ്പുഴ പള്ളികളിലെ തിരുനാൾ എന്നീ സന്ദർഭങ്ങളിലാണ് ഇവ പ്രധാനമായും വിറ്റഴിയുന്നത്. സ്റ്റീൽ ഫർണീച്ചർ വ്യവസായത്തിനും സാദ്ധ്യതകൾ വർധിച്ചു വരികയാണ്. ആധുനിക ഡിസയ്നുകളും, കൈകാര്യം ചെയ്യാനുള്ള സൗകര്യവും സ്റ്റീൽ ഫർണീച്ചറുകൾക്ക് ആവശ്യക്കാർ കൂടി വരുന്നതിന് കാരണമാവുന്നുണ്ട്. വനിതകളുടെ മുൻകയ്യിൽ പ്രവർത്തിക്കുന്ന അരിപ്പൊടി നിർമാണ യൂണിറ്റും മുളക്, മല്ലി, മഞ്ഞൾപൊടി യൂണിറ്റുകളും വരാപ്പുഴയിലുണ്ട്. ഗവൺമെൻറ് ന്യായവിലക്ക് നൽകുന്ന അരി പൊടിച്ച് 500 ഗ്രാം, 1000 ഗ്രാം പാക്കറ്റുകളിലാക്കി കടകളിലും, വീടുകളിലും വനിതകൾ തന്നെ എത്തിച്ചുകൊടുക്കുകയാണ്. സ്ത്രീകൾക്കിടയിലുള്ള തൊഴിലില്ലായ്മ ഒരു ശാപമായ് മാറിക്കഴിഞ്ഞ നമ്മുടെ നാട്ടിൽ ഇത്തരം സംരംഭങ്ങൾ സ്ത്രീകൾ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ഒരളവോളം സഹായകമാണ്.

വരാപ്പുഴയിൽ വ്യാപകമായി വരുന്ന മറ്റൊരു സംരംഭമാണ് സിമൻറ് ഇഷ്ടിക നിർമാണം. വരാപ്പുഴയിൽ തുണ്ടത്തും കടവ് – എടമ്പാടം- മുട്ടിനകം പ്രദേശത്ത് വ്യാപകമായി പ്രവർത്തിച്ചിരുന്ന ഇഷ്ടികക്കളങ്ങൾ നല്ലൊരു ഭാഗവും നിലച്ചുപോയതോടെ സിമൻറ് ഇഷ്ടികക്ക് പ്രിയം കൂടിവരികയാണ്. വൻകിട കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുപോലും സിമൻറ് ഇഷ്ടികകൾ ഉപയോഗിച്ചുവരുന്നത് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പ്രോൽസാഹനം നൽകുന്ന സംഗതിയാണ്.

പരമ്പരാഗത വ്യവസായ മേഖല ഒന്നൊഴിയാതെ തകർച്ചയുടെ പടുകുഴിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കയർ വ്യവസായം, കളിമൺപാത്ര നിർമാണം, ഇഷ്ടിക നിർമാണം, കള്ള് ചെത്ത് തുടങ്ങിയ പരമ്പരാഗത മേഖല പേരിനു മാത്രം നിലനിൽക്കുന്ന സ്ഥിതിയാണ്. മുട്ടിനകം, മണ്ണും തുരുത്ത്, തേവർകാട് പടിഞ്ഞാറ് ഭാഗം എന്നിവിടത്തെ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗമായിരുന്നു കയർ വ്യവസായം. ഈ വ്യവസായത്തെ കേന്ദ്രീകരിച്ച് രജിസ്റ്റർ ചെയ്ത ഒരു സഹകരണ സംഘവും നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നതാണ്. മടലിന് സർക്കാർ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ കയർ വ്യവസായ രംഗത്ത് തൊഴിൽ സാധ്യത നിലനിർത്തിയിരുന്നതാണ്. എന്നാൽ സ്വകാര്യ വ്യക്തികളുടെ താൽപര്യങ്ങൾക്കു വഴങ്ങി ഈ നിയന്ത്രണങ്ങൾ എടുത്തു കളഞ്ഞതോടു കൂടി സഹകരണ സംഘങ്ങൾക്കു മടൽ ലഭിക്കാത്ത അവസ്ഥയായി. തുച്ഛമായ വേതനവും, തൊഴിൽ ദിനങ്ങളുടെ കുറവും കയർ മേഖലയിൽ പണിയെടുത്തുകൊണ്ടിരുന്ന തൊഴിലാളികളെ മറ്റു മേഖലകളിലേക്ക് തിരിയുന്നതിന് നിർബന്ധിതരാക്കി. കയർ വ്യവസായം ഇപ്പോൾ ഒറ്റപ്പെട്ട വ്യക്തികളിലൊതുങ്ങി നിൽക്കുകയാണ്.

വരാപ്പുഴ പഞ്ചായത്തിന്റെ തുണ്ടത്തും കടവ് പ്രദേശത്തെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും ഒരു കാലത്ത് ഉപജീവനമാർഗമായി സ്വീകരിച്ചിരുന്നത് ഇഷ്ടിക വ്യവസായമായിരുന്നു. മുട്ടിനകം, എടമ്പാടം പ്രദേശങ്ങളിലും ഏതാനും ഇഷ്ടികക്കളങ്ങൾ പ്രവർത്തിച്ചിരുന്നതാണ്. വളരെയധികം ഗുണനില

വാരം പുലർത്തിയിരുന്ന വരാപ്പുഴയിലെ ഇഷ്ടിക പ്രധാനമായും വിറ്റഴിക്കപ്പെട്ടിരുന്നത് തെക്കൻ ജില്ല കളിലാണ്. കോട്ടയം, ആലപ്പുഴ, കൊല്ലം ജില്ലകളിലേക്ക് വലിയ കെട്ടുവള്ളങ്ങളിൽ ഇഷ്ടിക കയറ്റി പോ കുന്നത് സ്ഥിരം കാഴ്ചയായിരുന്നു. ഇഷ്ടിക നിർമാണത്തിനാവശ്യമായ ചെളി കൊണ്ടുവന്നിരുന്നത് പ്രധാനമായും ആലുവായിൽ നിന്നും പരിസര പ്രദേശങ്ങളിൽ നിന്നുമായി ജലമാർഗമാണ്. എന്നാൽ പാതാളം ഭാഗത്ത് ബണ്ട് കെട്ടിയതോടുകൂടി ഇതിലേയുള്ള ജലഗതാഗതം അസാധ്യമായി തീർന്നു. ചെളിയും വിറകും കൊണ്ടുവരുന്നതിനും, പാകമായ ഇഷ്ടിക മറ്റു പ്രദേശത്തേക്ക് വിൽപ്പനക്കായി കൊണ്ടുപോകുന്നതിനുമുള്ള സാധ്യത ഇല്ലാതായതോടെ ഇഷ്ടിക കളങ്ങളുടെ നിലനിൽപ്പ് അപകട ത്തിലായി. ഏകദേശം 40 –ഓളം കളങ്ങളിലായി 1200 –ഓളം തൊഴിലാളികൾ പണിയെടുത്തിരുന്ന ഇഷ് ടിക വ്യവസായത്തിൽ ഇന്ന് 15 ൽ താഴെ കളങ്ങളേ നിലവിലുള്ളു. തൊഴിലാളികളുടെ എണ്ണമാകട്ടെ 150 ൽ താഴെയും.

വരാപ്പുഴയിലെ ഇഷ്ടിക വ്യവസായം നാമമാത്രമായതോടുകൂടി തൊഴിലാളികൾ കുടുംബസമേ തം മറ്റു പ്രദേശങ്ങളിൽ പോയി താമസിച്ച് പണിയെടുക്കുന്ന സ്ഥിതിയായി. ആലുവ, പെരുമ്പാവൂർ, പിറവം, വൈക്കം, തലയോലപ്പറമ്പ്, വയനാട് എന്നിവിടങ്ങളിൽ നിന്നും കളം ഉടമകൾ സീസൺ ആരംഭി ക്കുന്നതിനു മുമ്പുതന്നെ പതിനായിരക്കണക്കിന് രൂപ അഡ്വാൻസ് നൽകി തൊഴിലാളി കുടുംബങ്ങ ളെ ആകർഷിക്കാറുണ്ട്. ഇതുമൂലം കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങിപ്പോകുന്ന സ്ഥിതി പലരും ഗൗര വമായി കാണാറില്ല.

പുത്തൻപള്ളി പ്രദേശം കേന്ദ്രീകരിച്ച് ഏതാനും കുടുംബങ്ങൾ കളിമൺ പാത്ര നിർമാണത്തിലേർ പ്പെട്ടിരുന്നു. എന്നാൽ പാചകത്തിനുപയോഗിക്കുന്ന പാത്രങ്ങളുടെ സ്ഥാനത്ത് വിപ്ലവകരമായ മാറ്റ ങ്ങൾ വന്നതോടുകൂടി പ്രഷർകുക്കർ പോലുള്ളവ രംഗത്തെത്തിയത് ഇവരുടെ തൊഴിലിനും നിലനിൽ പ്പില്ലാതെയാക്കി. എങ്കിലും, ഇപ്പോഴും ചില കുടുംബങ്ങൾ ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. ചെടിച്ചട്ടി, അലങ്കാര വസ്തുക്കൾ, കറിച്ചട്ടികൾ എന്നിവയാണ് പ്രധാനമായും നിർമ്മിക്കുന്നത്.

ചിറയ്ക്കകം വടക്കുഭാഗത്ത് ഏതാനും കുടുംബങ്ങൾ അവൽ ഇടിക്കൽ തൊഴിലായി സ്വീകരിച്ചി രുന്നു. അവരുടെ കുടുംബതൊഴിലായിരുന്ന അവൽ ഇടി ആധുനിക യന്ത്രങ്ങളുടെ വരവോടു കൂടി നിലച്ചുപോവുകയാണുണ്ടായത്.

കാളകളെ ഉപയോഗിച്ചും മനുഷ്യശേഷി ഉപയോഗിച്ചും എണ്ണയാട്ടൽ നടത്തിയിരുന്നുവെങ്കിലും ഓയിൽമില്ലുകളുടെ രംഗപ്രവേശത്തോടു കൂടി എണ്ണയാട്ടൽ അപ്രത്യക്ഷമായി.

പഞ്ചായത്ത് അതൃത്തിയിൽ പെരിയാർ പുഴയിൽ നിന്ന് ചരൽ വാരി ആവശ്യക്കാർക്ക് കൊടുത്ത് ഉപജീവനം നടത്തുന്നവർ നിരവധിയാണ്. അങ്ങേയറ്റം അദ്ധ്വാന ഭാരമുള്ള ഇവരുടെ തൊഴിൽ പരിസ് ഥിതി സന്തുലനം ഉറപ്പുവരുത്തിക്കൊണ്ടുതന്നെ സംരക്ഷിക്കപ്പെടേണ്ടതാണ്.

നിരവധി കുടുംബങ്ങൾ ഉപജീവനം നടത്തിയിരുന്ന ഒരു വ്യവസായമായിരുന്നു ചാരായ വ്യവസാ യം. ചാരായം നിരോധനം നടപ്പിലാക്കിയതോടു കൂടി 1996 ഏപ്രിൽ 1 മുതൽ ഈ വ്യവസായത്തിൽ പണിയെടുത്തിരുന്നവരുടെ തൊഴിലും വരുമാനവും നിലച്ചു.

കള്ളുചെത്തു വ്യവസായം ഇന്ന് ഗുരുതരമായ ഭീഷണി നേരിട്ടുകാണ്ടിരിക്കുന്ന മേഖലയാണ്. തെങ്ങകളെ ബാധിക്കുന്ന പലതരം രോഗങ്ങൾ മൂലം കള്ള് ചെത്തിയെടുക്കാവുന്ന തെങ്ങുകളുടെ എണ്ണത്തിൽ മുൻ കാലങ്ങളെ അപേക്ഷിച്ച് ഗണ്യമായ കുറവ് സംഭവിച്ചു. ലഭിക്കുന്ന കള്ളിന്റെ അളവി ലും വൻതോതിൽ കുറവ് സംഭവിച്ചുവെന്നത് തൊഴിലാളികൾ ഉപജീവനത്തിന് മറ്റു തൊഴിലുകളിലേ ക്ക് തിരിയേണ്ട സ്ഥിതിയുണ്ടാക്കിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1. ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ലൈസൻസ് ലഭിക്കാനുള്ള കാലതാമസം.
2. ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം.
3. അപ്രഖ്യാപിത ലോഡ് ഷെഡിഗും പവർകട്ടും.
4. വ്യവസായ സംരംഭകർ നേരിടുന്ന അനാവശ്യ സാങ്കേതിക ബുദ്ധിമുട്ടുകൾ.
5. ചെറുകിട വ്യവസായ രംഗത്ത് സഹ. സംഘങ്ങളുടെ അപര്യാപ്തത.
6. അസംസ്കൃത പദാർത്ഥങ്ങൾ മിതമായ നിരക്കിൽ ലഭിക്കാത്തതു മൂലമുള്ള പ്രശ്നങ്ങൾ.
7. പരമ്പരാഗത വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കാനുള്ള ബുദ്ധിമു ട്ട്.
8. പരമ്പരാഗത വ്യവസായ തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന കുറഞ്ഞ കൂലി.

സാദ്ധ്യതകൾ

1. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ പ്രോൽസാഹനവും, ധനസഹായ വും നൽകുക.
2. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഇന്ന് നിലവിലുള്ള സാങ്കേതിക തടസങ്ങൾ ഒഴിവാക്കുകയും നിബന്ധനകൾ ലഘൂകരിക്കുകയും ചെയ്യുക.
3. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാല താമസം ഒഴിവാക്കുക.

4. പഞ്ചായത്ത് പ്രദേശത്തുനിന്ന് ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ആരംഭിക്കുക.
5. വനിതകൾക്കായുള്ള റെഡിമെയ്ഡ് വസ്ത്ര നിർമാണ യൂണിറ്റ്, അരിപ്പൊടി- കറിപൗഡർ യൂണിറ്റ്, പ്ലാസ്റ്റിക് കെയിൻ വർക്ക് യൂണിറ്റ്, ടൈപ്പ് റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, മെഴുകിതിരി യൂണിറ്റ്, തീപ്പെട്ടി നിർമാണം, ഡ്രൈക്ലീനിങ് യൂണിറ്റ്, ചന്ദനത്തിരി നിർമാണം. കളിപ്പാട്ട നിർമാണം, മൽസ്യ സംസ്ക്കരണ യൂണിറ്റ് എന്നിവ നടപ്പിലാക്കുക.
6. ചകിരി അസംസ്കൃത വസ്തുവായി ഉപയോഗിച്ചുള്ള വ്യവസായം ആരംഭിക്കുക.
7. നാളികേരം, അടയ്ക്ക എന്നിവ സംഭരിക്കുന്നതിനും, സംസ്ക്കരിക്കുന്നതിനും ആവശ്യമായ സൊസൈറ്റി രൂപീകരിക്കുക.
8. ചെറുകിട ഫർണീച്ചർ യൂണിറ്റുകൾക്ക് പ്രോൽസാഹനം നൽകുക.
9. പരമ്പരാഗത വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ന്യായവിലക്ക് ലഭ്യമാക്കുക.
10. പരമ്പരാഗത വ്യവസായ രംഗത്ത് ആധുനികവൽക്കരണം കൊണ്ടുവരിക.
11. നിലവിലുണ്ടായിരുന്ന ഖാദി യൂണിറ്റ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
12. ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ പ്രാദേശികതലത്തിൽ നടത്തുക.
13. ചെറുകിട വ്യവസായ സംരംഭകർക്കായി സംരക്ഷണ സമിതികൾ രൂപീകരിക്കുക.

Alphonsa Vpz.

ഗതാഗതം, ഊർജ്ജം

ഗതാഗതം:–

റോഡ് ഗതാഗതം വികസിക്കുന്നതിന് മുമ്പുതന്നെ പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിച്ചിരുന്നത് ജല മാർഗങ്ങളെയാണ്. പെരിയാറിന്റെ കൈവഴികളാൽ സമ്പുഷ്ടമാണ് വരാപ്പുഴ പഞ്ചായത്ത്. വരാപ്പുഴയുടെ മധ്യഭാഗമായ ചെട്ടി ഭാഗത്തു നിന്നും എറണാകുളത്തേയ്ക്ക് നിത്യവും പണ്ട് മുതൽക്കേയുള്ള ബോട്ട് സർവീസ് നിലനിന്നുപോരുന്നു. ഏലൂരിൽ നിന്നു പുറപ്പെട്ട് തുരുത്തുംകടവ്, എടമ്പാടം എന്നീ കരകളെ ബന്ധപ്പെടുത്തിക്കൊണ്ട് ഞാറക്കലിലേക്ക് ബോട്ട് സർവീസുണ്ട്. വൈപ്പിൻ, ഞാറക്കൽ മുതലായ മേഖലകളിലെ തൊഴിലാളികൾ ഏലൂർ വ്യവസായശാലകളിൽ ജോലിക്കായി വരുന്നതും ഈ മാർഗം വഴിയാണ്. തത്തപ്പിള്ളിയിൽ നിന്നാരംഭിച്ച് ചാത്തനാട്, കടമക്കുടി വഴി എറണാകുളത്തേയ്ക്ക് നടത്തിയിരുന്ന ബോട്ട് സർവീസ് ഇപ്പോഴില്ല. പഞ്ചായത്തതൃത്തിയിൽ ആകെ എട്ട് ബോട്ടുജെട്ടികളാണുള്ളത്.

പണ്ടുമുതൽക്കേ തന്നെ നല്ലൊരു മാർക്കറ്റായിരുന്ന ചെട്ടിഭാഗത്ത് എറണാകുളം, കൊച്ചി, ആലുവ എന്നിവിടങ്ങളിൽ നിന്നും ചരക്കുകൾ കടകളിൽ എത്തിച്ചിരുന്നത് പെരിയാറിലൂടെ വലിയ കെട്ടുവള്ളങ്ങളിലാണ്. വള്ളത്തിൽ നിന്നും ചരക്കിറക്കുന്നതിനുള്ള ചെട്ടിഭാഗത്തുള്ള കടവ് ഇപ്പോൾ കാര്യമായ ഉപയോഗമില്ലാതെ നിലകൊള്ളുന്നു. പുരാതന കാലം മുതൽക്കേതന്നെ ഗുണമേന്മയുടെ കാര്യത്തിൽ പേരുകേട്ട വരാപ്പുഴയിലെ പ്രത്യേകിച്ച് തുണ്ടത്തുംകടവ് കളങ്ങളിൽ നിർമ്മിച്ച ഇഷ്ടികകൾ ആലുപ്പുഴ, കൊല്ലം, കോട്ടയം ഭാഗങ്ങളിലേക്ക് കയറ്റിക്കൊണ്ടു പോയിരുന്നതും വലിയ കെട്ടുവള്ളങ്ങളിലാണ്. ഏലൂരുള്ള വ്യവസായശാലകൾക്ക് അമോണിയ, തുരിശ്, ഗന്ധകം എന്നിവ കൊച്ചിയിൽ നിന്നും എത്തിച്ചു കൊടുക്കുന്നതും വലിയ പത്തേമാരികളുടേയും, ബാർജുകളുടേയും സഹായത്തോടെയാണ്. വലിയ ബാർജുകൾ വഴി ലിക്വിഡ് അമോണിയ, തുരിശ് എന്നിവ ഇപ്പോഴും പെരിയാറിലെ ദേശീയ ജലപാതയിലൂടെ ഏലൂർ, എടയാർ വ്യവസായശാലകളിൽ എത്തിക്കുന്നുണ്ട്. എൻ എച്ച് 17 ലെ മണ്ണുംതുരുത്ത്– ചേരാനല്ലൂർ പാലം പ്രത്യേകമായി ഡിസൈൻ ചെയ്തിട്ടുള്ളത് ഈ സൗകര്യത്തിനു വേണ്ടിയാണ്. തിരുവിതാംകൂറും കൊച്ചിയുമായുള്ള ചരക്കു ഗതാഗതം നിയന്ത്രിക്കുന്നതിന് ഏലൂരും, തേവർകാട് തെക്കുപടിഞ്ഞാറെ മൂലയിലും, ദേവസ്വംപാടം പടിഞ്ഞാറെ അറ്റത്തും ചൗക്കകൾ നിലനിന്നിരുന്നു. എന്നാൽ തിരുവിതാംകൂർ– കൊച്ചി സംയോജനത്തിലൂടെ ഈ ചൗക്കകളുടെ പ്രവർത്തനവും നിലച്ചു.

റോഡു ഗതാഗത സൗകര്യം ഇല്ലാതിരുന്ന കാലത്ത് രോഗികളെ പറവൂർ, ഞാറയ്ക്കൽ മുതലായ സ്ഥലങ്ങളിലെ ആശുപത്രിയിൽ എത്തിച്ചിരുന്നത് കസേരയിലിരുത്തി ചുമന്നും, ജലമാർഗം വഴിയുമായിരുന്നു. ആലുവ ശിവരാത്രി മണപ്പുറത്ത് ബലിയർപ്പിക്കാൻ പോയിരുന്നത് ഏലൂർ വഴിയും, ഒളനാട് കൊങ്ങോർപ്പിള്ളി വഴിയും കാൽനടയായിട്ടായിരുന്നു.

തുണ്ടത്തുംകടവ്– ചേന്നൂർ– ചരിയാതുരുത്ത് കടവ്, തുണ്ടത്തും കടവ്– എടപാടം കടത്ത്, തുണ്ടത്തും കടവ്, വട്ടപ്പോട്ട കടത്ത്, ആറാട്ടുകടവ് – കോട്ടുവള്ളി കടത്ത് എന്നിങ്ങനെ 4 ലേല കടത്തുകളും, മണ്ണുംതുരുത്ത്– വരാപ്പുഴ, വരാപ്പുഴ – ഏലൂർ എന്നി രണ്ട് 'പി ഡബ്ല്യു ഡി' കടത്തുകളും, തേവർക്കാട്– കൊടവക്കാട്, മുട്ടിനകം – ഏലൂർ, എന്നീ രണ്ട് സ്വകാര്യ കടത്തുകളും ചേരാനല്ലൂർ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ചേരാനല്ലൂർ– എടമ്പാടം കടത്തുമാണ് ഈ പഞ്ചായത്തതൃത്തിയിലുള്ളത്. പി ഡബ്ല്യു ഡി കടത്തുകളിലൂടെയുള്ള യാത്ര സൗജന്യമാണ്. ചങ്ങാടം ഉപയോഗിച്ചു നടത്തുന്ന മണ്ണുംതുരുത്ത് – ഏലൂർ – ചേരാനല്ലൂർ ഫെറി സർവീസും നിലവിലുണ്ട്.

ഏലൂർ വ്യവസായ മേഖലയിലേക്കും, കൊച്ചി– എറണാകുളം മുതലായ പട്ടണപ്രദേശങ്ങളിലേക്കും ആയിരക്കണക്കിനു യാത്രക്കാർ വാഹനങ്ങൾ വഴിയായും ചങ്ങാടം വഴിയായും യാത്ര ചെയ്യുന്നുണ്ട്. ആയതിനാൽ ഈ വഴിയുള്ള യാത്ര ദുഷ്ക്കരം തന്നെ.

വരാപ്പുഴയിൽ നിന്നും ചെമ്മായത്തുള്ള ചങ്ങാടം വഴി ഒരു ചെറിയ ബസ് വരാപ്പുഴയുടെ ചരിത്രത്തിലാദ്യമായി സർവീസ് നടത്തിയിരുന്നു. വാഹനത്തിലൂടെ പറവൂർ ഭാഗത്തേയ്ക്കുള്ള യാത്രാ സൗകര്യം അതൊന്നു മാത്രമായിരുന്നു. എന്നാൽ 1962 ൽ ചെറിയപ്പിള്ളി പാലവും അതിനോടനുബന്ധിച്ചുള്ള റോഡുകളും നിലവിൽ വന്നതോടെ യാത്രാ സൗകര്യം വികസിച്ചു തുടങ്ങി. ഇതിനെ തുടർന്ന് മണ്ണുംതുരുത്തിലും, ഏലൂർ ഉന്തിതോടിലും ചെറിയ പാലങ്ങൾ നിർമ്മിച്ചതോടെയും, ചേരാനല്ലൂർ ഫെറിയോട് ചേർന്ന് ഒരു ബസ്സ്റ്റാൻറ് നിർമ്മിച്ചതോടെയും ഇന്നത്തെ ഗതാഗത സൗകര്യം നിലവിൽ വന്നു. തന്മൂലം ഏലൂർഫെറിയിൽ നിന്ന് വൈപ്പിൻ, മുനമ്പം, കൊടുങ്ങല്ലൂർ, മാളവന ഫെറി, മാഞ്ഞാലി, ആലുവ ഭാഗത്തേയ്ക്കും ഏലൂരിൽ നിന്നും വ്യവസായമേഖലയായ ആലുവ കളമശേരി ഭാഗത്തേക്കും

ചേരാനല്ലൂരിൽ നിന്നും ചോറ്റാനിക്കര, തൃപ്പൂണിത്തുറ, കൊച്ചി, പനങ്ങാട് ഭാഗത്തേക്കും ബസ് സർവീസുകൾ ആരംഭിക്കാൻ കഴിഞ്ഞു. ഏലൂർഫെറി വഴി എറണാകുളത്തേക്ക് ആദ്യമായി സർവീസ് നടത്തിയത് ഗംഗ എന്ന ബസാണ്. ഇതിനെല്ലാം മുൻപേ തന്നെ വരാപ്പുഴ– ആലുവ ബസ് സർവീസുകൾ നിലവിലുണ്ടായിരുന്നു. ഏകദേശം 20 സെൻറ് വരുന്ന ഏലൂർ ഫെറിയിലെ ബസ്സ്റ്റാൻറ് അവിടെയെത്തുന്ന ബസുകൾക്ക് പാർക്കുചെയ്യുന്നതിന് ഒട്ടും സൗകര്യപ്രദമല്ല. തന്നെയുമല്ലാ ഓട്ടോറിക്ഷ, കാർ, ട്രക്കർ, ടെമ്പോ, ലോറി, ബസ് മുതലായവയ്ക്ക് സ്റ്റാൻറുകളില്ലാത്തതിനാൽ റോഡരികിലാണ് പാർക്കു ചെയ്യുന്നത്. ഇതുമൂലം വാഹനങ്ങളുടെ ഗതാഗാതത്തിനും കാൽ നടക്കാർക്കും വളരെയേറെ അസൗകര്യങ്ങൾ ഉണ്ടാക്കുന്നുണ്ട്. എടമ്പാടത്തു നിന്നും കാലടിയിലേക്ക് സർവീസ് നടത്തിയിരുന്ന ബസ് എടമ്പാടത്തെ റോഡിൻെറ ശോച്യാവസ്ഥ മൂലം ഓട്ടം നിർത്തിയിരിക്കുകയാണ്.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി കച്ച, ചക്ക, മെറ്റൽ, ഗ്രാവൽ വിഭാഗങ്ങളിലായും പി ഡബ്ല്യു ഡി, നാഷണൽ ഹൈവേ എന്നീ വിഭാഗങ്ങളിലായും ഏകദേശം 98 കിലോ മീറ്ററോളം നീളത്തിൽ റോഡുകളുണ്ട്. ഇതിൽ പി ഡബ്ല്യു ഡി വക 1.75 കി. മീറ്റർ നീളത്തിലും, എൻ എച്ച് 17 വക 4.25 കി. മീറ്റർ നീളത്തിലും, പഞ്ചായത്തു വക 15 കി. മീറ്റർ ടാർ റോഡുകളും 9.5 കി. മീറ്റർ മെറ്റൽ റോഡുകളും ബാക്കി ഗ്രാവൽ റോഡുകളും, മണൽ റോഡുകളുമാണ് പഞ്ചായത്തതൃത്തിയിലുള്ളത്. എൻ എച്ച് 17, പി ഡബ്യു ഡി എന്നീ റോഡുകളൊഴിച്ചുള്ള റോഡുകളെല്ലാംതന്നെ വെള്ളക്കെട്ടു മൂലവും, കാലാകാലങ്ങളിലുള്ള അറ്റകുറ്റപണികൾ നടത്താത്തതുമൂലവും സഞ്ചാരയോഗ്യമല്ല. മണ്ണുംതുരുത്ത്– ചേരാനല്ലൂർ പാലം നിർമാണത്തിൻെറ ഭാഗമായി പടുകൂറ്റൻ വാഹനങ്ങൾ ഫെറിയിലേക്ക് ചരക്കുകളുമായി ഗതാഗതം നടത്തുന്നതിനാൽ ചെട്ടിഭാഗം മണ്ണുംതുരുത്ത് റോഡ് പൊട്ടിപ്പൊളിഞ്ഞ് സഞ്ചാരയോഗ്യമല്ലാതായിരിക്കുന്നു. മണ്ണുംതുരുത്ത്– ചേരാനല്ലൂർ, പാലത്തിനോട് ചേർന്ന് ഏതാനും ഭാഗം കര പാലമായും, ബാക്കിയുള്ള ചെട്ടിഭാഗം ഷാപ്പുപടിവരെയുള്ള ഭാഗം എൻ എച്ചിൻെറ ഭാഗങ്ങൾ ഗ്രാവൽ ഇട്ട് ഗ്രൗണ്ട് ലവലിലാക്കി നിർത്തിയിരിക്കുകയാണ്. ഈ പാലത്തിൻെറ പണി പൂർത്തിയായാലും ഏലൂരിന് പടിഞ്ഞാറുള്ള മേഖലയിലുള്ളവർക്ക് ഏലൂർ വ്യവസായ മേഖലയുമായി ബന്ധപ്പെടുന്നതിന് ഫെറിയെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

എൻ എച്ചും, പി ഡബ്ല്യു ഡി റോഡും ടാർ ചെയ്തു 15 കി. മീറ്റർ വരുന്ന പഞ്ചായത്തു റോഡുകളും ഒഴിച്ചുള്ള 73.5 കി. മീറ്ററോളം വരുന്ന റോഡുകളുടെ ശോചനീയാവസ്ഥക്ക് പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു. യഥാസമയം അറ്റകുറ്റപ്പണികൾ നടത്താതിരിക്കുന്നതും റോഡുകളുമായി ബന്ധപ്പെട്ട് കാനകൾ നിർമിക്കാതിരിക്കുന്നതും, വാട്ടർ അതോറിട്ടിയും കേന്ദ്ര ടെലഫോൺ ഡിപ്പാർട്ടുമെൻറും നടത്തുന്ന പ്രവർത്തനങ്ങളിൽ ഏകോപനമില്ലാതിരിക്കുന്നതും റോഡിൻെറ ഇന്നത്തെ സ്ഥിതിക്ക് കാരണമായിട്ടുണ്ട്. തുണ്ടത്തും കടവ് കടമക്കുടി ദ്വീപുമായി ബന്ധിപ്പിക്കുന്ന സ്ലൂയിസ്– കം –ബ്രിഡ്ജ് നിർമ്മിച്ചതോടു കൂടി ആ ദ്വീപുമായിട്ടുള്ള യാത്രാ സൗകര്യത്തിന് വഴി തെളിഞ്ഞിട്ടുണ്ട്. എന്നാൽ പാടത്തു കൂടിയുള്ള റോഡിൻെറ പണികൾ നടക്കാത്തതു മൂലം വാഹന ഗതാഗതം തടസപ്പെട്ടിരിക്കുകയാണ്.

ദേശീയപാത 17 ൽ മണ്ണംത്തുരുത്ത് ചേരാനല്ലൂർ പാലത്തിൻെറ പണി പൂർത്തിയാകുന്നതോടെ ഈ മേഖലയിൽ കൂടിയുള്ള ഗതാഗതം വർധിക്കുകയും ഗതാഗതക്കുരുക്ക് അനുഭവപ്പെടുകയും ചെയ്യും. ഇതിന് പരിഹാരമെന്നോണം എൻ എച്ച് 17 ചെട്ടിഭാഗത്തുനിന്ന് തെക്കോട്ട് തുണ്ടത്തുംകടവ് ചേന്നൂർ, കോതാട് മുതലായ ദ്വീപുകളുമായി ബന്ധിപ്പിച്ച് എറണാകുളവുമായി ബന്ധിപ്പിക്കണം. വളരെയധികം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ജനങ്ങളുടെ യാത്രാ സൗകര്യത്തിന് അത്യാവശ്യവും ദ്വീപുകളെ പട്ടണങ്ങളുമായി ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തിന് ഇത് ആവശ്യവുമാണ്. എൻ എച്ച് 17 ന് സമാന്തരമായി ഇപ്പോൾ സർവെ നടത്തിക്കൊണ്ടിരിക്കുന്ന റെയിൽവെ ലൈനിൻെറ പണി പൂർത്തിയാകുന്നതോടെ ഈ മേഖലയിലെ യാത്രാ ക്ലേശത്തിന് ഒരു പരിധിവരെ പരിഹാരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

പ്രശ്നങ്ങൾ

1. നിലവിലുള്ള റോഡുകളുടെ നില വളരെ മോശമാണ്.
2. റോഡുകൾക്ക് ഓടകളില്ല.
3. റോഡുകൾക്ക് പൊതുവെ വീതി കുറവാണ്.
4. റോഡുകൾ വർഷത്തിലൊരിക്കൽ പോലും അറ്റകുറ്റപണികൾ നടത്തുന്നില്ല.
5. മഴക്കാലത്ത് കയറി നിൽക്കാൻ ബസ് സ്റ്റോപ്പുകളിൽ ഷെൽട്ടറുകളില്ല.
6. ബസ്, കാറ്, ഓട്ടോ സ്റ്റാൻറുകളില്ല.
7. ടാർ റോഡുകളുടെ അഭാവം.
8. കുത്തുവള്ളങ്ങൾക്ക് അടുക്കാൻ ജെട്ടി സൗകര്യങ്ങളില്ല.
9. ബോട്ടുകൾക്ക് അടുക്കാൻ ജെട്ടി സൗകര്യമില്ല.
10. തോടിൻെറ ആഴക്കുറവു മൂലം ചെട്ടിഭാഗം ജെട്ടിയിലേക്ക് ബോട്ടുകൾക്ക് വരാനും തിരിച്ചു പോകാനുമുള്ള അസൗകര്യം.
11. ഒരു ബോട്ടുയാർഡിൻെറ അപര്യാപ്തത.

സാദ്ധ്യതകൾ

1. ബഹുജന സഹകരണത്തോടെ നിലവിലുള്ള റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി.
2. എല്ലാ റോഡുകൾക്കും ഓടകൾ പണിയുന്നതിനുള്ള സന്നദ്ധ പ്രവർത്തനം.
3. പ്രധാന റോഡുകൾ ടാർ ചെയ്യുന്നതിനുള്ള പദ്ധതി.
4. റോഡ് സംരക്ഷണത്തിന് പ്രാദേശിക സമിതികൾ.
5. നിർകെട്ട് ഒഴിവാക്കാൻ ആവശ്യമുള്ളിടത്ത് കൾവെർട്ടറുകൾ നിർമ്മിക്കുക.
6. ബസ്, ഓട്ടോ, ടാക്സി, ടെമ്പോ സ്റ്റാൻറുകൾ നിർമ്മിക്കുക.
7. എൻ എച്ച് 17, കോതാട്, ചേന്നൂർ ദ്വീപുകളെ ബന്ധിപ്പിച്ചുകൊണ്ട് എറണാകുളവുമായി ബന്ധിപ്പിക്കുക.
8. മണ്ണുംതുരുത്ത് ഏലൂർ വ്യവസായ മേഖലയലുമായി ബന്ധപ്പെടുത്തുന്നതിന് എൻ എച്ച് 17 മായി ബന്ധപ്പെട്ട് ഏലൂർക്ക് പാലം നിർമ്മിക്കുക.
9. പ്രധാന ബസ് സ്റ്റോപ്പുകളിൽ ബസുകളുടെ സമയം രേഖപ്പെടുത്തുന്ന ബോർഡുകൾ പ്രദർശിപ്പിക്കുക. ഈ ബോർഡുകൾ സന്നദ്ധപ്രവർത്തനം വഴി സംഘടിപ്പിക്കണം.
10. എറണാകുളം വരാപ്പുഴ റൂട്ടിലോടുന്ന സ്വകാര്യ ബോട്ടുകളിൽ രണ്ടെണ്ണമെങ്കിലും ഒരു മണിക്കൂർ സമയംകൊണ്ട് (പ്രധാന ജെട്ടികളിൽ മാത്രം അടുത്ത്) എത്തത്തക്കവിധം ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ ബോട്ട് സർവീസ് ഏർപ്പെടുത്തുക.
11. കോട്ടുവള്ളി പഞ്ചായത്തും, ഏലൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതിന് കോട്ടുവള്ളി– ദേവസ്വംപാടം പാലം നിർമ്മിക്കുക.
12. ചെട്ടിഭാഗം ഒളനാട് വഴി കെ എസ് ആർ ടി സി ബസ്സുകൾ ഓടിക്കുക.
13. പുത്തൻപള്ളി കപ്പോളക്ക് പിന്നിലൂടെ പോകുന്ന എൻ എച്ച് 17 നിലവിലുള്ള ബസ്സ് ഗതാഗതത്തിന് തടസമുണ്ടാക്കാതിരിക്കുക.

ഊർജം:–

വരാപ്പുഴ പഞ്ചായത്തിൽ ഊർജാവശ്യങ്ങൾക്കായി വൈദ്യുതിയും, വൈദ്യുതേതര ഊർജസ്രോതസുകളായ വിറക്, മണ്ണെണ്ണ, പാചക വാതകം, ബയോഗ്യാസ്, കൽക്കരി മുതലായവ ഉപയോഗിക്കുന്നു. വൈദ്യുതിയുടേയും മണ്ണെണ്ണയുടേയും, പാചകവാതകത്തിൻേറയും ഉപഭോഗം അനുദിനം വർദ്ധിച്ചു വരികയാണ്. വിറകിൻെറ ലഭ്യതക്കുറവും, വിലകൂടുതലും, പുക ശല്യവും ഇന്ന് വിവിധയിനം അടുപ്പുകളുടെ രംഗപ്രവേശനത്തിന് വഴി തെളിച്ചിട്ടുണ്ട്. പാചകവാതക സ്റ്റൗ, മണ്ണെണ്ണ സ്റ്റൗ, പുകയില്ലാത്തതും ചെലവു കുറഞ്ഞതുമായ പരിഷത്ത് അടുപ്പുകൾ, സെറ്റിൽമെൻറ് അടുപ്പുകൾ മുതലായവയുടെ ഉപയോഗം വർദ്ധിച്ചുവരുന്നുണ്ട്. ഫർണീച്ചർ ആവശ്യങ്ങൾക്ക് മരത്തിൻെറ ഉപയോഗം വർദ്ധിച്ചതോടുകൂടി പാഴ്മരങ്ങൾക്ക് പോലും ആവശ്യക്കാരായിരിക്കുകയാണ്. ഇതുമൂലം വിറക് ഉപയോഗിച്ചുള്ള പാചകം കുറഞ്ഞുവരികയാണ്. ഇടത്തരക്കാരും, സാമ്പത്തികമായി മുന്നിട്ടുനിൽക്കുന്നവരും മറ്റ് ഊർജസ്രോതസുകളെയാണ് പാചകത്തിനായി ഉപയോഗിക്കുന്നത്. മുൻകാലങ്ങളിൽ ഗ്യാസ് ഉപയോഗിച്ചുള്ള പാചകം സമ്പന്നതയുടേയും കുലീനതയുടേയും ലക്ഷണങ്ങളായിരുന്നെങ്കിൽ ഇന്ന് ഇടത്തരക്കാരുടെ ഇടയിൽ പാചകവാതക ഉപയോഗം വ്യാപിച്ചു വരികയാണ്. ഗ്യാസ് ഏജൻസികളുടെ വർദ്ധനവ് ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ച് ഊർജക്ഷാമത്തിന് ഒരളവ് വരെ പരിഹാരം കാണാൻ സാധിക്കുമെങ്കിലും, സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള മേഖല എന്ന നിലക്ക് പ്ലാൻറുകളുടെ നിർമാണത്തെക്കുറിച്ചും, ഉപയോഗത്തെക്കുറിച്ചും നല്ല രീതിയിലുള്ള പ്രചാരണവും ബോധവൽക്കരണവും സംഘടിപ്പിച്ചാൽ ബയോഗ്യാസ് പ്ലാൻറുകളുടെ നിർമാണം വ്യാപിപ്പിക്കാൻ സാധിക്കുമെന്നാണ് അനുഭവം. രണ്ട് പശുക്കൾ ഉള്ള വീടുകളിലെ പാചക ആവശ്യത്തിന് ഇത്തരം പ്ലാൻറുകൾ ഉപകരിക്കുന്നതാണ്.

പാചകവാതകമുപയോഗിച്ചുള്ള പാചകം കടന്നുചെല്ലാത്ത വീടുകളിൽ ചെലവു കുറഞ്ഞതും പുകയില്ലാത്തതുമായ അടുപ്പുകൾ ഉപയോഗിച്ചു വരുന്നുണ്ട്. പരിഷത്ത് അടുപ്പുകൾ, സെറ്റിൽമെൻറ് അടുപ്പുകൾ എന്നിവയാണ് ഇന്ന് പ്രചാരത്തിലിരിക്കുന്നത്. ചെലവു താരതമ്യേന കുറവായ പരിഷത്ത് അടുപ്പുകൾ ഇന്ന് വ്യാപകമായി നിലവിലുണ്ട്. ചെറു വിറകുചീളുകൾ വളരെ കുറച്ചുമാത്രം മതിയെന്നതും, പുകശല്യം തീരെയില്ല എന്നതും ഇത്തരം അടുപ്പുകളുടെ സവിശേഷതയാണ്. തടിമില്ലുകളിൽ നിന്ന് ശേഖരിക്കുന്ന അറക്കപ്പൊടി ഉപയോഗിച്ചു കത്തിക്കുന്ന പൊടി അടുപ്പുകളും വൻതോതിൽ പ്രചാരത്തിലുണ്ട്. സാമ്പത്തികമായി ദുർബ്ബല വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളിൽ ചാണകം ശേഖരിച്ച് ഉമി കലർത്തി വൃത്താകൃതിയിൽ പരത്തി ഉണക്കിയെടുക്കുന്ന വരടിയും കത്തിക്കാനുപയോഗിക്കുന്നുണ്ട്. മണ്ണെണ്ണ ഉപയോഗിച്ച് കത്തിക്കുന്ന സ്റ്റൗ മിക്കവാറും വീടുകളിൽ ഉപയോഗിച്ചു വരുന്നുണ്ടെങ്കിലും റേഷൻ കടകളിൽ നിന്ന് ലഭിക്കുന്ന മണ്ണെണ്ണ ഏതാനും ദിവസത്തേക്കു മാത്രമേ തികയുന്നുള്ളു എന്നതാണ് സത്യം. പാചകവാതകത്തിൻെറ വിലയും മണ്ണെണ്ണയുടെ ദൗർലഭ്യവും, വിറക് ശേഖരിക്കുന്നതിനുള്ള ബുദ്ധിമുട്ടും പരിഗണിക്കുമ്പോൾ, കുറഞ്ഞ ചെലവും ഉയർന്ന ഇന്ധനക്ഷമതയുമുള്ള അടുപ്പുകളെപ്പറ്റി ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നത് ഗുണകരമായിരിക്കും.

വരാപ്പുഴ പഞ്ചായത്തിൽ 12 റേഷൻ കടകളിൽ നിന്നായി 2,01,621 ലിറ്റർ മണ്ണെണ്ണ പ്രതിവർഷം വിതരണം ചെയ്യുന്നുണ്ട്. റേഷൻകാർഡുകൾ വഴി 1,87,454 ലിറ്റർ മണ്ണെണ്ണയും, പെർമിറ്റുകൾ വഴി 14,167 ലിറ്റർ മണ്ണെണ്ണയുമാണ് വിതരണം നടത്തുന്നത്.

ഊർജരംഗത്ത് ആശ്രയിക്കുന്ന പ്രധാന സ്രോതസ് വൈദ്യുതിയാണ്. ആകെയുള്ള 5128 കെട്ടിടങ്ങളിൽ 4000ത്തോളം കെട്ടിടങ്ങൾ വൈദ്യുതീകരിച്ചു കഴിഞ്ഞു. 674 വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്.

ഓർഡിനറി വിഭാഗം – 495
O T P വിഭാഗം– 40
OYEC വിഭാഗം – 139

എന്നിങ്ങനെയാണ് അപേക്ഷകളുടെ വിവരം.

വോൾട്ടേജ് ക്ഷാമം രൂക്ഷമായിട്ടുള്ള വരാപ്പുഴയിൽ അതിനു പരിഹാരം കാണുന്നതിന് 19 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പരിഹാരമായിട്ടില്ല. പഞ്ചായത്തിലെ 10 വാർഡുകളിലായി 751 വഴി വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും പലതും പ്രകാശിക്കാത്ത സ്ഥിതിയുണ്ട്.

ബൾബ് – 540
ട്യൂബ്‌ലൈറ്റ് – 201
സോഡിയം വേപ്പർ – 10

എന്നീ ക്രമത്തിലാണ് വഴിവിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത്.

വരാപ്പുഴ മേജർ സെക്ഷന്റെ കീഴിൽ വരാപ്പുഴ, ആലങ്ങാട്, കോട്ടുവള്ളി, കടമക്കുടി പഞ്ചായത്തുകളാണുള്ളത്. മേജർ സെക്ഷന്റെ കീഴിൽ 13,585 ഉപഭോക്താക്കളുണ്ട്.

ഗാർഹിക ഉപഭോക്താക്കൾ – 11,146
കച്ചവടസ്ഥാപനങ്ങൾ – 1344
ചെറുകിട വ്യവസായ യൂണിറ്റുകൾ – 241
കാർഷിക ഉപഭോക്താക്കൾ – 854

ഇതിൽ 9000– ത്തിലധികം ഉപഭോക്താക്കളും വരാപ്പുഴ പഞ്ചായത്തും കോട്ടുവള്ളി പഞ്ചായത്തിന്റെ ഏതാനും ഭാഗവും ഉൾപ്പെടുന്ന പ്രദേശമാണ്.

മന്ദം സബ് സ്റ്റേഷനിൽ നിന്നുള്ള ഫീഡറിൽ നിന്നാണ് വരാപ്പുഴയിൽ വൈദ്യുതി ലഭിക്കുന്നത്. സബ്സ്റ്റേഷൻ പരിധിയുടെ ഏറ്റവും അവസാന ഭാഗമായതുകൊണ്ട് സബ്സ്റ്റേഷനും പഞ്ചായത്തിനുമിടക്ക് അറ്റകുറ്റപണികൾ നടക്കുമ്പോഴെല്ലാം വരാപ്പുഴയിൽ വൈദ്യുതി നിലയ്ക്കുന്ന സ്ഥിതിയുണ്ട്. അടിക്കടിയുണ്ടാകുന്ന ഇത്തരം അപ്രഖ്യാപിത പവർകട്ടുകൾ ജനങ്ങൾക്കിടയിൽ വ്യാപകമായ പ്രതിഷേധമുണ്ടാക്കിയിട്ടുണ്ട്.

ടാറ്റപുരം സബ്സ്റ്റേഷന്റെ വടുതല ഫീഡർ ഇപ്പോൾ ചിറ്റൂർവരെ എത്തി നിൽക്കുന്നുണ്ട്. വടുതല ഫീഡർ വരാപ്പുഴയുമായി ബന്ധപ്പെടുത്തുകയാണെങ്കിൽ വരാപ്പുഴയുടെ വൈദ്യുതി ക്ഷാമത്തിന് ഒരളവോളം പരിഹാരമാകുമായിരുന്നു. ഇതിനായി 1,34,250 രൂപയുടെ എസ്റ്റിമേറ്റിന് 6–9–1993 ൽ അംഗീകാരം ലഭിച്ചെങ്കിലും പണി ആരംഭിക്കുന്നതിനുള്ള നടപടി ഇതുവരെ ഉണ്ടായിട്ടില്ല. 600 മീറ്ററോളം നീളത്തിൽ ലൈൻ വലിച്ചാൽ ഈ പ്രശ്നത്തിന് പരിഹാരമാകും. എസ്റ്റിമേറ്റ് എടുക്കുമ്പോൾ 1500 മീറ്ററായിരുന്നു രണ്ടു ഫീഡറുകളും തമ്മിലുള്ള ദൈർഘ്യം.

നിലവിലുള്ള ഉപഭോക്താക്കൾക്ക് കൃത്യമായി വൈദ്യുതി നൽകാൻ സാധിക്കാത്ത സ്ഥിതി നിലനിൽക്കുമ്പോഴാണ് പുതിയ കണക്ഷനുവേണ്ടി നിരവധിയാളുകൾ അപേക്ഷ നൽകി കാത്തിരിക്കുന്നത്. മാത്രമല്ല, വരാപ്പുഴ– ചേരാനല്ലൂർ പാലം പണി പൂർത്തിയാകുന്നതോടെ ഒട്ടനവധി വികസന പ്രവർത്തനങ്ങൾക്ക് സാധ്യതയുള്ള വരാപ്പുഴ പഞ്ചായത്തിൽ വൈദ്യുതി പ്രതിസന്ധി വരും നാളുകളിൽ രൂക്ഷമാകാൻ പോവുകയാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ പല ഭാഗത്തും അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം.
2. ചെലവു കുറഞ്ഞതും ദക്ഷത കൂടിയതുമായ അടുപ്പുകളെക്കുറിച്ച് ജനങ്ങൾക്കുള്ള അറിവില്ലായ്മ.
3. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം.
4. സ്ട്രീറ്റ് ലൈറ്റുകൾ എല്ലാ റോഡുകളിലും സ്ഥാപിച്ചിട്ടില്ല. ഉള്ളവയിൽ പലതും ഉപയോഗശൂന്യമാണ്.
5. അടിക്കടിയുള്ളതും, അപ്രഖ്യാപിതവുമായ പവർക്കട്ട്.
6. വേണ്ടത്ര ട്രാൻസ്ഫോർമറുകളുടെ കുറവ്.
7. പുകയില്ലാത്ത അടുപ്പുകളുടെ നിർമാണ രീതിയിലുള്ള അജ്ഞത.
8. പാചകവാതകത്തിന്റെ ലഭ്യതക്കുറവ്.

സാദ്ധ്യതകൾ

1. വരാപ്പുഴയിൽ ഒരു വൈദ്യുതി സബ്സ്റ്റേഷൻ ആരംഭിക്കുക.
2. പുകയില്ലാത്ത അടുപ്പുകളും, ബയോഗ്യാസ് പ്ലാൻറുകളും ആവശ്യക്കാർക്ക് സബ്സിഡി നിരക്കിൽ നിർമ്മിച്ചു നൽകുക.
3. മുഴുവൻ പഞ്ചായത്ത് റോഡുകളിലും വഴിവിളക്കുകൾ സ്ഥാപിക്കുക.
4. വൈദ്യുതി വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന്, വൈദ്യുതി ബോർഡിലേയും, പഞ്ചായത്ത് ഭരണസമിതിയിലേയും അംഗങ്ങൾ ഉൾപ്പെടുന്ന സംയുക്ത കമ്മിറ്റിയെ ചുമതലപ്പെടുത്തുക.
5. വീടുകൾ വൈദ്യുതീകരിക്കുന്നതിന് നിലനിൽക്കുന്ന സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നിബന്ധനകൾ ലഘൂകരിക്കുക.
6. ചെലവു കുറഞ്ഞ അടുപ്പുകളുടെ നിർമാണ രീതിയെക്കുറിച്ച് കൂടുതൽ ആളുകളെ പരിശീലിപ്പിക്കുക.
7. ഇപ്പോൾ ചിറ്റൂരിൽ എത്തി നിൽക്കുന്ന ടാറ്റാപുരം സബ്സ്റ്റേഷൻറെ വടുതല ഫീഡർ വരാപ്പുഴയുമായി ബന്ധിപ്പിക്കുക.
8. പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന്, വൈദ്യുതി ലൈനിൽ സ്പർശിക്കുന്ന വൃക്ഷശിഖരങ്ങൾ നീക്കം ചെയ്യുന്നതിന് സ്ഥിരം സംവിധാനം രൂപീകരിക്കണം.
9. പുതിയ കണക്ഷൻ നൽകുന്നതിനുള്ള കാല താമസം ഒഴിവാക്കുക.
10. സിംഗിൾ ഫേയ്സ് ലൈനുകൾ ത്രീഫേസ് ലൈനുകളാക്കി മാറ്റുക.
11. പുതിയ കണക്ഷനുകൾ നൽകുന്നതിനാവശ്യമായ കമ്പി, വയർ മുതലായവ കൃത്യമായി വിതരണം ചെയ്യുക.
12. ഇപ്പോഴുള്ള ട്രാൻസ്ഫോമറുകളുടെ എണ്ണം 25 ആക്കി ഉയർത്തുക.
13. വരാപ്പുഴയിലെ 3 ഹരിജൻ കോളനികളും വൈദ്യുതീകരിക്കുക.
14. എർത്തിങ് മൂലമുള്ള വൈദ്യുതി നഷ്ടത്തിന് ജനകീയ പങ്കാളിത്തത്തോടു കൂടിയ പരിഹാരം കാണുക.
15. അനർട്ടിൻെറ CFL ലൈറ്റുകൾ വ്യാപകമായി ഉപയോഗിക്കുക.
16. ഇലക്ട്രോണിക് ചോക്ക് വ്യാപകമാക്കുക.
17. കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാൻറ് നടപ്പിലാക്കുക.
18. സൂര്യ റാന്തലുകൾ വ്യാപകമാക്കണം.

പാർപ്പിടം

കഴിഞ്ഞ ഒരു ദശകത്തിനിടയിൽ വരാപ്പുഴ പഞ്ചായത്തിൽ ഭവന നിർമാണ രംഗത്ത് ഒരു കുതിച്ചു ചാട്ടം തന്നെ ഉണ്ടായി. അതുകൊണ്ട് തന്നെ ഈ പഞ്ചായത്തിൽ പാർപ്പിടത്തിന്റെ സ്ഥിതി വളരെ തൃപ്തികരമാണ്. പഞ്ചായത്തിലെ നാളിതുവരെയുള്ള ലഭ്യമായ വിവരംവെച്ചു വിശകലനം ചെയ്യുമ്പോൾ ആകെ 6633 കെട്ടിടങ്ങളാണ് ഉള്ളത്. ഇതിൽ 1823 എണ്ണം (27.48 %), കോൺക്രീറ്റ് കെട്ടിടങ്ങളും 3305 എണ്ണം (49.82 %) ഓടുമേഞ്ഞ കെട്ടിടങ്ങളും, 1299 എണ്ണം (19.58 %) ഓലയും, 206 എണ്ണം (3.11 %) മറ്റു സാമഗ്രികൾ കൊണ്ട് നിർമ്മിച്ചവയുമാണ്. ഇതിൽ 5128 വീടുകൾ നികുതി ചുമത്തിയിട്ടുള്ളതും, 1505 എണ്ണം നികുതി ഒഴിവാക്കിയിട്ടുള്ളതുമാണ്.

ഏലൂർ വ്യവസായ ശാലകളുടെ സാമീപ്യവും ദേശീയപാത 17 വഴിയും, ഏലൂർ ഫെറിവഴിയും വരാപ്പുഴ എറണാകുളം ബോട്ട് സർവീസ് വഴിയുമുള്ള ഗതാഗത സൗകര്യങ്ങളുടെ വർധനവും കൊച്ചിൻ കോർപറേഷന്റെ പരിധിയിലുള്ള വസ്തുവിന്റെ അമിതമായ വിലവർദ്ധനവും അവിടുത്തെ ജീവിത നിലവാരത്തിന്റെ ഉയർച്ചയും അനേകംപേരെ ഇങ്ങോട്ട് കുടിയേറി പാർക്കുന്നതിന് സഹായിച്ചിട്ടുണ്ട്. തന്നെയുമല്ല മൽസ്യമാംസങ്ങൾ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ മിതമായ നിരക്കിലുള്ള ലഭ്യത കണക്കിലെടുത്തും തൊഴിലവസരങ്ങൾക്ക് സാദ്ധ്യത ഏറെയുള്ള പ്രദേശമാണെന്നതുകൊണ്ടും കൂടുതൽ കുടുംബങ്ങളെ ഇങ്ങോട്ട് ആകർഷിച്ചിട്ടുണ്ട്. പൊതുവെ പറഞ്ഞാൽ ഇടത്തരം വരുമാനക്കാർക്ക് കൂടുതൽ ജീവിത ക്ലേശങ്ങളൊന്നുമില്ലാതെ ജീവിക്കാമെന്ന അവസ്ഥയും ഇവിടെയുണ്ട്.

താഴ്ന്ന വരുമാനക്കാരുടേയും ദുർബല വിഭാഗങ്ങളുടേയും ലക്ഷംവീടു കോളനികളും പട്ടികജാതി കോളനികളും ഇവിടെയുണ്ട്. മറ്റ് ഹൗസിങ് കോളനികളൊന്നും തന്നെ ഈ പഞ്ചായത്തിലില്ല.

ചേരി നിവാസികൾ ആരുംതന്നെ ഈ പഞ്ചായത്തിലില്ല. നിരവധി വീട്ടുകാർ പുറംപോക്കിൽ താമസിക്കുന്നുണ്ട്. അവർക്ക് ഭൂമി സ്വന്തമായി ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. കടത്തിണ്ണകളിലും മറ്റും പാർക്കുന്നവർ ഇല്ലെന്നുതന്നെ പറയാം.

ഈ പഞ്ചായത്തിൽ മൊത്തം 1505 (29.69 %) ഭവനരഹിതരാണുള്ളത്. ഭവനരഹിതരായ കുടുംബങ്ങൾക്ക് വീടു നിർമ്മിച്ച് കൊടുക്കുന്നതിനുള്ള ശ്രമങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിനില്ല. ലക്ഷംവീട് പദ്ധതി പ്രകാരവും കൈരളി ഭവന നിർമാണ പദ്ധതിപ്രകാരവും മൽസ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള സഹായധനം മൂലവും, പട്ടികജാതി പട്ടികവർഗക്കാർക്കായുള്ള സൗജന്യ ഭവന നിർമാണ പദ്ധതി പ്രകാരവും മറ്റു സർക്കാർ സഹായങ്ങൾ വഴിയായും ഏതാനും വീടുകൾ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ കൈരളി ഭവന നിർമാണ പദ്ധതി പ്രകാരം പണി പൂർത്തിയാക്കാതെ കിടക്കുന്ന ഭവനങ്ങളും ഉണ്ട്. രാജീവ് ദശലക്ഷം ഭവന നിർമാണ വായ്പ പദ്ധതി ജില്ലാ പഞ്ചായത്തു തലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ നിന്നും സമർപ്പിച്ചത് 156 അപേക്ഷകളാണ്. സർക്കാർ തലത്തിൽ സംഘടിതമായ ഒരു പ്രവർത്തനത്തിലൂടെ മാത്രമേ ഭവനരഹിതരായ കുടുംബങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കാനാവൂ.

പരമ്പരാഗത വാസ്തുശിൽപ മാതൃകയിലുള്ള വീടുകളാണ് ഇവിടെയുള്ളതിലധികവും. ചെലവു കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിൽ വേണ്ടത്ര താൽപര്യമോ, അറിവോ ഇവിടത്തുകാർക്കില്ല. നിർമ്മിതി കേന്ദ്രത്തിലെ വിദഗ്ദ്ധരുടെ സേവനം കെട്ടിട നിർമാണരംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികളും അതിന്റെ ഗുണഭോക്താക്കളും പ്രയോജനപ്പെടുത്തേണ്ടതാണ്. പൊതുവെ കെട്ടിട നിർമാണരംഗത്ത് ചെലവ് കുറഞ്ഞ രീതി വ്യാപകമാക്കേണ്ടതാണ്.

പഞ്ചായത്തിലെ ഭൂരിഭാഗം കെട്ടിടങ്ങളും നിർമ്മിച്ചിട്ടുള്ളത് വെട്ടുകല്ലും, ഇഷ്ടികയും, ഓടും, മരുവുമുപയോഗിച്ചാണ്. ചെളി കൊണ്ട് അടിത്തറ കെട്ടി മുളകൊണ്ടോ അടയ്ക്കാമരം കൊണ്ടോ ഉള്ള വാരികൾ അടുപ്പിച്ച് കുത്തി നിറുത്തി അതിൽ ചെളിയും ചാണകവും മെഴുകി

ഭിത്തി നിർമ്മിക്കുന്നരീതി പണ്ടുണ്ടായിരുന്നു. ഇത്തരം ഓലമേഞ്ഞ വീടുകളുടെ തറ ചാണകം കൊണ്ട് മെഴുകിയതുമായിരിക്കും. ആ സ്ഥിതിയൊക്കെ മാറുകയും, ആധുനിക വീടു നിർമാണ ശൈലികൾ അവലംബിക്കുകയും ചെയ്തതോടെ പുരാതന വാസ്തുശിൽപ മാതൃക അപ്രത്യക്ഷങ്ങളായി.

കോൺക്രീറ്റ് ഭ്രമം വ്യാപകമായതോടെ സാമ്പത്തികമായി പരാധീനത അനുഭവിക്കുന്ന സാധാരണക്കാരുടെ ഇടയിൽ പോലും ആർഭാടവും വിഭവധൂർത്തും വ്യാപകമായി ഇവിടെ കണ്ടുവരുന്നു. അങ്ങിനെ കെട്ടിട നിർമാണരംഗത്ത് അനാവശ്യ ചെലവുകൾക്കുള്ള പ്രവണത വർധിച്ചുവരുന്നു.

കെട്ടിട നിർമാണ സാമഗ്രികൾ ആവശ്യത്തിന് പഞ്ചായത്തിൽ ലഭ്യമല്ല. ദൂരസ്ഥലങ്ങളിൽ നിന്നും അവ ലഭ്യമാക്കുന്നതിന് ഭീമമായ തുക ചെലവിടേണ്ടി വരുന്നു. ചെലവു കുറഞ്ഞ കെട്ടിട സാമഗ്രികൾ ഉത്പാദിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല. മരത്തിന്റെ ദൗർലഭ്യം മൂലം കോൺക്രീറ്റുപയോഗിച്ചുള്ള കട്ടിളയും ജനലുകളും പ്രചാരത്തിലുണ്ടെങ്കിൽ ത ന്നെ ചെലവിന്റേറയും ഉപയോഗത്തിന്റേറയും കാര്യത്തിൽ ഒട്ടും തൃപ്തികരമല്ല. ജൈവവേലികൾക്കു പകരം സിമൻറുകട്ട ഉപയോഗിച്ച് ചുറ്റുമതിൽ കെട്ടുന്ന പ്രവണതയാണ് ഇപ്പോൾ കണ്ടുവരുന്നത്. ജൈവവേലികൾ അപ്രത്യക്ഷമാകുകയും ചെയ്യുന്നു.

കെട്ടിട നിർമാണ ജോലിയിൽ മുഴുകിയിരിക്കുന്ന സംഘടിത തൊഴിലാളി സംഘടനകൾ ഈ പഞ്ചായത്തിലുണ്ട്. വിവിധ വിഭാഗം തൊഴിലാളികൾ 120 രൂപാമുതൽ 180 രൂപാവരെ കൂലി നിരക്കു വാങ്ങുന്നവരാണ്. സ്ത്രീ തൊഴിലാളികൾക്ക് പുരുഷന്മാരേക്കാൾ കൂലി കുറവാണ്. 80-100 വരെ സ്ത്രീ തൊഴിലാളികൾക്ക് കൂലിയുണ്ട്. എങ്കിൽതന്നെ ചില ഘട്ടങ്ങളിൽ നിർമാണ തൊഴിലാളികളെ ജോലിക്കു കിട്ടാത്ത സ്ഥിതിയുമുണ്ട്. നിർമാണ രംഗത്ത് തൊഴിലാളികളുടെ വൈദഗ്ദ്ധ്യം തൃപ്തികരമാണെന്ന് പറയുക വയ്യ. കോൺട്രാക്ട് സമ്പ്രദായം ഈ മേഖലയിൽ വളരെ കുറവായേ കണ്ടുവരുന്നുള്ളു.

പ്രശ്നങ്ങൾ

1. കെട്ടിട നിർമാണ സാമഗ്രികളുടേയും ഭൂമിയുടേയും ദൗർലഭ്യവും വിലക്കയറ്റവും.
2. നിർമാണ തൊഴിലാളികളുടെ ദൗർലഭ്യം.
3. വായ്പകൾ ലഭ്യമാക്കാനുള്ള ബുദ്ധിമുട്ട്.
4. ഭൂരഹിതരായ കുടുംബങ്ങളുടെ പ്രശ്നങ്ങൾ.
5. ചെലവു കുറഞ്ഞ വീടുകൾ നിർമിക്കുന്നതിനുള്ള വിദഗ്ധരുടെ അഭാവം.
6. ഹൗസിങ് സൊസൈറ്റികളുടെ അഭാവം.
7. മതിലുകളുടെ ആധിക്യം മൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ.

സാദ്ധ്യതകൾ

1. പഞ്ചായത്തിൽ ഹൗസിങ് സൊസൈറ്റികൾ ആരംഭിക്കുക.
2. കെട്ടിട നിർമാണ സാമഗ്രികളുടെ വില കുറയ്ക്കുന്നതിനുള്ള സത്വര നടപടി.
3. ചെലവു കുറഞ്ഞ നിർമാണ രീതികളുടെ പ്രചാരണം.
4. തൊഴിലാളികളുടെ വൈദഗ്ദ്ധ്യം ഉയർത്താനുള്ള പരിശീലനം.
5. ഭൂരഹിതർക്കും നിർദ്ധനർക്കും പ്രത്യേക ഭവന നിർമാണ പദ്ധതി നടപ്പിലാക്കൽ.
6. ദൂർവ്യയ ഭവന നിർമാണം നിരുൽസാഹപ്പെടുത്താനുള്ള നികുതി സംവിധാനം.
7. പരമ്പരാഗത വാസ്തുശിൽപ മാതൃകകളെ സംരക്ഷിക്കൽ.
8. കെട്ടിട മെയിൻറനൻസിന് വേണ്ടിയുള്ള സർവീസ് സംഘങ്ങൾ.
9. ആസൂത്രിതമായ പുതിയ കോളനികൾക്കുള്ള സാദ്ധ്യതകൾ.
10. ജൈവവേലി പ്രചരിപ്പിക്കൽ.
11. കോളനികളിൽ ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുക.

സംസ്കാരം

ആമുഖം

സാംസ്കാരികമായി പൊതുവെ ഉയർന്ന നിലവാരം പുലർത്തുന്ന പഞ്ചായത്തുകളിലൊന്നാണ് വരാപ്പുഴ ഗ്രാമ പഞ്ചായത്ത്. ഈ രംഗത്ത് ഉന്നത നിലവാരം പുലർത്തിയിട്ടുള്ള മഹത് വ്യക്തികളെ സംഭാവന ചെയ്യുവാൻ വരാപ്പുഴ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ശ്രീ. എം പി പോൾ, ശ്രീ. ടി എം ചുമ്മാർ, ശ്രീമതി റോസി തോമസ് എന്നിവരാണ് ഈ രംഗത്തെ പ്രഗൽഭമതികൾ. ഇവരുടെ സാഹിത്യസൃഷ്ടികൾ മലയാള സാഹിത്യത്തിന് എന്നും ഒരു മുതൽക്കൂട്ടാണ്. ഇതിൽ ഏറ്റവും ശ്രദ്ധേയമായത് ശ്രീ. എം പി പോളിന്റെ സാഹിത്യ സൃഷ്ടികളാണ്. കായികരംഗത്ത് പഞ്ചായത്തിന് അന്തർദേശീയ അംഗീകാരം നേടിതന്ന ശ്രീ. റ്റി ഡി ജോസഫ് (പപ്പൻ) ഈ പഞ്ചായത്തിന്റെ വിലപ്പെട്ട രത്നങ്ങളിലൊന്നാണ്. സ്കൂൾ അടിസ്ഥാനത്തിൽ ദേശീയതലത്തിൽ സമ്മാനം കരസ്ഥമാക്കിയ സവിത കെ നായർ ഈ പഞ്ചായത്തിന്റെ അഭിമാനമാണ്.

വായനശാലകൾ

ഈ പഞ്ചായത്തിലെ സാംസ്കാരിക ചരിത്രത്തിൽ വായനശാലകൾ നിർണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. എന്നാൽ അടുത്തകാലത്തായി ഉയർന്നുവന്ന മറ്റ് വാർത്താ മാധ്യമങ്ങൾ വായനശാലകൾക്ക് ഭീഷണിയായി തീർന്നിട്ടുണ്ട്. ലൈബ്രറി പുസ്തകങ്ങൾ വായിക്കുന്നവരുടെ എണ്ണം അനുദിനം കുറഞ്ഞുവരുന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട ഒന്നാണ്.

പഞ്ചായത്തിലെ പ്രധാന ലൈബ്രറികൾ

നമ്പർ	പേര്	നിയന്ത്രണം	പുസ്തക എണ്ണം	പത്രങ്ങളുടെ എണ്ണം	ആരംഭിച്ച വർഷം
1.	എം പി പോൾ വായനശാല	പഞ്ചായത്ത്	350	3	1954
2.	ഫ്രണ്ട്സ് ലൈബ്രറി	ഫ്രണ്ട്സ് ക്ലബ്	3272	1	1972
3.	ബ്രദേഴ്സ് ലൈബ്രറി	ഗ്രന്ഥശാലാ സംഘം	കത്തിപ്പോയി	ഇല്ല	1981
4.	ദേവസ്വംപാടം മൽസ്യത്തൊഴിലാളി ലൈബ്രറി	മൽസ്യത്തൊഴിലാളി യൂണിയൻ	350	1	1984

നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന എം പി പോൾ വായനശാല ഇപ്പോൾ ശോചനീയാവസ്ഥയിലാണ്. പുസ്തകങ്ങൾ പലതും നഷ്ടപ്പെട്ടു. സ്ഥിരമായ ഒരു ലൈബ്രറേറിയന്റെ അഭാവം ഇതിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അതിനാൽ ഈ ലൈബ്രറി പുനഃജീവിപ്പിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഉടൻ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട മറ്റൊരു ലൈബ്രറിയാണ് ഫ്രണ്ട്സ് ലൈബ്രറി. പഞ്ചായത്തിൽ പൊതുവെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന ഒരു ലൈബ്രറിയാണിത്. ഇപ്പോൾ ഇത് ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരത്തിനായി ശ്രമിച്ചുവരുന്നു.

കേരള ഗ്രന്ഥശാലാ സംഘത്തിന്റെ അഫിലിയേഷനുള്ള വരാപ്പുഴയിലെ ഏക ലൈബ്രറിയാണ് എടമ്പാടത്തെ ബ്രദേഴ്സ് ലൈബ്രറി. ഏതാനും വർഷങ്ങൾക്കു മുമ്പ് ചില സാമൂഹ്യ ദ്രോഹികൾ ഇത് തീവെച്ച് നശിപ്പിച്ചത് നമ്മുടെ പഞ്ചായത്തിലെ സാംസ്കാരിക ചരിത്രത്തിൽ മറക്കാനാവാത്ത സംഭവമായിരുന്നു.

Alphonsa Vpz.

മൽസ്യത്തൊഴിലാളികൾ താമസിക്കുന്ന ദേവസ്വംപാടം വാർഡിൽ പ്രവർത്തിക്കുന്ന ലൈബ്രറി അവരുടെ സാംസ്കാരിക ഉണർവിന് സഹായകമാകുന്നു. മണ്ണുംതുരുത്തിൽ ലൈബ്രറി തുടങ്ങുന്നതിനായി ഇ എസ് എം എന്ന സംഘടന സ്ഥലവും തറയും തയ്യാറാക്കിയിട്ടുണ്ട്. ആവശ്യമായ സാമ്പത്തിക സഹായം കിട്ടിയാൽ അവിടെയും ഒരു ലൈബ്രറി തുടങ്ങുവാൻ കഴിയും.

മതം – ആരാധനാലയങ്ങൾ – ആഘോഷങ്ങൾ

ഹിന്ദുമതം, ക്രിസ്തുമതം, ഇസ്ലാംമതം എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന മതങ്ങൾ. വിവിധ മതവിശ്വാസികൾ പഞ്ചായത്തിൽ താമസിക്കുന്നുണ്ടെങ്കിലും എല്ലാ മതവിശ്വാസികളും സൗഹാർദ്ദതയിലാണ് ഇവിടെ കഴിയുന്നത്. മതത്തിന്റെ പേരിൽ വരാപ്പുഴ പഞ്ചായത്തിൽ യാതൊരുവിധ സംഘർഷവും ഉണ്ടായിട്ടില്ലായെന്നത് നമ്മുടെ മതസൗഹാർദ്ദതയ്ക്ക് ഉദാഹരണമാണ്.

വരാപ്പുഴയിലെ സെൻറ് ജോസഫ് ദേവാലയം, പുത്തൻപള്ളി, സെൻറ് ജോർജ് ദേവാലയം, ചിറയ്ക്കകത്തെ ക്രൈസ്റ്റ്നഗർ ദേവാലയം എന്നിവയാണ് വരാപ്പുഴ പഞ്ചായത്തിലെ പ്രധാന ക്രൈസ്തവ ദേവാലയങ്ങൾ. ഹൈന്ദവ ക്ഷേത്രങ്ങളിൽ ചരിത്രപ്രധാന്യവും പഴക്കവുമുള്ള ക്ഷേത്രങ്ങളാണ് തിരുമുപ്പം മഹാദേവർ ക്ഷേത്രം, ശ്രീജയദുർഗ്ഗാക്ഷേത്രം, ശ്രീവരാഹ ക്ഷേത്രം, ദേവസ്വംപാടത്തുള്ള പനയ്ക്കൽ വനദുർഗാക്ഷേത്രം എന്നിവ. പഞ്ചായത്തിലെ ഏക മുസ്ലീം പള്ളിയാണ് മണ്ണുംതുരുത്തിലെ മുഹിയുദീൻ പള്ളി.

പഞ്ചായത്തിലെ വിവിധ ആരാധനാലയങ്ങളിൽ നടക്കുന്ന ആഘോഷ പരിപാടികളിൽ ജാതിമത വ്യത്യാസം കൂടാതെ എല്ലാവരും പങ്കെടുക്കുന്നത് ഈ പ്രദേശത്തിന്റെ സാംസ്കാരിക സവിശേഷതയാണ്.

ജനവിഭാഗം

പഞ്ചായത്തിലെ വിവിധ ജനവിഭാഗങ്ങളിൽ പ്രധാന്യമേറിയ ഒരു വിഭാഗമാണ് ആഗ്ലോ ഇന്ത്യൻസ്. വരാപ്പുഴ ദ്വീപിലാണ് ആഗ്ലോ ഇന്ത്യൻസ് അധിവസിക്കുന്നത്. ബ്രഹ്മണൻ, നായർ, ഈഴവർ, കുടുബികൾ, സിറിയൻ, ലത്തീൻ, വേളാൻ, മുസ്ലീംങ്ങൾ എന്നിവരാണ് പഞ്ചായത്തിലെ മറ്റ് പ്രധാനപ്പെട്ട ജനവിഭാഗങ്ങൾ.

മാധ്യമങ്ങൾ

പഞ്ചായത്തതിർത്തിയിൽ ഏകദേശം 2000 ത്തോളം ദിനപത്രങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ഇതിൽ ഏകദേശം 60 എണ്ണം ഇംഗ്ലീഷ് ദിനപത്രങ്ങളാണ്. ഇന്ന് ജനങ്ങളെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന വാർത്താ മാധ്യമമാണ് ടി.വി. പഞ്ചായത്തതൃത്തിക്കുള്ളിൽ ഏകദേശം 1700 ൽപ്പരം വീടുകളിൽ ടിവി ഒരു വാർത്താമാധ്യമമായി പ്രവർത്തിക്കുന്നുണ്ട്.

കലാ – കായികം

അടുത്തകാലം വരെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏതാനും കലാ സംഘടനകൾ പ്രവർത്തിച്ചിരുന്നെങ്കിലും ഇപ്പോൾ അവയെല്ലാം ഏതാണ്ട് നിശ്ചലാവസ്ഥയിലാണ്. ചവിട്ടുനാടകം ഈ പഞ്ചായത്തിന്റെ എടുത്തുപറയാവുന്ന ഒരു കലാരൂപമായിരുന്നു. സംഗീതം, ചിത്രരചന എന്നിവയിൽ താൽപര്യമുള്ള കലാകാരന്മാരും ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തതിർത്തിയിൽ ഇപ്പോൾ രണ്ട് 'സി ക്ലാസ്' തീയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ സംസ്ക്കാരത്തിന് യോജിക്കാത്തതായ ചില സിനിമകൾ ഈ തീയേറ്ററുകളിൽ ചിലപ്പോഴൊക്കെ പ്രദർശിപ്പിക്കാറുണ്ട്. ഇത് തടയുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

അടുത്തകാലം വരെ കേരളത്തിലെ പ്രധാനപ്പെട്ട ഒരു കായിക കേന്ദ്രമായിരുന്നു വരാപ്പുഴ. കായികരംഗത്ത് വോളിബോളിന് വളരെ പ്രശസ്തിയാർജിച്ച സ്ഥലമാണ് വരാപ്പുഴ. അന്തർദേശീയ വോളിബോൾ താരം റ്റി. ഡി. ജോസഫ് (പപ്പൻ) ഈ പഞ്ചായത്തിലെ കളിക്കളങ്ങളിലൂടെ വളർന്നുവന്ന പ്രതിഭയായിരുന്നു.

പപ്പനെ കൂടാതെ കായികരംഗത്ത് ഒട്ടനവധി പ്രഗൽഭമതികളെ വാർത്തെടുക്കുവാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. അന്തർദേശീയ താരം പപ്പന്റെ ഓർമ്മ നിലനിർത്തുവാൻ വരാപ്പുഴയിൽ ഒരു ഇൻറർനാഷണൽ വോളിബോൾ ടൂർണമെൻറ് സംഘടിപ്പിക്കണം. ഇത് നമ്മുടെ പ്രദേശത്തെ കായിക മേഖലയെ കൂടുതൽ പുഷ്ടിപ്പെടുത്തുവാൻ സഹായകമാവും.

നിർദ്ദേശങ്ങളും ആവശ്യങ്ങളും

1. **പഞ്ചായത്തുവക കളിസ്ഥലം കായിക താരങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമാക്കി മാറ്റുവാനാവശ്യമായ നടപടികൾ പഞ്ചായത്തതികൃതർ സ്വീകരിക്കുക.**
2. **ഫുട്ബോൾ, ക്രിക്കറ്റ് എന്നിവ കളിക്കുന്നതിന് പഞ്ചായത്തു വക കളിസ്ഥലം അനുയോജ്യമല്ലാത്തതിനാൽ ഇതിനു പറ്റിയ ഒരു കളിസ്ഥലം പഞ്ചായത്തിൽ കണ്ടെത്തേണ്ടതുണ്ട്. കഴിയുമെങ്കിൽ പുത്തൻപള്ളി സ്കൂൾ ഗ്രൗണ്ട് പഞ്ചായത്തിന്റെ സഹകരണത്തോടെ ഒരു പ്രധാന കളിസ്ഥലമാക്കി മാറ്റാവുന്നതാണ്.**
3. **പഞ്ചായത്തിൽ പത്താം ക്ലാസിനുശേഷം പഠനം നിർത്തുന്നവരിൽ കായിക മൽസരത്തിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വിജയികളായിട്ടുള്ളവരുണ്ടെങ്കിൽ അവരെ കണ്ടെത്തുകയും അവർക്ക് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ആവശ്യമായ കായിക പരിശീലനം നൽകുകയും ചെയ്യുക. ഇതിനായി പഞ്ചായത്തിലുള്ള കായിക അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.**
4. **വർഷംത്തോറും നടത്താറുള്ള പഞ്ചായത്തുതല കലാ– കായിക മൽസരങ്ങൾ കൂടുതൽ ജനകീയ പങ്കാളിത്തത്തോടെ സംഘടിപ്പിക്കുക.**
5. **തിരുമുപ്പംകുളം ഒരു പ്രധാന നീന്തൽകുളമായി ഉയർത്തുകയും നീന്തൽ താരങ്ങൾക്ക് നിരന്തരം പരിശീലനം നൽകുകയും ചെയ്യുക. കുളത്തിന്റെ കിഴക്കു ഭാഗത്തുള്ള സ്ഥലം ഒരു പാർക്കാക്കി മാറ്റുക.**
6. **ശ്രീ. ടി.ഡി. ജോസഫി(പപ്പൻ)ന്റെ പേരിൽ എല്ലാ വർഷവും വരാപ്പുഴയിൽ അന്തർദ്ദേശീയ വോളിബോൾ ടൂർണമെൻറ് സംഘടിപ്പിക്കുക.**
7. **പഞ്ചായത്തുതല കലാ– കായിക വികസന സമിതി രൂപീകരിക്കുക.**

ടൂറിസം

ടൂറിസത്തിനു കൂടുതൽ സാധ്യതയുള്ള സ്ഥലങ്ങൾ പഞ്ചായത്തിൽ പൊതുവെ കുറവാണ്. എങ്കിലും വരാപ്പുഴ ദ്വീപ്, ചെട്ടിഭാഗം പുഴ, മണ്ണുംതുരുത്ത് എന്നീ പ്രദേശങ്ങൾ ടൂറിസം വികസനത്തിന് സാധ്യതയുള്ള സ്ഥലങ്ങളായി പരിഗണിക്കാവുന്നതാണ്.

വനിതാക്ഷേമം

1991-ലെ സെൻസസ് പ്രകാരം വരാപ്പുഴ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 22514. ഇതിൽ 11,000 പുരുഷന്മാരും, 11,514 സ്ത്രീകളുമുണ്ട്. പുരുഷന്മാരേക്കാൾ സ്ത്രീകളാണ് കൂടുതൽ. 514 പേർ. മൊത്തം ജനസംഖ്യയിൽ 51.14 പേർ സ്ത്രീകളാണ്. ഇതിൽ പട്ടികജാതിയിൽപ്പെട്ട 275 സ്ത്രീകളും പട്ടികവർഗത്തിൽപ്പെട്ട 7 സ്ത്രീകളും ഉണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, സാമൂഹ്യക്ഷേമം, സാമ്പത്തികം എന്നീ മേഖലകളിൽ വളരെ പിന്നോക്ക അവസ്ഥയിലാണ് ഈ പഞ്ചായത്തിലെ സ്ത്രീകൾ. സാക്ഷരതാനിരക്കിൽ പൊതുവെ മെച്ചപ്പെട്ട സ്ഥിതിയാണ് സ്ത്രീകൾക്കുള്ളത്. സമ്പൂർണ സാക്ഷരതാ യജ്ഞത്തിന്റെ ഫലമായി ഭൂരിഭാഗം സ്ത്രീകൾക്കും സ്വന്തം പേരെഴുതി ഒപ്പിടുന്നതിനും, തങ്ങൾ ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ പ്രശ്നങ്ങൾ വാർത്താ വിനിമയ മാധ്യമങ്ങളിലൂടെയും മറ്റും മനസിലാക്കുന്നതിനും സാധിക്കുന്നുണ്ട്. എന്നാൽ തുടർ വിദ്യാഭ്യാസ രംഗത്തുണ്ടായ പാളിച്ചകൾ സ്ത്രീകളെ വീണ്ടും അജ്ഞതയിലേക്ക് തള്ളി വിടുന്ന സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. ഈ അപാകത പരിഹരിക്കുന്നതിനായി ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും, സന്നദ്ധ സംഘടനകളുടേയും, അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത യുവതിയുവാക്കളുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തണം.

ആരോഗ്യപരിപാലന രംഗത്ത് കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ) ആകെ 4842 ആണ്. ഇതിൽ ഒരു കുട്ടിയുള്ളവർ 826. രണ്ട് കുട്ടിയുള്ളവർ 2766, മൂന്ന് കുട്ടിയുള്ളവർ 1250. പഞ്ചായത്തിൽ ആകെ 196 ഗർഭിണികളുണ്ട്. (അവലംബം ഹെൽത്ത് സെൻറർ റിപ്പോർട്ട്). ആറുമാസം വരെ പ്രായമുള്ള കുട്ടികളെ മുലയൂട്ടുന്ന അമ്മമാർ 877. പഞ്ചായത്തിൽ ഒരു മാതൃശിശുസംരക്ഷണ കേന്ദ്രവും, 8 ബാലവാടികളും ഒരു ശിശുവിഹാറും ഉണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. ഇന്ന് പ്രസവങ്ങൾ മിക്കവാറും ആശുപത്രികളിലാണ് നടക്കുന്നത് എന്നതുകൊണ്ട് വരാപ്പുഴ പഞ്ചായത്തിലെ ഗർഭിണികളായ സ്ത്രീകൾക്ക് കൂനമ്മാവിലേയോ, പറവൂരിലേയ്ക്കോ സർക്കാർ ആശുപത്രികളെയോ, അല്ലെങ്കിൽ മറ്റ് പ്രൈവറ്റ് ആശുപത്രികളേയോ അഭയം പ്രാപിക്കേണ്ടതായി വരുന്നു. അതുകൊണ്ട് വരാപ്പുഴ ഹെൽത്ത് സെൻററിലെ പ്രസവവാർഡുകൾ തുറന്ന് പ്രവർത്തിപ്പിച്ച് സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതാണ്.

ബാലവാടികളുടേയും മഹിളാ സമാജങ്ങളുടേയും അവസ്ഥ ഇന്ന് വളരെ പരിതാപകരമാണ്. ബാലവാടി കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ, കളിക്കോപ്പുകൾ, കിടന്നുറങ്ങാനുള്ള സൗകര്യങ്ങൾ, പ്രാഥമിക ആവശ്യങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ വളരെ കുറവാണ്.

വരാപ്പുഴ പഞ്ചായത്തിലെ സ്ത്രീകളിൽ ഭൂരിഭാഗം പേരും കൂലിപ്പണി ചെയ്ത് ഉപജീവനം നടത്തുന്നവരാണ്. നിരവധി സ്ത്രീകൾ തൊഴിലെടുത്തുകൊണ്ടിരുന്ന ഒരു കയർ സഹകരണ സംഘം മുട്ടിനകം കരയിൽ സ്ഥിതിചെയ്യുന്നുണ്ടെങ്കിലും ഇന്ന് അതിന്റെ അവസ്ഥ വളരെ ദയനീയമാണ്.

പാരമ്പര്യ സമ്പ്രദായങ്ങൾ തുടരുന്നതിനോടൊപ്പംതന്നെ കാലാകാലങ്ങളിൽ നവീനവൽക്കരണം നടത്താതിരുന്നതുമാണ് ഇന്നത്തെ ഇതിന്റെ ദയനീയാവസ്ഥക്ക് പ്രധാന കാരണം. തന്മൂലം നിരവധി സ്ത്രീകൾക്ക് തൊഴിൽ നഷ്ടപ്പെടുവാൻ കാരണമായിത്തീർന്നു. ദേവസ്വംപാടം, തുണ്ടത്തുംകടവ്, ചിറയ്ക്കം, തേവർകാട് തുടങ്ങിയ പ്രദേശങ്ങളിലെ സ്ത്രീകളുടെ പ്രധാന തൊഴിൽ കാർഷിക വൃത്തിയും മൽസ്യ വിപണിയുമാണ്.

ക്ഷീരസംഭരണ രംഗത്ത് 10 വനിതകൾ ഉൾപ്പെടുന്ന ഒരു ഡയറി യൂണിറ്റ് മുട്ടിനകത്ത് പരിമതികളുണ്ടെങ്കിലും നന്നായി പ്രവർത്തിച്ചുവരുന്നു. ഇത്തരം സംഘങ്ങളെ ഉത്പാദന യൂണിറ്റുകളായി രൂപപ്പെടുത്തി ഇവയുടെ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കാൻ കഴിയും. തന്മൂലം നിരവധി സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നതിനും കാരണമായി തീരും. കൂടാതെ തുണ്ടത്തുംകടവിൽ 10 സ്ത്രീകൾ ഉൾക്കൊള്ളുന്ന ഒരു ഫ്ളവർ മിൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തത്തോടുകൂടി ഫ്ളവർ മില്ലുകൾ പ്രവർത്തിച്ചുവരുന്നു. എടമ്പാടംകരയിൽ വിവിധ കൈത്തൊഴിലുകളിൽ പരിശീലനം നൽകുന്ന ഒരു സ്ഥാപനം വനിതകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നുണ്ട്. വിപണന സാദ്ധ്യതകളുള്ള വരാപ്പുഴ പഞ്ചായത്തിൽ റെഡിമെയ്ഡ്, വസ്ത്രനിർമാണം, പ്ലാസ്റ്റിക് കെയ്ൻ വർക്സ്, കൊന്ത നിർമാണം, കാശുരൂപം നിർമാണം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതകൾ ധാരാളമുണ്ട്. എന്നാൽ തുച്ഛമായ വേതനം മാത്രമേ ഇവർക്കു ലഭ്യമാകുന്നുള്ളു. ഈ രംഗത്ത് സംഘടിത പ്രസ്ഥാനങ്ങളോ, സംഘടിത യൂണിറ്റുകളോ സ്ഥാപിക്കുകയാണെങ്കിൽ വനിതകൾക്ക് സാമ്പത്തിക സ്വാശ്രയത്വം ഉണ്ടാക്കിയെടുക്കാൻ സാധിക്കും.

സ്ത്രീകൾ, ഉപജീവനമാർഗമായി സ്വീകരിച്ചിരിക്കുന്ന മറ്റൊരു തൊഴിൽ മേഖലയാണ് കന്നുകാലി വളർത്തൽ. എന്നാൽ കന്നുകാലികൾക്കുള്ള ആഹാരസാധനങ്ങളുടെ ക്രമാതീതമായ വില വർദ്ധനവ് ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നതിൽ നിന്നും സ്ത്രീകളെ പിൻതിരിപ്പിക്കുന്നു. നിരവധി സ്ത്രീകൾ നിർമാണരംഗത്തും തൊഴിലെടുക്കുന്നുണ്ട്. കച്ചവട സ്ഥാപനങ്ങളിൽ സെയിൽസ് ഗേൾസായും, വിവിധ കരകളിൽ ഗൃഹജോലികൾക്കായും, വളരെയേറെ സ്ത്രീകൾ പോകുന്നുണ്ട്. എന്നാൽ മേൽപ്പറഞ്ഞ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ തുച്ഛമായ വേതനം കൈപ്പറ്റിയാണ് പതിവൽ കവിഞ്ഞസമയം കഠിനാദ്ധ്വാനം ചെയ്യുന്നത്. തൊഴിലിനു വേണ്ടി കാത്തിരിക്കുന്ന അഭ്യസ്തവിദ്യരായ സ്ത്രീകളും നിരവധിയാണ്. വ്യവസായ മേഖലയിലും, സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിലും മറ്റ് സ്വകാര്യ സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. അഭ്യസ്തവിദ്യരായ സ്ത്രീകൾ അവർക്ക് അർഹതപ്പെട്ട മേഖലകളിലല്ല തൊഴിലെടുക്കുന്നത്. ഈ സ്ഥിതി മാറേണ്ടതായിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് ഉന്നതനിലവാരം പുലർത്തുന്ന സ്ത്രീകളുണ്ടെങ്കിൽ തന്നെയും സാമൂഹ്യ സാംസ്കാരിക രംഗത്ത് അവരുടെ പങ്കാളിത്തം തൃപ്തികരമല്ല. വനിതാ സഹകരണ പ്രസ്ഥാനവും, മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കിയെങ്കിൽ മാത്രമേ ഈ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയൂ. സാമൂഹ്യ സാംസ്കാരിക രംഗത്ത് ഉയർന്നു വന്നിട്ടുള്ള പേരെടുത്തു പറയാവുന്ന ഏക വനിതയാണ് ശ്രീമതി റോസി തോമസ്. കലാ-സാംസ്കാരിക ഉന്നമനത്തിനായി പഞ്ചായത്ത് തലത്തിൽ കലാസാംസ്കാരിക സംഘങ്ങൾ സ്ഥാപിക്കുന്നത് ഈ രംഗത്തേക്ക് വനിതകളെ കൊണ്ടുവരുന്നതിന് സഹായകരമാകും. രാഷ്ട്രീയ കക്ഷികളുടേതായ മഹിളാ സംഘടനകൾ സ്ത്രീകളുടെ പൊതുവായ ഉന്നമനത്തിനായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ എല്ലാ മേഖലകളിലും സ്ത്രീകൾക്ക് ജനസംഖ്യാനുപാതികമായ സംവരണം ലഭ്യമാകുന്നില്ല. നിയമപരമായി 30 ശതമാനം സംവരണം മാത്രമേ നിർബന്ധമാക്കിയിട്ടുള്ളൂ. എങ്കിലും വരാപ്പുഴ പഞ്ചായത്ത് കമ്മിറ്റിയിൽ 50 ശതമാനം പ്രാതിനിധ്യമാണ് വനിതകൾക്കുള്ളത്. എല്ലാ തുറകളിലും സ്ത്രീകളുടെ പങ്കാളിത്തം 50 ശതമാനം ആക്കി ഉയർത്തണമെന്നാണ് പൊതുവായ അഭിപ്രായം ഉയർന്നിട്ടുള്ളത്.

പൊതുവെ സ്ത്രീകളെ അവഹേളിക്കുന്ന പ്രവണതയാണ് വാർത്താ വിനിമയ, ദൃശ്യ-ശ്രവ്യ മാധ്യമങ്ങളും, പൈങ്കിളി സാഹിത്യങ്ങളും സ്വീകരിച്ചുവരുന്നത്. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകളും സ്ത്രീ സൗന്ദര്യപ്രദർശനവും നിയമപരമായ നടപടികളിലൂടെ നിരോധിക്കേണ്ടതാണ്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് സമനില തെറ്റിയ പുരുഷന്മാരുശട മർദ്ദനത്തിനിരയാകുന്ന സ്ത്രീകൾക്ക് സംരക്ഷണം നൽകേണ്ടതാണ്. സ്ത്രീധന നിരോധന നിയമം നിലവിലുണ്ടെങ്കിലും പ്രാവർത്തികമാക്കാത്തതിന്റെ പേരിൽ നിരവധി കുടുംബങ്ങൾക്ക് പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വരുന്നു.

സ്ത്രീപീഡനത്തിനിരയാകുന്ന സ്ത്രീകളെ സമൂഹം കുറ്റവാളികളായാണ് കാണുന്നത്. അതിനൽ പീഡനത്തിനിരയാകുന്ന സ്ത്രീക്ക് സാമൂഹികവും സാമ്പത്തികവും നിയമപരവുമായ സുരക്ഷിതത്വം ഉറപ്പാക്കണം. സാമൂഹ്യ വിരുദ്ധശക്തിതിരെ ശക്തമായ നിലപാടെടുക്കുകയും ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും വേണം.

മാനസിക-ശാരീരിക വൈകല്യമുള്ള വനിതകളെ പുനരധിവസിപ്പിക്കുകയും, തൊഴിലെടുക്കാൻ കഴിയുന്ന വികലാംഗരായ വനിതകൾക്ക് കാര്യക്ഷമമായ, ക്ഷേമ പദ്ധതികളോ, തൊഴിൽ സൗകര്യങ്ങളോ സൃഷ്ടിക്കേണ്ടിയിരിക്കുന്നു. അർഹരായ സ്ത്രീകൾക്ക് വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, പ്രസവാനന്തരാനുകൂല്യങ്ങൾ എന്നിവ വർധിപ്പിക്കുക വഴി അവശതയനുഭവിക്കുന്ന സ്ത്രീകളെ ഒരു പരിധിവരെ സഹായിക്കാൻ കഴിയും. കുടിവെള്ളത്തിനായി പൈപ്പുകളുടെ ചുവട്ടിൽ ക്യൂ നിൽക്കുന്ന സ്ത്രീകളുടെ അവസ്ഥ വളരെ പരിതാപകരമാണ്.

മൊത്തത്തിൽ സമൂഹത്തിൽ സ്ത്രീകളുടെ പദവിയും ജീവിത നിലവാരവും ഉയരണമെങ്കിൽ കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ സാധ്യമാകൂ.

പ്രശ്നങ്ങൾ

1. വനിതാ സഹകരണ സംഘങ്ങളുടെ അഭാവം.
2. തൊഴിൽശാലകളിൽ വനിതകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല.
3. വനിതാ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിത ശ്രമങ്ങളുടെ കുറവ്.
4. അദ്ധ്വാനത്തിന് അർഹമായ തൊഴിൽവേതനം ലഭിക്കുന്നില്ല.
5. ദാരിദ്രരേഖയ്ക്ക് താഴെ നിൽക്കുന്ന സ്ത്രീകൾക്ക് അർഹമായ സാമ്പത്തിക സഹായം സർക്കാരിൽ നിന്നും ലഭിക്കുന്നില്ല.
6. തൊഴിൽ രംഗത്ത് സ്ത്രീകളുടെ തൊഴിൽഭാരം കൂടുതലാണ്.
7. തൊഴിൽ രംഗത്തുണ്ടാകുന്ന പീഡനങ്ങൾ.

8. സ്ത്രീകളുടെ മേൽ അടിച്ചേൽപ്പിക്കുന്ന അനാചാരങ്ങൾ.
9. പൊതുസ്ഥലങ്ങളിലും, സ്ഥാപനങ്ങളിലും, പ്രാഥമിക ആവശ്യങ്ങൾ നടത്താനുള്ള സൗകര്യമില്ലായ്മ.
10. ശാസ്ത്രീയവും, സാങ്കേതികവുമായ വിദ്യാഭ്യാസത്തിന്റെ അഭാവം.
11. ഉല്പാദന യൂണിറ്റുകൾക്കാവശ്യമായ വൈദ്യുതിയും മറ്റ് സൗകര്യങ്ങളുടേയും അഭാവം.
12. സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ആക്രമണങ്ങൾ.
13. സ്ത്രീകളെ നേത്യനിരയിലേക്ക് കൊണ്ടുവരുന്നതിലുള്ള പോരായ്മ.
14. പോഷകാഹാര വിതരണത്തിന്റെ അഭാവം.
15. മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങളുടെയും, ബാലവാടികളുടേയും ശോചനീയാവസ്ഥ.
16. P H സെൻററിലെ ഡോക്ടർമാരുടെ അഭാവം മൂലം സ്ത്രീകൾക്ക് അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ.
17. വാർത്താവിനിമയ മാധ്യമങ്ങളുടേയും പൈങ്കിളി സാഹിത്യങ്ങളുടെയും കടന്നുകയറ്റം.

സാധ്യതകൾ

1. പുതിയ വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതോടൊപ്പം നിലവിലുള്ള സംഘങ്ങളെ പരിപോഷിപ്പിക്കുക.
2. സ്ത്രീകളുടെ കലാ-കായിക - സാംസ്കാരിക ഉന്നമനത്തിനായി വായനശാലകൾ, സാംസ്കാരിക സംഘങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിക്കുക.
3. പുരയിടകൃഷിയുടെ വികസനവുമായി ബന്ധപ്പെട്ട കൃഷി വകുപ്പുകളിൽ നിന്നോ, സഹകരണ സ്ഥാപനങ്ങളിലൂടെയോ നല്ലയിനം വിത്തുകളും വളങ്ങളും വീട്ടമ്മമാർക്ക് ലഭ്യമാക്കുക.
4. സമൂഹത്തിൽ നിലനിൽക്കുന്ന അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണ സെമിനാറുകളും, ക്ലാസുകളും സംഘടിപ്പിക്കുക.
5. സ്ത്രീധന സമ്പ്രദായവും വിവാഹ ആർഭാടങ്ങളും ശക്തമായ നിയമനടപടികളിലൂടെ നിരോധിക്കുന്നതിന് പഞ്ചായത്തുകൾക്ക് അധികാരം നൽകുക.
6. പാൽ, മൽസ്യം തുടങ്ങിയവയുടെ സംസ്കരണ യൂണിറ്റുകൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.
7. സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകുക.
8. വൻകിട വ്യവസായയൂണിറ്റുകൾ ആരംഭിക്കുന്നതിലൂടെ, അതിൽ പങ്കാളികളാകുന്നതിന് സ്ത്രീകൾക്ക് സാമ്പത്തിക സ്വാശ്രയത്വം നേടികൊടുക്കുക.
9. ദാരിദ്രരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പുഷ്പകൃഷി, കരകൗശല വസ്തുക്കളുടെ നിർമാണം, കോഴി, താറാവ് തുടങ്ങിയവ വളർത്തുന്നതിന് വിദഗ്ദ്ധ പരിശീലനം പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക. ഇതിനായി ഗ്രാൻറുകളും സബ്സിഡികളും ലോണുകളും അനുവദിക്കുക.
10. സ്ത്രീകൾക്കിടയിലുള്ള നിരക്ഷരത പൂർണമായും തുടച്ചു നീക്കുന്നതിന് സാക്ഷരതാ പ്രവർത്തനം ഊർജിതമാക്കുക.
11. സ്ത്രീകൾ നേരിടുന്ന നിയമപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ അഭിഭാഷകരേയും അഭ്യസ്ഥ വിദ്യരേയും ഉൾപ്പെടുത്തി വനിതാ ക്ഷേമ സംഘങ്ങൾ രൂപീകരിക്കുക.
12. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക സൗകര്യങ്ങൾ നിർവഹിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
13. വനിതകൾക്കായുള്ള തയ്യൽ-ടൈപ്പ്റൈറ്റിങ് പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കുക.
14. യുവതികളായ വിധവകൾക്ക് പുനർ വിവാഹത്തിനുള്ള ബോധവൽക്കരണം.
15. വരാപ്പുഴ ഹെൽത്ത് സെൻററിൽ ഗൈനക്കോളജിസ്റ്റുകളെ നിയമിക്കുക.

Alphonsa Vpz.

സഹകരണം

വായ്പാ മേഖല:-

സഹകരണ പ്രസ്ഥാനത്തിന്റെ ബീജാവാപം ലോകത്തെവിടേയുമെന്ന പോലെ വരാപ്പുഴയെന്ന ചെറുഗ്രാമത്തിലും ചരിത്രത്തിന്റെ ഒരു അനിവാര്യതയായിരുന്നു. വട്ടിപ്പണക്കാരന്റെ കൊള്ളപ്പലിശയുടെ നഖമുനകളിൽ നിന്നും കുതറിച്ചാടാൻ വെമ്പിയ നിരാലംബനായ സാധാരണക്കാരന്റെ അഭിവാഞ്ഛയായി, ഒന്നാം ലോകയുദ്ധാനന്തര കാലഘട്ടത്തിലെ പട്ടിണിയും കരിഞ്ചന്തയും രൂപപ്പെടുത്തിയ ഗ്രാമീണരുടെ ഇച്ഛാശക്തിയുടെ പ്രതീകമായി വരാപ്പുഴ പഞ്ചായത്തിലെ ഒരു ചെറു ദ്വീപായ എടമ്പാടം കരയിലാണ് അവിടത്തെ ഏതാനും വ്യക്തികളുടെ കൂട്ടായ്മയായി ഒരു പരസ്പര സഹായസംഘം എന്ന നിലയിൽ 1582-ാം നമ്പർ വരാപ്പുഴ സർവീസ് സഹകരണസംഘം പിറന്നുവീണത്. 1927-ൽ രജിസ്റ്റർ ചെയ്ത സംഘം 1936-ൽ മാത്രമാണ് പ്രവർത്തനം ആരംഭിക്കുന്നത്. നടന്നും വീണും പലപ്പോഴും ഇഴഞ്ഞും നീങ്ങിയ ഈ സംഘം ഇന്ന് വരാപ്പുഴയുടെ സാമ്പത്തികഘടനയിൽ നിർണായകത്വമുള്ള സാമ്പത്തിക സ്ഥാപനമായി വളർന്നിരിക്കുന്നു. 50 പേരിൽ നിന്നും ഒരു രൂപ വീതം മൊത്തം 50 രൂപ ഓഹരി മൂലധനവുമായി പ്രവർത്തനമാരംഭിച്ച ഈ സംഘം ഇന്ന് 41,47,650 രൂപ ഓഹരി മൂലധനവും 8,36,68,724 രൂപ നിക്ഷേപവുമുള്ള ജില്ലയിലെ തന്നെ എണ്ണപ്പെട്ട ഒരു സാമ്പത്തിക സ്ഥാപനമായി വളർന്നിരിക്കുന്നു. 40-കളിലെ ക്ഷാമകാലത്ത് എടമ്പാടത്തെ ജനങ്ങൾക്കുവേണ്ടി റേഷൻ വിതരണം ഏറ്റെടുത്ത് നടത്തിയ ഈ സംഘം 64 ആയപ്പോൾ വരാപ്പുഴ പ്രദേശത്തെ 6 കേന്ദ്രങ്ങളിൽ റേഷൻ വിതരണത്തിന്റെ ചുമതല ഏറ്റെടുത്തുകൊണ്ട് ചരിത്രദൗത്യം നിറവേറ്റി. കാലക്രമത്തിൽ ടെക്സ്റ്റൈൽ വിഭാഗവും കൺസ്യൂമർ വിഭാഗവും തുടങ്ങിക്കൊണ്ട് ജനങ്ങളുടെ ദൈനംദിനാവശ്യങ്ങളോട് സംവേദനം സ്ഥാപിച്ച ഈ സംഘത്തിന് നഷ്ടം മൂലം ടെക്സ്റ്റൈൽ വിൽപ്പനയിൽ നിന്നും പിന്മാറേണ്ടി വന്നു. വസ്തു ഈട് വായ്പാ, സ്വർണപ്പണ്ടം വായ്പാ, വാഹനവായ്പാ എന്നിങ്ങനെ വൈവിധ്യമേറിയ വായ്പാ ആവശ്യങ്ങൾ സംഘം നിറവേറ്റിക്കൊടുക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തോടൊപ്പം കർഷകർക്കാവശ്യമുള്ള രാസവളങ്ങൾ വിതരണം ചെയ്യുന്ന ഏജൻസിയായും സംഘം പ്രവർത്തിക്കുന്നു. 1994-95 വർഷത്തെ കണക്കനുസരിച്ച് ലാഭം 897112/67 രൂപയാണ്.

5,84,178 രൂപ ചെലവാക്കി വരാപ്പുഴയുടെ ഹൃദയഭാഗത്ത് ബാങ്ക് കെട്ടിടവും ഷോപ്പിങ് കോംപ്ലക്സും പണിതു. ബാങ്കിന്റെ സായാഹ്നശാഖയും പ്രവർത്തിക്കുന്നുണ്ട്. ആകെ 23 ജീവനക്കാരുണ്ട്.

ക്ഷീരസംഘങ്ങൾ

ക്ഷീരോൽപ്പാദനരംഗത്തും സഹകരണമേഖല ശക്തിപ്പെട്ടിട്ടുണ്ട്. 3 ആപ്കോസ് സംഘങ്ങളാണ് വരാപ്പുഴയിൽ പ്രവർത്തിക്കുന്നത്. താഴെ പട്ടികയിൽ നിന്നും ക്ഷീരസംഘങ്ങളുടെ ചിത്രം വ്യക്തമാകും.

പട്ടിക

1.	സംഘത്തിന്റെ പേര്	വരാപ്പുഴ ക്ഷീരോൽപ്പാദക സഹകരണസംഘം, ക്ലിപ്തം നമ്പർ. 53 (D) APCOS	ദേവസ്വംപാടം ക്ഷീരോൽപ്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ. E. 213 (D) APCOS	മുട്ടിനകം ക്ഷീരോൽപ്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ E 220 (D) APCOS.
2.	പ്രവർത്തന പരിധി	ചിറയ്ക്കകം, തുണ്ടത്തുംകടവ്, എടമ്പാടം പ്രദേശങ്ങൾ	ദേവസ്വംപാടം, തേവർകാട്, തലോണിചിറ പ്രദേശങ്ങൾ.	വരാപ്പുഴ ഗ്രാമപഞ്ചായത്ത്
3.	പ്രവർത്തനം ആരംഭിച്ച വർഷം	4-1-1979	1-4-1992	5-8-92
4.	അംഗങ്ങളുടെ എണ്ണം	182	129	173
5.	ഓഹരി വില ഒന്നിന്	10 രൂപ	10 രൂപ	10 രൂപ
6.	ഓഹരി മൂലധനം	1900 രൂപ	1290 രൂപ	1730 രൂപ.
7.	മൊത്തം ശേഖരിക്കുന്ന പാൽ	90 ലി.	100 ലി.	160 ലി.
8.	പഞ്ചായത്തിൽ തന്നെ വിൽക്കുന്ന പാൽ	10 ലി.	19 ലി.	40 ലി.
9.	പുറത്തേയ്ക്ക് പോകുന്നത്	80 ലി.	81 ലി.	130 ലി.

Alphonsa Vpz.

വ്യവസായ സഹകരണ സംഘങ്ങൾ

സ്ത്രീകളുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിനുവേണ്ടി ആലങ്ങാട് ബ്ലോക്കിലെ വരാപ്പുഴ, ആലങ്ങാട്, കടുങ്ങല്ലൂർ പഞ്ചായത്തുകളും പറവൂർ ബ്ലോക്കിലെ കോട്ടുവള്ളി പഞ്ചായത്തും പ്രവർത്തന പരിധിയായി രൂപീകരിക്കപ്പെട്ട ഉൽപ്പാദക സഹകരണസംഘമാണ് ആലങ്ങാട് കൈത്തറി തൊഴിലാളി സഹരണസംഘം ക്ലിപ്തം നമ്പർ ഇ. 96. സംഘത്തിന്റെ ആസ്ഥാനം ഈ പഞ്ചായത്തിലെ ചെടിഭാഗത്താണെങ്കിലും ഉൽപ്പാദനകേന്ദ്രം ആലങ്ങാട് പഞ്ചായത്തിൽപ്പെട്ട തിരുമുപ്പത്താണ്. തോർത്ത്, കൈലി, ബെഡ്ക്ഷീറ്റ് എന്നിവയാണ് പ്രധാന ഉൽപ്പന്നങ്ങൾ. 3 പുരുഷന്മാരും 19 സ്ത്രീകളും കൂടി 22 പേരാണ് സംഘത്തിലെ തൊഴിലാളികൾ. 110 പേർ സംഘത്തിൽ അംഗങ്ങളായുണ്ട്.

വരാപ്പുഴ ഇ. 575-ാം നമ്പർ കയർ വ്യവസായ സഹകരണസംഘമാണ് മറ്റൊരു വ്യവസായ സംഘം. 705 അംഗങ്ങളുള്ള സംഘത്തിന്റെ ഓഹരി മൂലധനം 3,75,430 രൂയാണ്. 1995-96 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം സംഘം നഷ്ടത്തിലാണ്. അടുത്തകാലം വരെ നന്നായി പ്രവർത്തിച്ചിരുന്ന സംഘം ഇപ്പോൾ നിർജ്ജീവാവസ്ഥയിലാണ്.

നിർജ്ജീവാവസ്ഥയിലുള്ള സംഘങ്ങൾ

വരാപ്പുഴ എടമ്പാടത്ത് ഒരു എണ്ണയാട്ടു സംഘവും തുണ്ടത്തുംകടവിൽ ഖാദി വസ്ത്ര നിർമ്മാണ സംഘവും പ്രവർത്തിച്ചിരുന്നുവെങ്കിലും സ്വന്തമായി സ്ഥലമുള്ള ഈ സംഘങ്ങൾ ഇന്നു പ്രവർത്തിക്കുന്നില്ല. എന്നു മാത്രമല്ല സംഘങ്ങൾ സംബന്ധിച്ച യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമല്ല. 1990-ൽ ഒരു സെറിക്കൾച്ചർ സഹ. സംഘം രജിസ്റ്റർ ചെയ്തെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. മൂന്നു സംഘങ്ങളും ഖാദി ഗ്രാമ വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിച്ചിരുന്നവയാണ്.

മെഴുകുതിരി ഉൽപ്പാദനം നടത്തിയിരുന്ന ആലങ്ങാട് വനിതാ വ്യവസായ സഹകരണ സംഘവും ദശകങ്ങളായി പ്രവർത്തിക്കുന്നില്ല.

"തേവർകാട് മൽസ്യ വ്യാപാര സഹകരണസംഘം ക്ലിപ്തം നമ്പർ 1567" എന്ന പേരിൽ മലയാള വർഷം 1101 മുതൽ ചിറയ്ക്കകംപാടി പ്രദേശത്ത് ഒരു സംഘം പ്രവർത്തിച്ചിരുന്നു. മൽസ്യത്തൊഴിലാളി ക്ഷേമത്തിനുവേണ്ടി പ്രവർത്തിച്ചിരുന്ന ഈ സംഘം സാമ്പത്തിക സഹായങ്ങളുടെ അഭാവം മൂലം പ്രവർത്തിക്കാതായി. 1978-ൽ ലിക്വിഡേഷനിലായി. ഇപ്പോൾ ഈ മേഖലയിൽ ഒരു സംഘവുമില്ല.

പ്രശ്നങ്ങൾ

1. കുറഞ്ഞ പലിശയ്ക്കുള്ള കാർഷിക വായ്പകൾ സർവീസ് സഹകരണ ബാങ്കിൽ നിന്നും ലഭിക്കുന്നില്ല.
2. നാളികേരള കൃഷിക്കാർക്ക് ലഭിച്ചിരുന്ന കെട്ടുതെങ്ങ് നിക്ഷേപവായ്പാ പദ്ധതി ഇന്ന് നിലവിലില്ല. വായ്പാ തുകയുടെ തിരിച്ചടവ് കുറെയൊക്കെ ഉറപ്പാക്കിയിരുന്ന ഒരു പദ്ധതിയായിരുന്നു ഇത്. ഇപ്പോൾ കുടിശിക തോത് ഏറി വരുന്നതിന് ഒരു കാരണം ഈ പദ്ധതി നിലവിലില്ലാത്തതാണ്.
3. സഹകരണബാങ്കിന്റെ പ്രവർത്തനം വായ്പ നൽകലും ബാങ്കിങ് പ്രവർത്തനവും മാത്രമായി ചുരുങ്ങിയിരിക്കുന്നു.
4. ക്ഷീരസംഘങ്ങളുടെ വളർച്ചയക്ക് തടസ്സമായി നിൽക്കുന്നത് കറവമാടു വളർത്തൽ ആദായകരമായ ഒരു തൊഴിൽ എന്ന നിലയിൽ ജനങ്ങൾ പൊതുവെ സ്വീകരിക്കുന്നില്ല എന്നതാണ്. കാലിത്തീറ്റയായി വരവുൽപ്പന്നങ്ങളെ മാത്രം ആശ്രയിക്കുന്ന സ്ഥിതിയാണ് ഇതിന് പ്രധാന കാരണം. കാലികൾക്ക് മേച്ചിൽ സ്ഥലങ്ങൾ ഇല്ല എന്നതും പച്ചപ്പുല്ലിന്റെ ദൗർലഭ്യവും പ്രതികൂല ഘടകങ്ങളാണ്.
5. ഒരു തൊഴിൽ ദായക സഹകരണ സംഘമായിരുന്ന കയർ വ്യവസായ സഹകരണസംഘം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഈ മേഖലയിൽ നിലവിലുള്ള കുറഞ്ഞ കൂലി നിരക്കിൽ തൊഴിലാളികളെ ലഭിക്കായ്കയാണ് പ്രധാന പ്രശ്നം.

6. വരാപ്പുഴ പഞ്ചായത്തുപ്രദേശം കൂടി പരിധിയിലുൾപ്പെടുന്ന പറവൂർ താലൂക്ക് ഹൗസിങ് സഹകരണസംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും അയ്യായിരത്തോളം കുടുംബങ്ങളുള്ള വരാപ്പുഴ പഞ്ചായത്തിൽ വായ്പ ഉപയോഗിച്ചിട്ടുള്ളവർ 49 പേർ മാത്രമാണ്. താഴ്ന്ന വരുമാനക്കാർക്ക് കുറഞ്ഞ പലിശയിനത്തിൽ കൊടുക്കുന്ന പദ്ധതിയിൽ 19,500 രൂപ ഉൾപ്പെടെ 18,05,500 രൂപയാണ് ഈ പഞ്ചായത്തു പ്രദേശത്തു കൊടുത്തിട്ടുള്ള മൊത്തം വായ്പാതുക.

സാധ്യതകൾ

1. കാർഷികാവശ്യങ്ങൾക്കുള്ള കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ (ജില്ലാ സഹകരണബാങ്ക് വഴിയുള്ള പദ്ധതി) ലഭ്യമാക്കേണ്ടതാണ്.
2. കെട്ടുതെങ്ങ് നിക്ഷേപവും അതിന്റെ ഈടിലുള്ള കാർഷികവായ്പാ പദ്ധതിയും പുനഃരാരംഭിക്കണം. അംഗങ്ങളായ കർഷകരുടെ പ്രധാന ഉൽപ്പന്നമായ നാളികേരം സംഭരിച്ച് വിപണനം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.
3. തൊഴിൽ ജന്യമായ മറ്റു വ്യവസായ സംരംഭങ്ങൾ സഹകരണബാങ്കിന്റെ ആഭിമുഖ്യത്തിൽ തുടങ്ങാൻ കഴിയുമോ എന്ന് ആലോചിക്കണം.
4. തൊഴിൽ സംരംഭകർക്ക് കൊടുക്കുന്ന വായ്പകൾ വിപുലീകരിക്കേണ്ടതാണ്.
5. തേവർകാട്, ദേവസ്വംപാടം, എടമ്പാടം തുടങ്ങിയ പ്രദേശങ്ങൾ സംഘം ആസ്ഥാനത്തു നിന്നും താരതമ്യേന ദൂരെയുള്ളവയാണ്. സഹകാരികളുമായുള്ള ഇടപാടുകൾ സുഗമമാക്കുന്നതിന് പ്രാദേശികമായി ബ്രാഞ്ചുകൾ ആരംഭിക്കാവുന്നതാണ്.
6. ഫർണിച്ചർ വ്യവസായം വ്യാപകമായിട്ടുള്ള എടമ്പാടം, തുണ്ടത്തുംകടവ് പ്രദേശത്തുള്ള തൊഴിലാളികളെ സംഘടിപ്പിച്ച് ഒരു വ്യവസായ സഹകരണസംഘം ഉണ്ടാക്കാവുന്നതാണ്.
7. പ്രവർത്തന രഹിതമായി കിടക്കുന്ന കയർ സഹകരണസംഘം യന്ത്രവൽകൃത റാട്ടുകൾ സ്ഥാപിച്ച് പുനരുജ്ജീവിപ്പിക്കണം. ചകിരിയും കയറും അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് സംഘം വിപുലീകരിക്കുന്നതിനു ആലോചിക്കണം.
8. പുത്തൻപള്ളി ആസ്ഥാനമായുള്ള ആലങ്ങാട് വനിതാ വ്യവസായ സഹകരണസംഘം, എടമ്പാടത്തെ എണ്ണയാട്ടു സഹകരണസംഘം, തുണ്ടത്തുംകടവിലെ ഖാദിസഹകരണസംഘം എന്നിവ ഖാദി ഗ്രാമ വ്യവസായ വകുപ്പിന്റെ കീഴിൽ ആവശ്യമായ ബൈലാ ഭേദഗതി വരുത്തിക്കൊണ്ട് സംയോജിപ്പിച്ച് വനിതകൾക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണം. മെഴുകുതിരി, ഖാദി വസ്ത്രം, സോപ്പ്, ചെരുപ്പ് എന്നിവയോ ഇവയിലേതെങ്കിലുമോ ഉൽപ്പാദന പദ്ധതിയിൽ സ്വീകരിക്കാവുന്നതാണ്.
9. ക്ഷീര സഹകരണസംഘങ്ങൾ വഴി പുൽകൃഷി വ്യാപിപ്പിക്കുന്നതിന് ഒരു തീവ്രയത്ന പരിപാടി ആവിഷ്ക്കരിക്കാവുന്നതാണ്.
10. പറവൂരുള്ള ഹൗസിങ് സഹകരണസംഘം ഉപയോഗിക്കാൻ വരാപ്പുഴ നിവാസികൾക്ക് കഴിയാത്തത് അതിന്റെ ദൂരം കാരണമാണ്. അതിനാൽ ആലങ്ങാട് ബ്ലോക്ക് പ്രദേശത്തെ മേൽ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ നിന്നും ഒഴിവാക്കുകയും വരാപ്പുഴ കേന്ദ്രമാക്കി ആലങ്ങാട് ബ്ലോക്കിൽ ഒരു പുതിയ ഹൗസിങ് സഹകരണസംഘം രൂപീകരിക്കുകയും ചെയ്യേണ്ടതാണ്.
11. മൽസ്യബന്ധനം, മൽസ്യവിപണനം, മൽസ്യസംസ്കരണം എന്നീ മേഖലകളിൽ ഈ പഞ്ചായത്തിലെ വളരെയധികമാളുകൾ ബന്ധപ്പെട്ടിരിക്കുന്നതിനാൽ അവരെ സംഘടിപ്പിച്ച് ഒരു സംസ്കരണസംഘം രൂപീകരിക്കുകയാണെങ്കിൽ മധ്യവർത്തികളെ ഒഴിവാക്കാനും അതുവഴി ഉൽപ്പാദകന് നല്ല വിലയും ഉപഭോക്താവിന് ന്യായവിലയ്ക്കും തൂക്കത്തിലും മൽസ്യലഭ്യതയും ഉറപ്പുവരുത്താൻ കഴിയും.

പട്ടികജാതി പട്ടികവർഗ ക്ഷേമം

വരാപ്പുഴ പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ വിവിധ വാർഡുകളിലായി വ്യാപിച്ചു കിടക്കുന്നു. 1991-ലെ സെൻസസ് പ്രകാരം ആകെ 124 പട്ടികജാതിക്കാരുടെയും 2 പട്ടിക വർഗക്കാരുടെയും വീടുകളാണ് ഈ പഞ്ചായത്തിലുള്ളത്. ആകെയുള്ള 126 പട്ടികജാതി പട്ടികവർഗ കുടുംബങ്ങളിലായി 690 പട്ടികജാതിക്കാരും 7 പട്ടികവർഗക്കാരും ഉണ്ട്. ഇവരിൽ 98% ആളുകളും 2-ാം വാർഡായ മുട്ടിനകത്തും 6-ാം വാർഡായ ചിറയ്ക്കകത്തും, 7-ാം വാർഡായ ചെട്ടിഭാഗത്തുമാണ് താമസിക്കുന്നത്.

ഭദ്രമായ സാമ്പത്തിക നിലയുള്ള ആരും തന്നെ ഈ വിഭാഗത്തിൽപ്പെട്ടവർ പഞ്ചായത്തിലില്ല. ഭൂരിഭാഗം പേരും പരമ്പരാഗത തൊഴിലെടുത്തു നിത്യവൃത്തി കഴിച്ചു കൂട്ടുന്നവരാണ്. കാർഷിക മേഖലയിലെ തൊഴിൽ രംഗത്തെ മുരടിപ്പും സാധ്യത കുറവും ഈ വിഭാഗത്തെ ഒരു പരിധി വരെ അർദ്ധപട്ടിണിക്കാരാക്കുന്നു. മറ്റു ഇതര വിഭാഗങ്ങളിൽ നിന്നുള്ള പ്രധാന വ്യത്യാസവും ഇതുതന്നെ. ഈ പഞ്ചായത്തിലെ 50% വരുന്ന പട്ടികജാതി പട്ടികവർഗക്കാർ ദാരിദ്ര്യ ദുഃഖം അനുഭവിക്കുന്നവരാണ്. അതുകൊണ്ടു തന്നെ തരക്കേടില്ലാത്ത സ്വന്തമായൊരു വീടോ സാമ്പത്തികമായ വളർച്ചയോ ഈ വിഭാഗക്കാർക്കില്ല.

ഉന്നത വിദ്യാഭ്യാസം നേടിയ യുവതീയുവാക്കൾ കൈവിരലിലെണ്ണാവുന്നവരില്ല. ഒരു ശരാശരി വിദ്യാഭ്യാസം സ്വായത്തമാക്കിയ യുവതീയുവാക്കൾ 25% ഓളം വരും. മെച്ചപ്പെട്ട ഒരു വിദ്യാഭ്യാസ നിലവാരം കൈവരിക്കുവാൻ ഭൂരിഭാഗം വരുന്ന യുവതലമുറയ്ക്ക് കഴിഞ്ഞിട്ടില്ല. രക്ഷകർത്താക്കളുടെ വിദ്യഭ്യാസ നിലവാരത്തിലുള്ള പോരായ്മയും ദാരിദ്ര്യവും ഈയൊരു സ്ഥിതി വിശേഷത്തിന് കാരണമാക്കിയിട്ടുണ്ട്. എന്നാൽ ഇന്ന് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിൽ നിന്നുള്ള കൊഴിഞ്ഞു പോക്കിന് കുറവു വന്നിട്ടുണ്ട്.

ഈ വിഭാഗത്തിലെ 90% ആളുകളും പരമ്പരാഗത തൊഴിലെടുത്ത് ജീവിക്കുന്നവരാണ്. കാലം കഴിയുംതോറും തൊഴിൽ സാധ്യതകൾ ചില മേഖലകളിൽ കുറഞ്ഞു വരുന്നതായാണ് കാണുന്നത്. സ്ഥിരവരുമാനക്കാരായ ജോലിയുള്ളവരുടെ എണ്ണം തുലോം കുറവാണ്. സാങ്കേതിക വിദ്യാഭ്യാസത്തിന്റെറയും ഉന്നത വിദ്യാഭ്യാസത്തിന്റെറയും പോരായ്മ ഇതിനൊരു കാരണമായിരിക്കാം. എങ്കിൽ തന്നെയും ശരാശരി വിദ്യാഭ്യാസം നേടിയ അനേകം യുവതീയുവാക്കൾ ഒരു തൊഴിലിനുവേണ്ടി ദാഹിക്കുന്നവരാണ്. സ്വയം തൊഴിലിനുവേണ്ടി പല പദ്ധതികളും സർക്കാർ തലത്തിൽ നടപ്പിലാക്കി വരുന്നുണ്ടെങ്കിലും അവ സ്വായത്തമാക്കാനുള്ള നടപടിക്രമങ്ങൾ ലളിതമല്ല. ആയതിനാൽ അത്തരം പദ്ധതികൾ അതിന്റെറ ഉദ്ദേശലക്ഷ്യം സാക്ഷാത്കരിക്കുന്നില്ല.

സമൂഹത്തിൽ നല്ലൊരു പദവി ഈ വിഭാഗത്തിന് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പണവും പ്രതാപവും കുടുംബമഹിമയും പദവിയുടെ അളവു കോലാക്കിയിട്ടുള്ള സാമൂഹിക വ്യവസ്ഥ ഈ വിഭാഗത്തെ അൽപമെങ്കിലും തള്ളിപ്പറയുന്ന അവസ്ഥ ഇന്നും നിലനിൽക്കുന്നുണ്ട്. ഇതിനു മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു. സമൂഹത്തിൽ ഉന്നതമായ ഒരു പദവി ലഭിക്കുന്നതിന് ഈ വിഭാഗത്തെ സാമ്പത്തികമായും സാംസ്കാരികമായും സാമൂഹികമായും ഉയർത്തേണ്ടിയിരിക്കുന്നു. കൃത്രിമമാർഗത്തിലൂടെ ഔന്നത്യങ്ങൾ വെട്ടിപ്പിടിക്കാനുള്ള പ്രവണത സ്വാഭാവികമായും ഈ വിഭാഗത്തിൽ കണ്ടുവരുന്നില്ല.

പട്ടികജാതി പട്ടികവർഗക്കാരുടെ ഉന്നമനത്തിനായി ചിറയ്ക്കകത്തും മുട്ടിനകത്തും മണ്ണുംതുരുത്തിലും പട്ടികജാതി കോളനികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഈ കോളനികളുടെ സ്ഥിതി ദയനീയമാണ്. കോളനികളിലേയ്ക്ക് മതിയായ റോഡുകളില്ല. ഉള്ളവ തന്നെ സഞ്ചാരയോഗ്യമല്ല. കോളനികളിലേയും അല്ലാതെയും ഉള്ള പട്ടികജാതി പട്ടികവർഗക്കാരുടെ വീടുകൾ സാമ്പത്തിക പരാധീനത മൂലം അറ്റകുറ്റപ്പണികൾ നടത്താത്തതുകൊണ്ട് ഭൂരിഭാഗം വീടുകളും വാസയോഗ്യമല്ലാതായിരിക്കുന്നു. കൂലിപ്പണി ചെയ്ത് നിത്യവൃത്തി കഴിച്ചു കൂട്ടുന്ന ഇവർക്ക് തങ്ങളുടെ ഉള്ള വീടുകൾ വേണ്ട വണ്ണം സംരക്ഷിക്കാനോ കേടുപാടുകൾ

തീർക്കാനോ കഴിയുന്നില്ല. പട്ടികജാതിക്കാരുടെയും വർഗക്കാരുടെയും ഇത്തരം വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സാമ്പത്തിക സഹായം ഒരു മേഖലയിൽ നിന്നും ഇവർക്കു ലഭിക്കുന്നില്ല. പട്ടിജാതി പട്ടികവർഗക്കാർക്കായി സൗജന്യ ഭവന നിർമ്മാണ പദ്ധതി നിലവിലുണ്ടെങ്കിലും ചെറുതായിട്ടാണെങ്കിലും പണിതു പൂർത്തിയാകാനുതകത്തക്കതുക ബന്ധപ്പെട്ടവരിൽ നിന്നും ലഭിക്കുന്നില്ല. തന്നെയുമല്ല ആയതു ലഭിക്കുന്നതിനുവേണ്ടുന്ന വ്യവസ്ഥകളും ലളിതമല്ല. കോളനികളിലെ വളരെ ചുരുക്കം വീടുകൾ മാത്രമേ വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളൂ എന്നതാണ് മറ്റൊരു പ്രത്യേകത. കോളനി പ്രദേശങ്ങളൊക്കെത്തന്നെ വെള്ളക്കെട്ട് ഭീഷണി നേരിടുന്ന പ്രദേശങ്ങളുമാണ്.

കേന്ദ്ര – സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ നൽകിവരുന്ന വിദ്യാഭ്യാസ തൊഴിൽ ആനുകൂല്യങ്ങൾ സാധാരണക്കാരായ ഇത്തരക്കാർക്ക് അജ്ഞാതമാണ്. ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് തന്മൂലം സാധിക്കുന്നുമില്ല.

ഭൂരഹിതരായ പട്ടികജാതി പട്ടികവർഗക്കാർക്ക് ഭൂമി ലഭ്യമാക്കി ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ പഞ്ചായത്തു തലത്തിൽ ഇന്നു നിലവിലില്ല. അതിനുള്ള സംവിധാനം പഞ്ചായത്തു തലത്തിൽ തന്നെ ഉണ്ടായാൽ ഭവന നിർമ്മാണരംഗത്ത് വളരെ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും.

പ്രശ്നങ്ങൾ:–

1. പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
2. കോളനി പ്രദേശങ്ങളിലുള്ള വെള്ളക്കെട്ട്
3. പരമ്പരാഗത തൊഴിലുകളിൽ സുരക്ഷിതത്വവും തൊഴിലവസരങ്ങളും ഇല്ലായ്മ.
4. വിദ്യാഭ്യാസത്തിൽ കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികൾക്ക് തുടർന്നു വിദ്യാഭ്യാസം നൽകുന്നതിനുള്ള സഹായമില്ലായ്മ.
5. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത.
6. ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി ലഭിക്കുന്നതിനുള്ള സാധ്യതയില്ലായ്മ.
7. പഞ്ചായത്തുതലത്തിൽ ഒരു പട്ടികജാതി പട്ടികവർഗ കോർപറേഷന്റെ അപര്യാപ്തത.
8. പട്ടികജാതി പട്ടികവർഗക്കാർക്കായുള്ള ഒരു സഹകരണ സംഘത്തിന്റെ അഭാവം.
9. ഒരു പരിശീലന കേന്ദ്രത്തിന്റെ അഭാവം.
10. ഒരു ഗൈഡൻസ് വിഭാഗത്തിന്റെ അഭാവം.

സാധ്യതകൾ:–

1. പട്ടികജാതി പട്ടികവർഗ കോളനികളിൽ കക്കൂസ്, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ സൗജന്യമായി ഏർപ്പെടുത്തണം.
2. കാണകൾ നിർമ്മിച്ചോ, മണ്ണിട്ടു മൂടിയോ കോളനികളിലേയും മറ്റു പുരയിടങ്ങളിലേയും വെള്ളക്കെട്ട് ഒഴിവാക്കണം.
3. പട്ടികജാതി പട്ടികവർഗക്കാരുടെ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സൗജന്യ സാമ്പത്തിക സഹായം ലഭ്യമാക്കണം.
4. ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി കാര്യക്ഷമമാക്കണം.
5. പഞ്ചായത്തു തലത്തിൽ പട്ടികജാതി പട്ടികവർഗ വികസന കോർപറേഷന്റെ ഒരു ബ്രാഞ്ച് സ്ഥാപിക്കണം.
6. പട്ടികജാതി പട്ടികവർഗക്കാർക്കായി ഒരു സഹകരണസംഘം സ്ഥാപിക്കണം.
7. പട്ടികജാതിക്കാർക്ക് വിദ്യാഭ്യാസ–തൊഴിൽ രംഗത്ത് പരിശീലനം കൊടുക്കുന്നതിനായി ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കണം.
8. ഒരു ഗൈഡൻസ് വിഭാഗം രൂപീകരിക്കണം.
9. വൈദ്യുതീകരിക്കാത്ത ഹരിജൻ കുടുംബങ്ങൾ മുഴുവൻ സൗജന്യമായി വൈദ്യുതീകരിക്കണം.
10. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതി പട്ടികവർഗ തൊഴിലാളികൾക്ക് പെൻഷനും മറ്റു ആനുകൂല്യങ്ങളും ഏർപ്പെടുത്തുകയും തൊഴിൽ സാധ്യതകളും സംരക്ഷണവും ഉറപ്പുവരുത്തുകയും ചെയ്യണം.

11. കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികൾക്ക് പുനർ വിദ്യാഭ്യാസം നടത്തുന്നതിന് പ്രോൽസാഹന വും സാമ്പത്തിക സഹായവും നൽകണം.
12. വിദ്യാഭ്യാസാനുകൂല്യങ്ങളുടെ തോത് വർദ്ധിപ്പിക്കണം.
13. ശരാശരി വിദ്യാഭ്യാസയോഗ്യതയുള്ള എല്ലാവർക്കും തൊഴിലവസരങ്ങൾ വ്യാപകമാക്കണം.
14. സ്വയം തൊഴിൽ ചെയ്യുന്നതിന് നൽകുന്ന സാമ്പത്തിക സഹായത്തിന്റെ വ്യവസ്ഥകൾ ലളിത മാക്കുകയും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയും വേണം.
15. ഭൂരഹിതരായവർക്ക് ഭൂമി വാങ്ങുന്നതിനു നൽകുന്ന തുക വർദ്ധിപ്പിക്കണം.
16. സൗജന്യ ഭവന നിർമ്മാണ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനു നൽകുന്ന തുക കാലോചിത മായി വർദ്ധിപ്പിക്കണം.
17. വിവിധയിനം സഹായധന പദ്ധതികളുടെ സഹായധനത്തുക വർദ്ധിപ്പിക്കുകയും വ്യാപകമാക്കു കയും വേണം.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് പഞ്ചായത്തിലെ മുൻകാല പ്രവർത്തനങ്ങൾ തൃപ്തികരമാണ് എന്ന് പറയുക വയ്യ. വരാപ്പുഴ സാമ്പത്തികമായും സാംസ്കാരികമായും സാമൂഹ്യപരമായും വളരെ ഉയർന്നു വരുന്ന ഒരു പ്രദേശമാണ്. എങ്കിൽത്തന്നെയും എല്ലാ രംഗത്തും ഒരുപോലെ യുള്ള വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. അതിൽ ഏറ്റവും പ്രധാനം സാമ്പത്തിക രംഗമാ ണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ സഹായിക്കുന്നതിനുള്ള കാര്യ മായ ശ്രമങ്ങളൊന്നും തന്നെ ഏതൊരു ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. 1992-ലെ ഐ.ആർ. ഡി.പി. സർവേ പ്രകാരം ഈ പഞ്ചായത്തിൽ 2145 കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്ക്. അതിൽ 21 എണ്ണം പട്ടികജാതിയിൽപ്പെട്ടവരാണെന്നും പറയുന്നു. ഇത് യഥാർത്ഥത്തിലുള്ള ഒരു കണക്കല്ല. വ്യക്തവും കാര്യക്ഷമവുമായ ഒരു സർവെ നടത്തിയാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം ഇതിലും കൂടുതലാണെന്നു കാണാൻ കഴിയും.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി നാമമാത്രമായ പല പദ്ധതികളും സർക്കാർ തലത്തിൽ നടപ്പാക്കി വരുന്നുണ്ട്, എങ്കിൽത്തന്നെയും അതിന്റെ പ്രയോജനം ഉപയോഗപ്പെടുത്തുന്ന വർ വളരെ കുറച്ചു മാത്രമേയുള്ളൂ എന്നു കാണാൻ കഴിയും. വിവിധ മേഖലകളിലുള്ള തൊ ഴിൽ പരിശീലനങ്ങളും സാമ്പത്തിക സഹായങ്ങളുമൊക്കെ വേണ്ട വിധത്തിൽ നടപ്പിലാക്കു ന്നില്ല എന്നൊരു യാഥാർത്ഥ്യം നിലനിൽക്കുന്നു.

8-ാം പദ്ധതിക്കാലത്ത് 190 കുടുംബങ്ങൾക്ക് ധനസഹായവും 18 ഗുണഭോക്താക്കൾ ക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനവും ഗ്രാമീണ തൊഴിലുകാർക്ക് ആധുനിക തൊ ഴിലുപകരണങ്ങൾ നൽകുന്ന പദ്ധതി പ്രകാരം 23 പേർക്ക് തൊഴിലുപകരണങ്ങൾ നൽകിയതാ യും രേഖകളുണ്ട്. ഈ രേഖകൾ പരിശോധിച്ചാൽ 1992-ലെ സെൻസസ് പ്രകാരമുള്ള 2145 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുള്ള വരാപ്പുഴ പഞ്ചായത്തിൽ സാമൂഹ്യക്ഷേമരം ഗത്ത് എന്ത് നേട്ടമാണ് കൈവരിക്കാൻ കഴിഞ്ഞത് എന്ന് കാണാൻ കഴിയും.

8-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് 20 പേർക്ക് വിധവാ പെൻഷനും 2 പേർക്ക് വികലാംഗ പെൻഷനും 16 പേർക്ക് വാർദ്ധക്യകാല പെൻഷനും ഒരു അവശകലാകാരനും ഒരു കാൻസർ രോഗിക്കും സഹായധനങ്ങൾ കൊടുത്തതായിട്ടാണ് കണക്ക്. ഒരു പഞ്ചവൽസരപ ദ്ധതിക്കാലത്ത് നടപ്പിലാക്കിയ സഹായധനപദ്ധതി തൃപ്തികരമായി നടപ്പിലാക്കാൻ കഴിഞ്ഞു എന്നവകാശപ്പെടാനില്ല.

നമ്മുടെ പഞ്ചായത്തിൽ എട്ട് ബാലവാടികളും ബാലവാടികളെ കേന്ദ്രീകരിച്ച് മഹിളാസ മാജങ്ങളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നിലവിലുള്ള ബാലവാടികളുടെ സ്ഥിതി ദയനീയ മാണ്. കുട്ടികളുടെ പ്രാഥമിക കാര്യങ്ങൾ നടത്താൻ പോലുമുള്ള സൗകര്യങ്ങൾ മിക്ക ബാല വാടികളിലുമില്ല. ചോർന്നൊലിക്കുന്നതും ഇടിഞ്ഞു വീഴാറായതുമായ കെട്ടിടങ്ങളിലാണ് കുഞ്ഞുങ്ങളെ ഇരുത്തി പഠിപ്പിക്കുന്നത്. കുട്ടികൾക്ക് വേണ്ടുന്നതായ പോഷക ഭക്ഷണ വിതര ണവും നടന്നു കാണുന്നില്ല. കുഞ്ഞുങ്ങളെ ശുശ്രൂഷിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന അധ്യാപികമാർക്ക് തുച്ഛമായ ശമ്പളമാണ് നൽകിവരുന്നത്. കുട്ടികൾക്ക് ഇരിക്കാനുള്ള ഉപകരണങ്ങളോ കളിക്കോപ്പുകളോ ആവശ്യത്തിന് ഏതൊരു ബാലവാടിയിലോ അംഗനവാടി കളിലോ കാണാനില്ല. ഈ സ്ഥിതി മാറേണ്ടിയിരിക്കുന്നു. വളർന്നു വരുന്ന പിഞ്ചു കുഞ്ഞു ങ്ങൾക്ക് അവർ വളർന്നു വരുന്ന സാഹചര്യത്തെപ്പറ്റി മതിപ്പുണ്ടാകണമെങ്കിൽ ബാലവാടിക ളുടെയും അങ്കണവാടികളുടെയും സ്ഥിതി മെച്ചപ്പെടേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ:-

1. ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക തൊഴിലുപകരണങ്ങൾ നൽകുന്നതിലുള്ള അപര്യാപ്തത.
2. പട്ടികജാതി പട്ടികവർഗക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നൽകുന്ന സാമ്പത്തിക സഹായത്തിന്റെ വ്യവസ്ഥകളിൽ ലാളിത്യമില്ലായ്മ.
3. പരിശീലനം ലഭിച്ചവർക്ക് സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത.
4. തൊഴിലവസരങ്ങൾ സംഘടിപ്പിക്കുമ്പോൾ അതിനാവശ്യമായ ഭൗതിക സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത.
5. സർക്കാരിന്റെ സാമൂഹ്യ സാമ്പത്തിക ക്ഷേമ പരിപാടികൾ അർഹരായവർക്ക് ലഭിക്കുന്നതിനുള്ള നിയമപരമായ ബുദ്ധിമുട്ടുകൾ.
6. വിവിധ പെൻഷൻ ആനുകൂല്യങ്ങളുടെ തുക പോരായ്മ.
7. നിലവിലുള്ള ബാലവാടികളുടെ ശോചനീയാവസ്ഥ.
8. ഒരു മാവേലി സ്റ്റോറിന്റെ അഭാവം.

സാധ്യതകൾ:-

1. ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക തൊഴിലുപകരണങ്ങൾ നൽകുന്നത് വ്യാപകമാക്കണം.
2. പട്ടികജാതി പട്ടിക വർഗക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സാമ്പത്തിക സഹായ പദ്ധതികളുടെ വ്യവസ്ഥകൾ ലളിതമാക്കുക.
3. പരിശീലനം സിദ്ധിച്ചവർക്ക് സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം വ്യാപകമാക്കുകയും തുക വർദ്ധിപ്പിക്കുകയും ചെയ്യുക.
4. തൊഴിലവസരങ്ങൾ സംഘടിപ്പിക്കുമ്പോൾ അതിനാവശ്യമായ ഭൗതിക സഹായം വർദ്ധിപ്പിക്കുക.
5. വിവിധ പെൻഷനുകളുടെ തുക വർദ്ധിപ്പിക്കുകയും വ്യാപകമാക്കുകയും ചെയ്യുക.
6. നിലവിലുള്ള ബാലവാടികളുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണുക.
7. ബാലവാടി അധ്യാപകർക്ക് കാലാനുസൃതമായ ശമ്പള വർദ്ധന നടപ്പിലാക്കുക.
8. ബാലവാടികൾക്ക് ആവശ്യമായ പഠനോപകരണങ്ങളും കളിക്കോപ്പുകളും ഏർപ്പെടുത്തുക.
9. 'തിരുമുപ്പംകുളം' നീന്തൽ പരിശീലനത്തിന് ഉപയുക്തമാക്കുക.
10. പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ സ്ഥാപിക്കുക.
11. പഞ്ചായത്തുവക കളിസ്ഥലം ഉപയോഗ യോഗ്യമാക്കുക.
12. സാമൂഹ്യവിരുദ്ധരെ ജനങ്ങളിൽ നിന്നും ഒറ്റപ്പെടുത്തുന്നതിനുള്ള ബോധവൽക്കരണം നടത്തുക.

Alphonsa Vpz.

വിഭവസമാഹരണം

ഏലൂർ പഞ്ചായത്തിൽ നിന്നും വിഭജിക്കപ്പെട്ട് 1-4-90 മുതലാണ് വരാപ്പുഴ പഞ്ചായത്തിന് ഇന്നത്തെ രീതിയിലുള്ള തനതായ വ്യക്തിത്വം നിലവിൽ വന്നത്. പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായിരുന്ന വ്യവസായ മേഖല വിഭജനത്തോടെ വരാപ്പുഴ പഞ്ചായത്തിന് നഷ്ടപ്പെട്ടതിന്റെ ഫലമായി പുതിയ വികസന പദ്ധതികൾക്ക് പണം കണ്ടെത്തുക എന്നത് പ്രധാന പ്രശ്നമായി. ചെലവ് കുത്തനെ കൂടുകയും വരുമാനം കുത്തനെ ഇടിയുകയും ചെയ്ത സാഹചര്യമാണ് വിഭജനത്തിന്റെ ഫലമായി നേരിടേണ്ടി വന്നത്.

പഞ്ചായത്തിന്റെ ധനസ്ഥിതിയെപ്പറ്റി പഠിക്കാൻ 90-91 മുതലുള്ള കണക്കുകൾ മാത്രമെ ലഭ്യമായിട്ടുള്ളൂ 1995-96ലെ കണക്കുകൾ പരിശോധിച്ചാൽ പഞ്ചായത്തിന്റെ മൊത്ത വരുമാനം 17,69,573.96 രൂപയാണ്. അതിന്റെ ഏകദേശം 50 ശതമാനമാണ് നികുതിയിനത്തിൽ നിന്നുള്ള വരുമാനം. 30% ഗ്രാൻറുകളും 20% പലവക വരുമാനങ്ങളുമാണ്. വാർഷിക ഡിമാൻറനുസരിച്ചു തന്നെ നികുതി പിരിവ് നടക്കുന്നുണ്ട്. കഴിഞ്ഞ 5 വർഷത്തെ നികുതി വരുമാനം പരിശോധിക്കുമ്പോൾ വരുമാനത്തിലെ ഏറിയും കുറഞ്ഞുമുള്ള വർദ്ധനയാണ് കാണിക്കുന്നത്. കെട്ടിട നികുതി 1990-91ൽ 1,11,885/- രൂപയായിരുന്നു. 95-96ൽ ഇത് 2,63,823/- രൂപയായി വർദ്ധിച്ചിട്ടുണ്ട്. 5 വർഷം കൊണ്ട് 100 ശതമാനത്തിലേറെ വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. വാർഷിക വർദ്ധനയുടെ തോത് നോക്കിയാൽ 6 മുതൽ 10 ശതമാനം വരെ മൊത്തം നികുതി വരുമാനത്തിൽ വർദ്ധയുണ്ടെന്നു കാണാം. നികുതിയുടെ പരിഷ്കരണം കൊണ്ടല്ലാതെ ഈയിനത്തിലുള്ള വർദ്ധന കാര്യമായി പ്രതീക്ഷിക്കേണ്ടതില്ല.

നികുതിയേതര വരുമാനം പ്രധാനമായും മാർക്കറ്റിലുള്ള ഷോപ്പിങ് കോംപ്ലക്സിലെ മുറിവാടകയും മാർക്കറ്റിന്റെ ലേലതുകയുമാണ്. പുതിയ ഷോപ്പിങ് കോംപ്ലക്സിന്റെ മുറികൾക്ക് ഷട്ടറുകൾ സ്ഥാപിക്കുകയും ഫിറ്റിങ്സ് നടത്തി പണി പൂർത്തിയാക്കുകയും ചെയ്താൽ സ്ഥിരമായുള്ള മറ്റൊരു വരുമാന മാർഗം തുറക്കപ്പെടും.

നികുതിയിനം കഴിഞ്ഞാൽ പഞ്ചായത്തിന്റെ പ്രധാന വരുമാനം സർക്കാർ ഗ്രാൻറുകളാണ്. മൊത്തം 6,07,808 രൂ ഗ്രാൻറായി ലഭിച്ചതിൽ സ്വാശ്രയ പഞ്ചായത്ത് എന്ന നിലയിലുള്ള സ്പെഷ്യൽ ഗ്രാൻറാണ് കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ ലഭിച്ചത്. 2 ലക്ഷം രൂപ. ഈ തുക മുൻ വർഷം ഉപയോഗിച്ചത് പുതിയ ഷോപ്പിങ് കോംപ്ലക്സിന്റെ നിർമ്മാണത്തിനാണ്. അൺ ടൈഡ് ഫണ്ട് 1,86,480/- രൂപയും ജെ.ആർ.വൈ. ഗ്രാൻറ് 1,47,927/- രൂപയുമാണ്. വെഹിക്കിൾ ടാക്സ് വിഹിതമായി 73,401 രൂപയും ലഭിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ മൊത്തം ചിലവ് 1995-96ൽ 18,25,210.91 രൂപയാണ്. പൊതുമരാമത്ത് ചിലവ് 7,92,319/- രൂപയായി ഒന്നാമത് നിൽക്കുന്നു. 6,32,764 രൂപയാണ് ഭരണ ചിലവിനത്തിൽ വന്നിട്ടുള്ളത്. പൊതുമരാമത്ത് ചിലവിൽ 4 ലക്ഷത്തിലേറെ രൂപ ഷോപ്പിങ് കോംപ്ലക്സിന്റെ പണിക്ക് ചിലവാക്കിയതാണ്. ഈ തുക കണക്കിലെടുക്കുമ്പോൾ ഭരണചിലവിനുള്ള വിഹിതം വളരെ കൂടുതലാണെന്നു കാണാം.

പൊതുമരാമത്ത് ജോലികൾ സാധാരണ ഗതിയിൽ കോൺട്രാക്ടർമാരെക്കൊണ്ടാണ് ചെയ്യിക്കുന്നത്. നോമിനി വർക്കുകൾ പോലും കോൺട്രാക്ടർമാരാണ് ചെയ്യുന്നത്. നോമിനി വർക്കിൽ 5000 രൂപയുടെ പണി ചെയ്യുമ്പോൾ 1/3 ചിലവ് ഗുണഭോക്താക്കൾ വഹിക്കണം എന്ന നിബന്ധനയുള്ളതുകൊണ്ട് (പലപ്പോഴും ഈ നിബന്ധന പ്രായോഗികമായി പാലിക്കാൻ പറ്റാത്തതുകൊണ്ട്) രേഖകളിൽ നോമിനി ജോലിയായി കാണുമെങ്കിലും കോൺട്രാക്ടറെ കൊണ്ടു തന്നെയായിരിക്കും പലപ്പോഴും പണി ചെയ്യിക്കുന്നത്. പഞ്ചായത്തു നൽകുന്ന 66% തുകയിൽ നിന്നും കോൺട്രാക്ടറുടെ വിഹിതം കൂടി കുറയുന്നതുകൊണ്ട് നോമിനി വർക്കിന്റെ യഥാർത്ഥ മൂല്യം എത്രയായിരിക്കുമെന്ന് ഊഹിക്കാവുന്നതാണ്. പൊതുമരാമത്ത് പണികൾ പഞ്ചായത്ത് നേരിട്ട് ചെയ്യിക്കാറില്ല.

തെരുവു വിളക്കുകൾ കത്തിക്കുന്നതിനുവേണ്ടി പ്രതിവർഷം ഒരു വലിയ തുകയാണ് ചിലവാകുന്നത്. 1995-96ൽ 2,23,441 രൂപ ചിലവായി.

95-96ലെ വരവ്-ചിലവുകളുടെ സംക്ഷിപ്തം കാണുക.

	വരവ്		ചിലവ്
1. നികുതികൾ	8,01,339.50	1. ഭരണം	6,32,764.95
2. ഗ്രാൻറുകൾ	6,07,808	2. പൊതുമരാമത്ത്	7,92,319.00
3. മറ്റു വരവുകൾ	3,60,426.46	3. വിദ്യാഭ്യാസം	19,356.25
		4. ജലവിതരണം, പൊതുജനാരോഗ്യം	14,220.00
		5. തെരുവ് വിളക്ക്	2,23,441.00
		6. മറ്റുള്ളവ	1,43,109.71
	17,69,593.96		18,25,210.90

Alphonsa Vpz.

മേൽ കണക്കിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ പ്രതിവർഷചിലവ് വരവിനെ കവച്ചുവയ്ക്കുന്നു എന്നു കാണാം.

വരുമാനം എങ്ങനെ



ഗ്രാൻറുകളുടെ വിഹിതങ്ങൾ



5 വർഷങ്ങളിലെ പ്രധാന നികുതി വരുമാനങ്ങൾ തമ്മിലുള്ള താരതമ്യം

കെട്ടിട നികുതി

വിനോദനികുതി



5 വർഷങ്ങളിലെ പ്രധാന ചെലവുകൾ തമ്മിലുള്ള താരതമ്യം

പൊതുമരാമത്ത്

ഭരണം



ഒരു ഗ്രാമത്തിന്റെ വിവിധങ്ങളായ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിനുള്ള സാമ്പത്തിക സ്ഥാപനങ്ങളുടെ സാന്നിധ്യം അവിടത്തെ ജനങ്ങളുടെയും ആ പ്രദേശത്തിന്റെ ആകെയും വികസനത്തിന് നിദാനമായ പ്രധാന ഘടകമാണ്. വാണിജ്യബാങ്കുകൾ, സഹകരണസംഘങ്ങൾ എന്നിവ കൂടാതെ അംഗീകാരമുള്ളതും ഇല്ലാത്തതുമായ പണമിടപാടു സ്ഥാപനങ്ങളും ഇതിൽപ്പെടുന്നു. വരാപ്പുഴയിൽ 3 വാണിജ്യബാങ്കുകളും ഒരു സഹകരണബാങ്കും ജനങ്ങളുടെ മിച്ചധനം നിക്ഷേപിക്കാനും വായ്പാവശ്യങ്ങൾ നിറവേറ്റാനും പ്രധാനമായും പ്രവർത്തിക്കുന്നു. അവ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ഫെഡറൽബാങ്ക്, കോർപറേഷൻ ബാങ്ക്, വരാപ്പുഴ സർവീസ് സഹകരണ ബാങ്ക് എന്നിവയാണ്. വരാപ്പുഴ പ്രദേശത്തെ ജനങ്ങളുടെ വായ്പാ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിന് വളരെ പ്രധാനപ്പെട്ട പങ്കാണ് ഇവ വഹിക്കുന്നത്.

	ബാങ്കിന്റെ പേര്	ലഭിച്ച നിക്ഷേപം (95–96) രൂപ.	കൊടുത്ത വായ്പ രൂപ.	നിക്ഷേപത്തിന്മേൽ വായ്പയുടെ ശതമാനം
1.	എസ്.ബി.ടി.	125 ലക്ഷം	111 ലക്ഷം	90%
2.	ഫെഡറൽ ബാങ്ക്	105 ലക്ഷം	41 ലക്ഷം	40%
3.	കോർപറേഷൻ ബാങ്ക്	40 ലക്ഷം	25 ലക്ഷം	62%
4.	വരാപ്പുഴ സർവീസ് സഹകരണബാങ്ക്	126 ലക്ഷം	583 ലക്ഷം	462%
	ആകെ	396 ലക്ഷം	760 ലക്ഷം	

മേൽ പട്ടിക പ്രകാരം നിക്ഷേപമായി സംഭരിച്ച തുകയും വായ്പയായി കൊടുത്ത മൊത്തം തുകയും തമ്മിലുള്ള അന്തരം ഗവേഷണാർഹമാണ്. നിക്ഷേപത്തിന്റെ 90% വായ്പയായി പൊതുമേഖലാ ബാങ്ക് കൊടുത്തപ്പോൾ 2 സ്വകാര്യബാങ്കുകൾ കൊടുത്തത് 40%വും 62%വും മാത്രമാണ്. സഹകരണ ബാങ്കാണെങ്കിൽ അവർ സമാഹരിച്ച നിക്ഷേപത്തിന്റെ 462% (നാലര ഇരട്ടി) വായ്പയായി ഈ പഞ്ചായത്ത് പ്രദേശത്തു തന്നെ ചിലവാക്കി. മുകളിൽ പറഞ്ഞ 4 സ്ഥാപനങ്ങളാണ് പഞ്ചായത്തിലെ ജനങ്ങളുടെ വായ്പാവശ്യങ്ങൾ പ്രധാനമായും നിറവേറ്റിയത് എന്ന നിഗമനത്തിൽ കണക്കാക്കിയാൽ 760 ലക്ഷം രൂപ വായ്പ നൽകിയതിൽ 76 ശതമാനവും സഹകരണബാങ്കാണ് നൽകിയിരിക്കുന്നത് എന്നു കാണാം. മറിച്ച്, സ്വകാര്യ വാണിജ്യ ബാങ്കുകളിലെ നിക്ഷേപത്തുകയുടെ സിംഹഭാഗവും പഞ്ചായത്തിന് പുറത്തേയ്ക്കാണ് പോകുന്നത് എന്ന നിഗമനത്തിലും എത്തേണ്ടി വരും.

പുത്തൻപള്ളി ധനവർദ്ധന കമ്പനി, വിതയത്തിൽ ചാരിറ്റീസ്, കുറ്റിക്കാട്ട് കുറീസ്, സാധുജന സഹായ നിധികൾ, മരണാനന്തര സഹായ സംഘങ്ങൾ തുടങ്ങി ഏതാനും സ്ഥാപനങ്ങളും ജനങ്ങളുടെ ധനകാര്യാവശ്യങ്ങൾ നിറവേറ്റുന്നതിൽ പങ്കാളികളാണ്.

ഒരു നാടിന്റെ വിഭവ സ്രോതസിനെപ്പറ്റി പഠിക്കുമ്പോൾ ഗൾഫ് വരുമാനത്തെ അവഗണിച്ചു കൂടാ. എന്നാൽ ഗൾഫിലും മറ്റു പുറം രാജ്യങ്ങളിലും ജോലി ചെയ്യുന്നവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. പഞ്ചായത്തിലെ തൊഴിൽ ശക്തിയുടെ 6–7% ഈ വിഭാഗത്തിൽപ്പെട്ടവരാണെന്ന് ഏകദേശമായി കണക്കാക്കാം. ബാങ്കുകൾ വഴിയുള്ള നിക്ഷേപ സമാഹരണത്തിന്റെ ഏകദേശം 25% ഗൾഫ് വരുമാനത്തിൽ നിന്നുള്ളവയാണെന്നാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ ഗൾഫ് പണം മൂലധന നിക്ഷേപത്തിന്റെ രംഗത്ത്, അതായത് വ്യവസായത്തിലും കൃഷിയിലും കാര്യമായി നിക്ഷേപിക്കപ്പെടുന്നില്ല. നാട്ടിലേയ്ക്കൊഴുകുന്ന വിദേശപണത്തിന്റെ വലിയ പങ്കും ഭൂമിയിലും കെട്ടിട നിർമ്മാണത്തിലുമായി നിക്ഷേപിക്കപ്പെടുകയാണ്. ഗൾഫ് മേഖലയിൽ പണിയെടുക്കുന്നവരിൽ ഭൂരിപക്ഷവും നിർമ്മാണ തൊഴിലാളികളാണ്. അവരിൽ പലരും സ്വന്തമായി ഒരു വീട് എന്ന ജീവിതലക്ഷ്യം സാക്ഷാത്കരിക്കാനുള്ള ധനസമാഹരണത്തിനാണ് ഗൾഫ് ജോലിക്കു പോകുന്നത്. അതുകൊണ്ട് ഗൾഫ് വരുമാനത്തിന്റെ നല്ലൊരു പങ്ക് മിച്ചധനമായി ഉൽപ്പാദനമേഖലകളിലേയ്ക്ക് തിരിച്ചുവിടാൻ സാധാരണഗതിയിൽ കഴിയില്ല. എന്നാൽ ബോധപൂർവമായ ബോധവൽക്കരണപരിപാടികൾ കൊണ്ട് ഇവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ ഉൽപ്പാദന മേഖലകളിലേയ്ക്ക് കുറെ പണം സ്വരൂപിക്കപ്പെടും. വീടു നിർമ്മാണത്തിൽ നിയന്ത്രണമേർപ്പെടുത്തുകയും ശരാശരി കുടുംബത്തിന് താമസിക്കാൻ കഴിയുന്നതിനേക്കാൾ വലിയ വീടുകൾ പണിയുന്ന പ്രവണത അവസാനിപ്പിക്കുകയും ചെയ്താൽ (പരമാവധി 1000 ചതു. അടി എന്ന രീതിയിൽ) ഉൽപ്പാദന മേഖലകളിൽ കൂടുതൽ പണം സ്വരൂപിക്കാൻ കഴിയും.

1991–ലെ സെൻസസ് പ്രകാരം 22,514 ആണ് പഞ്ചായത്തിലെ ജനസംഖ്യാ. ഇതിൽ 14000–ഓളം പേരെ തൊഴിൽ ശക്തിയിൽപ്പെടുത്താം തൊഴിലുള്ളവരും സ്ത്രീകളുൾപ്പെടെയുള്ള തൊഴിലില്ലാത്തവരും ഇതിൽപ്പെടും. തൊഴിലുള്ളവരിൽ നിർമ്മാണ തൊഴിലാളികൾ സമീപ പ്രദേശങ്ങളിലെ വ്യവസായ ശാലകളിൽ പണിയെടുക്കുന്നവർ, മൽസ്യബന്ധനരംഗത്ത് പ്രവർത്തിക്കുന്നവർ, വ്യാപാരി

കളും ഇതര സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്നവർ എന്നിങ്ങനെ ഓരോ മേഖലയിലേയും തൊഴിൽ ശക്തിയുമായി ബന്ധപ്പെടുത്തി ജനങ്ങളെ വിഭജിക്കാവുന്നതാണ്.

തൊഴിലില്ലാത്ത ചെറുപ്പക്കാരും സ്ത്രീകളും അദ്ധ്വാനശക്തിയുടെ നല്ലൊരു ഭാഗം വരും. ഇവരുടെ അദ്ധ്വാനശക്തിയെ ഫലപ്രദമായി പ്രയോജനപ്പെടുത്തിയാൽ പ്രാദേശിക വികസനരംഗത്ത് ഒരു കുതിച്ചു ചാട്ടത്തിന് സാധ്യതയുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാന സാധ്യതകൾ പ്രത്യേകിച്ചും നികുതി പിരിവ് പൂർണമായി ഉപയോഗപ്പെടുത്തായ്മ.
2. ഭരണച്ചെലവിലെ വർദ്ധന.
3. സന്നദ്ധ പ്രവർത്തനങ്ങളിലെ താൽപര്യക്കുറവും അത് ഏകോപിപ്പിക്കുന്നതിലെ കഴിവില്ലായ്മയും.
4. വികസന പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തക്കുറവുകൊണ്ട് മുഴുവൻ ജോലികളും കോൺട്രാക്ടർമാരെ ഏൽപ്പിക്കാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യം.
5. വാണിജ്യബാങ്കുകളിലെ സമാഹൃത സമ്പത്ത് ഈ പ്രദേശത്തു തന്നെ ഉപയോഗിക്കാതെ ഇതര സ്ഥലങ്ങളിലേയ്ക്ക് ഒഴുകിപ്പോകുന്ന പ്രവണത.
6. ഉപഭോക്തൃ സംസ്കാരത്തിന് കീഴ്പെട്ട് പണം ദുർവ്യയം ചെയ്യുന്ന സാമൂഹ്യാന്തരീക്ഷം മിച്ചധന സമാഹരണത്തിനും ഉൽപ്പാദനരംഗത്തുള്ള നിക്ഷേപങ്ങൾക്കും പ്രതികൂലമായ ഘടകങ്ങളാണ്.

സാധ്യതകൾ

1. നികുതി കണക്കാക്കുന്നതിൽ എടുക്കേണ്ട യുക്തിസഹമായ സമീപനവും കാലാനുസൃതമായ നികുതി പരിഷ്കരണവും.
2. വരുമാന വർദ്ധനയ്ക്കുതകുന്ന വിധത്തിൽ സ്ഥിര ആസ്തികൾ വർദ്ധിപ്പിക്കൽ.
3. ഭരണചെലവ് കുറയ്ക്കാൻ ആവശ്യമായ നിയന്ത്രണമേർപ്പെടുത്തൽ.
4. വികസന മേഖലകളെ പ്രധാന ധനകാര്യ സ്ഥാപനങ്ങളെക്കൊണ്ട് ദത്തെടുപ്പിക്കുകയും, അങ്ങിനെ വികസനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യണം.

(i) തിരഞ്ഞെടുക്കപ്പെട്ട കൃഷിയിടങ്ങളേയും കർഷകരേയും കേന്ദ്രീകരിച്ചുകൊണ്ട്, ഉൽപ്പാദന വർദ്ധനവിനുള്ള സമയബന്ധിത ലക്ഷ്യം മുന്നിൽ കണ്ട്, പ്രത്യേക വായ്പാ പദ്ധതി നടപ്പിലാക്കുക.

(ii) വ്യവസായ സംരംഭകരെ കണ്ടുപിടിച്ച്, കമ്പോള സാധ്യത കണ്ടുകൊണ്ടുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വായപകൾ നൽകൽ മാത്രമല്ല, വിപണി പ്രവേശം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സാങ്കേതികവും പ്രയോഗികവുമായ മാർഗദർശനങ്ങൾ നൽകി സംരംഭവും അതിന്റെ പ്രവർത്തനങ്ങളുമായി അടുത്ത സാമിപ്യം പുലർത്തുക.

(iii) സാമൂഹ്യാസ്തികൾ ഉണ്ടാക്കുകയും (റോഡ്, കലുങ്ക് എന്നിങ്ങനെ) അവയുടെ ഗുണഭോക്താക്കളിൽ നിന്നും പദ്ധതിക്ക് ചെലവായ തുക ഈടാക്കുന്നതിന് പ്രായോഗികമായ മാർഗങ്ങൾ (സെസ്സ് പിരിക്കൽ പോലെ) ബന്ധപ്പെട്ട സാമ്പത്തിക സ്ഥാപനങ്ങൾ അവലംബിക്കുകയും ചെയ്യുക (പിരിക്കുന്നതിന് പഞ്ചായത്തിന് സംവിധാനവും ഉപയോഗിക്കണം)

5. വികസന പ്രവർത്തനങ്ങൾക്കായി ബഹുജനസംഘടനകളുടെ സ്വാധീനം ഉപയോഗിക്കുക.
6. സന്നദ്ധ പ്രവർത്തനങ്ങളെ വികസനരംഗത്ത് ഏകോപിപ്പിക്കുന്നതിന് കർഷക സമിതികൾ, വികസന സമിതികൾ എന്നിങ്ങനെ സന്നദ്ധസംഘടനകൾ രജിസ്റ്റർ ചെയ്യുകയും സർക്കാർ തലത്തിലുള്ള സഹായപദ്ധതികൾ പരമാവധി ഉപയോഗപ്പെടുത്താനുള്ള പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുക.
7. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമെങ്കിൽ ജനങ്ങളിൽ നിന്നും സംഭാവനകൾ പിരിച്ചും സാമ്പത്തിക സമാഹരണം നടത്തണം.

Alphonsa Vpz.

'എള്ളോളം പൊന്നിനും
തന്നോളം വിശുദ്ധി'



പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്ത വരാപ്പുഴയിലെ ഏകസ്ഥാപനം
സ്വർണ്ണാഭരണങ്ങൾക്കായുള്ള വരാപ്പുഴയിലെ ഏറ്റവും വലിയ ഷോറൂം.



VARAPUZHA -683 517
(Via) Aluva, Ernakulam Dt.

PHONE

Off : 513031, 513131, 512321, 512331. Resi : 513077



Printed at: Kochappu & co's Alphonsa Memorial Press. Varapuzha. Phone - 513031, 513131, 512321, 512331 FAX : 91 - 484 - 512321